## 3.1501 മെല്ലെച്ചന്ദ്രൻ ചലിക്കുന്നൊരു. . . (കർത്താ)

സ്രഗ്ധര

മെല്ലെച്ചന്ദ്രൻ ചലിക്കുന്നൊരു മണിമയമാം കോടിയും മോടി കാളും
കല്ലും കണ്ണാടിയും ചേർന്നിഴകിയ ചുമരും തന്നിൽ നിന്നംഗമെല്ലാം
കല്യേ! ബിംബിച്ച ബിംബങ്ങളുമജമുഖരാം ഭൃത്യവർഗ്ഗങ്ങളും ചേർ–
ന്നല്ലോ കാണുന്നു നിന്മാളിക ഭുവനമഹാ രാജ്യരാജൈകരാജ്ഞി

കവി : **കുമാരനാശൻ** , കൃതി : *ആനന്ദലഹരി തർജ്ജമ*

## 3.1502 ക്ഷമയാണൊരു ഭൂഷണം. . . (ജ്യോതി)

തോടകം

ക്ഷമയാണൊരു ഭൂഷണമെന്നിനി നാം
കരുതേ, ണ്ടതു ദൂഷണമേറ്റധികം
കരയാനിടയാകരുതെന്നു നിന–
ച്ചുശിരോടെ വിവേകികളാകുക നാം!

കവി : **ജ്യോതിർമയി**

## 3.1503 കരഭം കരഭം. . . (ഉമേഷ്)

തോടകം

കരഭം കരഭം, കദളീ കദളീ
കരിരാജകരം കരിരാജകരം;
കുടിലാളക തൻ തുടകൾക്കു ദൃഢം
കിടയാ കിട മൂന്നലകിങ്കലുമേ.

കവി : **എ. ആർ.**

## 3.1504 കേട്ടീലയോ കിഞ്ചന. . . (കിച്ചു)

ഇന്ദ്രവജ്ര

കേട്ടീലയോ കിഞ്ചനവർത്തമാനം
നാട്ടിൽ പൊറുപ്പാനെളുതല്ല മേലിൽ
വേട്ടയ്ക്കു പോയാനൊരു യാദവൻ പോൽ
കൂട്ടം പിരിഞ്ഞിട്ടവനേകനായി

കവി : **കുഞ്ചൻ നമ്പ്യാർ**, കൃതി : *ശ്രീകൃഷ്ണചരിതം മണിപ്രവാളം*

## 3.1505 വീടീകരാഗ്രാ. . . (ഉമേഷ്)

ഇന്ദ്രവജ്ര

വീടീകരാഗ്രാ വിരഹാതുരാ സാ
ചേടീമവാദീദിഹ – ചിത്തജന്മാ
പ്രാണേശ്വരോ ജീവിതമർദ്ധരാത്രം
"ആയാതി നായാതി ന യാതി യാതി"

കവി : **കാളിദാസൻ**, കൃതി : *(സമസ്യാപൂരണം)*

## 3.1506 പാൽപ്പാത്രവും കൊണ്ടു. . . (ജ്യോതി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

പാൽപ്പാത്രവും കൊണ്ടു പുറത്തു പറ്റി–
ശ്ശാഠ്യം പിടിക്കുന്ന കിടാവു തന്നേ
ഇടയ്ക്കു ശാസിച്ചു ഗൃഹേശിയോരോ
പശുക്കളെച്ചേർത്തു കറന്നിടുന്നു

കവി : **കുറ്റിപ്പുറത്തു കേശവൻ നായർ**, കൃതി : *ഗ്രാമീണകന്യക*

## 3.1507 ഈ വന്ന ദീനമിനി. . . (ഉമ)

വസന്തതിലകം

ഈ വന്ന ദീനമിനി മാറിടുവാൻ പ്രയാസം
സേവിച്ചു നോക്കി പലമാതിരിയൗഷധങ്ങൾ
ദാമോദരപ്രണതവത്സല വാസുദേവാ
നീ മാത്രമാണിനിയെനിക്കൊരു ബന്ധു കൃഷ്ണാ

കവി : **ഓട്ടൂർ ഉണ്ണി നമ്പൂതിരിപ്പാട്**

## 3.1508 ദൃശാ ദ്രാഘീയസ്യാ. . . (ഉമേഷ്)[234]

ശിഖരിണി

ദൃശാ ദ്രാഘീയസ്യാ ദരദലിതനീലോൽപലരുചാ
ദവീയാംസം ദീനം സ്നപയ കൃപയാ മാമപി ശിവേ!
അനേനായം ധന്യോ ഭവതി ന ച തേ ഹാനിരിയതാ
വനേ വാ ഹർമ്മ്യേ വാ സമകരനിപാതോ ഹിമകരഃ

കവി : **ശങ്കരാചാര്യർ**, കൃതി : *സൗന്ദര്യലഹരി*

## 3.1509 അനുദിനം വിലയേറും. . . (ഹരി)

ദ്രുതവിളംബിതം

അനുദിനം വിലയേറുമൊരിന്ധന–
ച്ചുഴിയിലാണ്ടുഴലുന്നു മഹാജനം
പെരുകിടുന്നുപയോഗമതിൻ ഫലം
ഭുവനവും വനവും സമമായ് വരാം

കവി : **ഹരിദാസ്**

## 3.1510 പല വിധത്തിലുമുണ്ടു. . . (ഉമേഷ്)

ദ്രുതവിളംബിതം

പല വിധത്തിലുമുണ്ടു കുടിക്കുവാൻ
വിലയെഴും മധുരം; ബത ദോഹദേ
പുളിയെനിക്കു ഹിതം, രസികോത്തമർ–
***ക്കുലമണേ, ലമണേഡു കുടിച്ചു ഞാൻ!***

കവി : **ഉമേഷ് നായർ**

---

[234] [*ഉമേഷ്*] **ശ്ലോകം 3.1508 :** പരിഭാഷ (സി. വി. വാസുദേവ ഭട്ടതിരി) :

നീലാബ്ജശ്രീ തഴയ്ക്കും നെടിയ നയനമീയെന്റെ മേൽ ചെറ്റു ചേർക്കൂ
ലോലാപാംഗീ, നിനക്കില്ലൊരു കുറവതിനാൽ ധന്യനാം പാവമീ ഞാൻ
കാലാരിപ്രാണനാഥേ, മുഴുമതികിരണം മേടമേലെന്നവണ്ണം
ചേലോടേ ചേർന്നിടുന്നൂ ചെറിയ കുടിലിലും കാട്ടിലും ഭേദമെന്യേ.

## 3.1511 പുലരുവോളമിരുന്നു. . . (ഹരി)

ദ്രുതവിളംബിതം

പുലരുവോളമിരുന്നു ലസിക്കുവാൻ
പലതരം വിഭവം തരമായിടാം
കവനമീവിധമായതിനൊത്തുമ–
റ്റൊരുരസം വിധി തീർത്തതുമില്ലപോൽ

കവി : **ഹരിദാസ്**

## 3.1512 കേൾക്കേണ്ടാതോ വിനോദാന്തരം. . . (കർത്താ)

സ്രഗ്ദ്ധര

കേൾക്കേണ്ടാതോ വിനോദാന്തര, മൊരു മനുജോ രാവണൻ തൻ ഭഗിന്യാ
മൂക്കും പോർകൊങ്കയും ച്ഛേദിച്ചു; നിശിചരി വന്നിട്ടു നീളെക്കരഞ്ഞാൾ;
ഊക്കെല്ലാം നിൽക്ക; നമ്മോട്ടുടനെളിയവരോടെങ്കിലാമെന്നു മോദം
വായ്ക്കും നാട്ടാർ ചിരിക്കുന്നതു സപദി പൊറായുന്നിതെല്ലായിലും മേ.

കവി : **പൂനം നമ്പൂതിരി**, കൃതി : *രാമായണം ചമ്പു*

## 3.1513 ഉണരുവി, നണിചിന്നിച്ചംബരം. . . (ഉമേഷ്)[235]

മാലിനി

ഉണരുവി, നണിചിന്നിച്ചംബരം വിട്ട താരാ–
ഗണമൊടിരവിനേയും സത്വരം ദൂരെയാക്കി
അണയുമരുണനെയ്‌വൂ രമ്യമാം ചെങ്കതിർപ്പൊൻ–
കണ, നരപതി മേവും മേട തൻ മേൽപ്പുരപ്പിൽ.

കവി : **ജി. ശങ്കരക്കുറുപ്പ്**, കൃതി : *ഉമർ ഖയ്യാം തർജ്ജമ*

## 3.1514 ആമ്നായാഭ്യസനാനരണ്യരുദിതം. . . (വിശ്വപ്രഭ)

ശാർദ്ദൂലവിക്രീഡിതം

ആമ്നായാഭ്യസനാനരണ്യരുദിതം വേദവ്രതാന്യന്വഹം
മേദച്ഛേദഫലാനി പൂർത്തിവിധയസ്സർവ്വേ ഹുതം ഭസ്മനി
തീർത്ഥാനാമവഗാഹനാനി ച ഗജസ്നാനം വിനാ യത്പദ–
ദ്വന്ദ്വാംഭോരുഹസംസ്മൃതിം വിജയതേ ദേവസ്സനാരായണഃ

## 3.1515 തോൽക്കും വാതു പറഞ്ഞു. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

തോൽക്കും വാതു പറഞ്ഞു നേർക്കുമുടനേ ഭൂയോ നിരത്തും നളൻ,
നോക്കും പുഞ്ചിരിയിട്ടു പുഷ്കര, നിരിക്കുമ്പോൾ രസിക്കും വൃഷം,
വായ്ക്കും ദൈവഗതിക്കു നീക്കമൊരുനാളുണ്ടോ? ധനം രാജ്യവും
ശീഘ്രം തച്ചു പറിച്ചുകൊണ്ടു നളനോടിത്ത്യൂചിവാൻ പുഷ്കരൻ.

കവി : **ഉണ്ണായി വാരിയർ**, കൃതി : *നളചരിതം ആട്ടക്കഥ*

[235] [*ഉമേഷ്*] **ശ്ലോകം 3.1513 :** മൂലപദ്യം (ഉമർ ഖയ്യാം) :

WAKE! For the Sun, who scatter'd into flight
The Stars before him from the Field of Night,
    Drives Night along with them from Heav'n, and strikes
The Sultan's Turret with a Shaft of Light.

## 3.1516 വിദ്യാദാനവിശാരദാ. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

വിദ്യാദാനവിശാരദാ വിനമതാം ബാലേന്ദുരാജജ്ജടാ–
ജ്ജൂടാ ശാരദ നീരദാവലിരുചീനീകാരദാ ശാരദാ
ശബ്ദബ്രഹ്മമയീ വിരിഞ്ചിവദനാംഭോജന്മരംഗസ്ഥലീ–
ശൈലൂഷീ ലഘു മോമുഷീതു ശമലം മേ ശേമുഷീ മേയുഷീഃ

കവി : **മാനവേദരാജാ**, കൃതി : *പൂർവഭാരതചമ്പു–ഒരു സരസ്വതീവന്ദനശ്ലോകം*

## 3.1517 ശാന്താകാരം ഭുജഗശയനം. . . (കിച്ച)

മന്ദാക്രാന്ത

ശാന്താകാരം ഭുജഗശയനം പദ്മനാഭം സുരേശം
വിശ്വാധാരം ഗഗനസദൃശം മേഘവർണം ശുഭാംഗം
ലക്ഷ്മീകാന്തം കമലനയനം യോഗിഭിർധ്യാനഗമ്യം
വന്ദേ വിഷ്ണും ഭവഭയഹരം സർവലോകൈകനാഥം

കൃതി : *വിഷ്ണുസഹസ്രനാമം ധ്യാനശ്ലോകം*

## 3.1518 ലളിതമാണിതു. . . (ഉമേഷ്)

ദ്രുതവിളംബിതം

ലളിതമാണിതു കൂട്ടുവതിന്നു, മെയ്
തളരുമേവനുമേറ്റവുമാശ്രയം,
വളരെ വൈറ്റമിനു, ണ്ടതിനാൽ ഭിഷക്–
***കുലമണേ, ലെമണേഡു കുടിച്ചു ഞാൻ!***

കവി : **ഉമേഷ് നായർ**, കൃതി : *(സമസ്യാപൂരണം)*

## 3.1519 വിശ്വാലങ്കാരഭൃത. . . (വിശ്വപ്രഭ)

സ്രഗ്ദ്ധര

വിശ്വാലങ്കാരഭൃത സ്വയമഭിരമസേ നവ്യലങ്കാരമാർഗ്ഗേ
നീതൗ കാവ്യപ്രകാശാ പുനരപി ഭജസേ ചാരുകാവ്യപ്രകാശം
തേനൈവം പൗനരുക്ത്യം ഭജസി യദധുനാ രാജരത്നാങ്കരത്വം
തന്മന്യേ സാധു താവന്നവര യമകതാമാദധാസി പ്രജാനാം.

കവി : **മേൽപ്പത്തൂർ**, കൃതി : *മാടരാജപ്രശസ്തി*

## 3.1520 തനീയാംസം പാംസും. . . (ജ്യോതി)[236]

ശിഖരിണി

തനീയാംസം പാംസും തവചരണപങ്കേരുഹഭവം
വിരിഞ്ചിസ്സഞ്ചിന്വൻ വിരചയതി ലോകാനവികലം
വഹത്യേനം ശൗരിഃ കഥമപി സഹസ്രേണ ശിരസാ
ഹരഃ സംക്ഷുദ്യൈനം ഭജതി ഭസിതോദ്ധൂളനവിധിം

കവി : **ശങ്കരാചാര്യർ**, കൃതി : *സൗന്ദര്യലഹരി*

---

[236] [*ഉമേഷ്*] ശ്ലോകം **3.1520 :** പരിഭാഷ (സി. വി. വാസുദേവ ഭട്ടതിരി) :
നിൻ കാൽത്തണ്ടാരിലെപ്പൂമ്പൊടിയതൊരു ലവം ചേർത്തു ലോകങ്ങളെല്ലാം
ശങ്കാപേതം ചമപ്പൂ സരസിജഭവനാം ദേവനായാസമെന്യേ;
നിങ്കൽ ഭക്ത്യാ രമേശൻ വിമലമതു ഷിരസ്സായിരം കൊണ്ടുമേന്തും;
പങ്കം പറ്റായ്‌വതിന്നായ് ഗിരിശനതുടലിൽ ഭസ്മമായ് പൂശിടുന്നു.

## 3.1521 വെണ്ണക്കാർവർണ്ണനണ്ണിക്കൊരു. . . (വിശ്വപ്രഭ)

സ്രഗ്ധര

വെണ്ണക്കാർവർണ്ണനണ്ണിക്കൊരുദിനമിളയാതെണ്ണ ചാർത്തിക്കുളിപ്പി–
ച്ചെണ്ണം കൂടാതലങ്കാരവുമതിസരസം ചന്ദനച്ചാർത്തുമെല്ലാം
കണ്ണിന്നാനന്ദമേകം തിരുവുടൽവടിവും പുണ്യവാന്മാർക്ക ചിത്തേ
പുണ്യാനന്ദം കൊടുക്കുന്നൊരു തിരുമുഖവും കണ്ണിണക്കുത്സവം മേ!

## 3.1522 ക്വണൽകാഞ്ചീദാമാ. . . (ജ്യോതി)[237]

ശിഖരിണി

ക്വണൽകാഞ്ചീദാമാ കരികളഭകുംഭസ്തനനതാ
പരിക്ഷീണാ മധ്യേ പരിണതശരാച്ചന്ദ്രവദനാ
ധനുർബ്ബാണാൻ പാശം സൃണിമപി ദധാനാ കരതലേ
പുരസ്താദാസ്താം നഃ പുരമഹി തു രാഹോഃ പുരുഷികാ

കവി : **ശങ്കരാചാര്യർ**, കൃതി : *സൗന്ദര്യലഹരി*

## 3.1523 ധർമ്മാത് ഖ്യാതതമേ. . . (വിശ്വപ്രഭ)

ശാർദ്ദൂലവിക്രീഡിതം

ധർമ്മാത് ഖ്യാതതമേ ദ്വിജാധിപകുലേ ജാതോഹ, മേഷാ ച മേ
മാതാ, പാവനജന്മതാമഭിവഹൻ നന്വേഷ മേ സോദരഃ
കിഞ്ചാഖണ്ഡലസത്പ്രമോദജനകോ ഭ്രാതാ മമായം പരോ,
നാസത്യോദിതമത്ര വിദ്ധി സഹജദ്വന്ദ്വം മമൈതാവപി.

കവി : **മേൽപ്പുത്തൂർ**, കൃതി : *മഹാഭാരതം ചമ്പു*

## 3.1524 കിം മേ സ്വർഗ്ഗേണ യസ്മാത്. . . (കർത്താ)[238]

സ്രഗ്ധര

കിം മേ സ്വർഗ്ഗേണ യസ്മാത് പതതി ഖലു ജനഃ സ്വസ്വപുണ്യാവസാനേ
കിംവാസത്യാദിലോകൈർ ഭുവനവിലയനേ യേ∫പി നാശം വ്രജന്തി
യന്നിത്യം നിസ്തമസ്കം വിലസിതപുനരാവൃത്തിഹീനം പദംതദ്–
ബ്രഹ്മദ്ധ്യാനാവദഗ്ധാഖിലകലുഷചയോ യാമി സർവം വിഹായഃ

---

[237] [*ഉമേഷ്*] **ശ്ലോകം 3.1522 :** പരിഭാഷ (സി. വി. വാസുദേവ ഭട്ടതിരി) :

കൊമ്പൻ തൻ കുംഭമൊക്കും കുചഭര, മനിശം കിങ്കിണീനാദഘോഷം,
സമ്പൂർണ്ണേന്ദുപ്രകാശം തടവിന വദനം, പിന്നെ മെല്ലിച്ച മധ്യം,
അമ്പും വില്ലും കരത്തിൽ ചിതമൊടു കയറും തോട്ടിയും ചേർന്ന മട്ടെൻ
മുമ്പിൽ കാണായ് വരട്ടേ പുരരിപുഭഗവാനുള്ളൊരക്ഷീണഗർവ്വം.

[238] [*കർത്താ*] **ശ്ലോകം 3.1524 :** പരിഭാഷകൾ:

**ശീവൊള്ളി ദാമോദരൻ നമ്പൂതിരി:**

എന്തിന്നാവിണ്ണെനിയ്ക്കിന്ദ്രനുമിടിവുവരും സ്വന്തകർമ്മത്തിനോടോ–
ത്തെന്തിന്നാ സത്യലോകാദിയും, ഇവനവയും കല്പകാലേ നശിക്കും,
എന്തോന്നാവൃത്തിയെന്യേ തെളിവൊടു വിലസീടുന്ന പാപങ്ങൾ സച്ചിൽ–
ധ്യാനത്താൽ ചുട്ടെരിച്ചാ സ്ഥിരപദമഖിലം വിട്ടു പൂകുന്നിതാ ഞാൻ.

**വെളുത്താട്ട് നാരായണൻ നമ്പൂതിരി:**

തൻ തൻ പുണ്യങ്ങൾതീരുമ്പൊഴുതുവിഴുമൊരസ്വർഗ്ഗമെന്തിന്നെനിയ്ക്കു–
ങ്ങെന്തിന്നസ്സത്യലോകാദികൾ, അതു വിലയം കല്പനാശത്തിലേപ്പൂ
എന്തോന്നാവൃത്തിയില്ലാ; തിരുളൊഴിയുവതാനിത്യലോകത്തുസച്ചിൽ
ധ്യാനാൽ പാപങ്ങൾ പോക്കിട്ടിവനിഹമുഴുവൻ വിട്ടിതാ പോകയായി!

കവി : **ശീവൊള്ളി**

## 3.1525 യേഷാമയം ശാശ്വതികോ. . . (വിശ്വപ്രഭ)

ഇന്ദ്രവജ്ര

യേഷാമയം ശാശ്വതികോ വിരോധഃ
തേഷാമഹോ ദ്വന്ദ്വസമുത്സുകാനാം
ദ്രാഗേകവദ്ഭാവമഹോ വിധാസ്യ–
ന്നന്ധോ നൃപശ്ശാബ്ദികവദ് ബഭാസേ!

കവി : **മേൽപ്പത്തൂർ**, കൃതി : *മഹാഭാരതം ചമ്പു*

## 3.1526 ദേവാനുഭാവധരനുത്തര. . . (ഉമേഷ്)[239]

വസന്തതിലകം

ദേവാനുഭാവധരനുത്തരദിക്കിലുണ്ടു
മേവുന്നു മാമല ഹിമാലയനാമധേയൻ
ആഴിക്കു രണ്ടിനുമിടയ്ക്കു കിടക്കയാലീ–
യൂഴിക്കെഴുമുളവുചങ്ങലയെന്ന പോലെ.

കവി : **എ. ആർ. രാജരാജവർമ്മ**, കൃതി : *കുമാരസംഭവം തർജ്ജമ (ഒന്നാം ശ്ലോകം)*

## 3.1527 അനന്തരത്നപ്രഭവസ്യ. . . (വിശ്വപ്രഭ)[240]

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

അനന്തരത്നപ്രഭവസ്യ യസ്യ
ഹിമം ന സൗഭാഗ്യവിലോപി ജാതം
ഏകോ ഹി ദോഷോ ഗുണസന്നിപാതേ
നിമജ്ജതീന്ദോഃ കിരണേഷ്വിവാങ്കഃ

കവി : **കാളിദാസൻ**, കൃതി : *കുമാരസംഭവം (1:3)*

## 3.1528 ഏലസ്സുപൊന്മണിചിലമ്പുകൾ. . . (ഹരി)

വസന്തതിലകം

ഏലസ്സുപൊന്മണിചിലമ്പുകൾ പൊന്നരഞ്ഞാൺ
മേളിച്ചകൈവളകൾ മോതിരവും ഗളാന്തേ
മൗലിക്കണിഞ്ഞ മലർമാലകൾ പീലിയും മേ
ബാലത്വവും വദനപങ്കജവും തൊഴുന്നേൻ

കവി : **പൂന്താനം** , കൃതി : *ശ്രീകൃഷ്ണകർണാമൃതം*

---

[239] *[ഉമേഷ്]* ശ്ലോകം **3.1526 :** മൂലശ്ലോകം (**കാളിദാസൻ**) :

അസ്ത്യുത്തരസ്യാം ദിശി ദേവതാത്മാ
ഹിമാലയോനാമ നഗാധിരാജഃ
പൂർവാപരൗ തോയനിധീ വഗാഹ്യ
സ്ഥിതഃ പൃഥിവ്യാ ഇവ മാനദണ്ഡഃ

[240] *[ഉമേഷ്]* ശ്ലോകം **3.1527 :** പരിഭാഷ (**എ. ആർ. രാജരാജവർമ്മ**) :

മഞ്ജുത്വമാർന്ന മണിരാശി പെറും മലയ്ക്കു
മഞ്ഞിന്റെ ബാധയഴകിന്നൊരു ഹാനിയല്ല
മുങ്ങുന്നപോൽ ഗുണഗണങ്ങളിലൊറ്റ ദോഷ–
മങ്കം ശശാങ്കകിരണങ്ങളിലെന്നപോലെ

### 3.1529 മന്ദാകിനീസൈകത. . . (വിശ്വപ്രഭ)

ഇന്ദ്രവജ്ര

മന്ദാകിനീസൈകതവേദികാഭിഃ
സാ കന്ദുകൈഃ കൃത്രിമപുത്രകൈശ്ച
രേമേ മുഹുർ മധ്യഗതാ സഖീനാം
ക്രീഡാരസം നിർവിശതീവ ബാല്യേ

### 3.1530 രേ രേ കർണ്ണ രണത്തിനായ്. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

രേ രേ കർണ്ണ, രണത്തിനായ് വരിക, നിൻ സാമർത്ഥ്യവും ബന്ധുവാ–
യോരക്കൗരവരാജനിത്തിരിസഹായിക്കുന്നതും കാണണം
മാരാരാതികൃപാവിലാസമിവനുണ്ടെന്നാകിൽ വൈകാതെ നീ
ചേരും കാലനികേതനത്തിലതിനീ ലക്ഷ്മീശനും സാക്ഷിയാം

കവി : **നടുവത്തച്ഛൻ**, കൃതി : *ഭഗവദ്ദൂത്*

### 3.1531 മെല്ലെന്നു സൗരഭവുമൊട്ടു. . . (ജ്യോതി)

വസന്തതിലകം

മെല്ലെന്നു സൗരഭവുമൊട്ടു പരന്നു ലോക–
മെല്ലാം മയക്കി മരുവുന്നളവന്നു നിന്നെ
തെല്ലോ കൊതിച്ചനുഭവാർഥികൾ ചിത്തമല്ല–
തില്ലാർക്കുമീഗുണവു, മേവമകത്തു തേനും.

കവി : **കുമാരനാശാൻ**, കൃതി : *വീണപൂവ്*

### 3.1532 തൃക്കാൽക്കൽ വീണീടിന. . . (ഉമ)

ഇന്ദ്രവജ്ര

തൃക്കാൽക്കൽ വീണീടിന ശിഷ്യനേയും
കൃത്താംഗനായ്ത്തീർന്ന തനൂജനേയും
കാരുണ്യ വാൽസല്യകഷായമായ
കണ്ണാൽ നിരീക്ഷിച്ചു കലേശചൂഡൻ

കവി : **വള്ളത്തോൾ**, കൃതി : *ശിഷ്യനും മകനും*

### 3.1533 കാർകൊണ്ടുമിണ്ടാത്തൊരു. . . (രാജേഷ്)[241]

ഇന്ദ്രവജ്ര

കാർകൊണ്ടുമിണ്ടാത്തൊരു കൊണ്ടൽ പോലെ
കല്ലോലമില്ലാതെഴുമാഴി പോലെ
കാട്ടിൽപ്പെടാദ്ദീപവുമെന്നപോലെ
നിഷ്പന്ദമായ് പ്രാണനടക്കിവെച്ചും

കവി : **എ. ആർ. രാജരാജ വർമ്മ**, കൃതി : *ഭാഷാകുമാരസംഭവം*

[241] [*ഉമേഷ്*] ശ്ലോകം **3.1533 :** മൂലശ്ലോകം (**കാളിദാസൻ**) :

അവൃഷ്ടിസംരംഭമിവാംബുവാഹ,-
മപാമിവാധാരമനുത്തരംഗം,
അന്തശ്ചരാണാം മരുതാൻ നിരോധാ-
ന്നിവാതനിഷ്കമ്പമിവ പ്രദീപം.

## 3.1534 കുംഭികുംഭകുചകുംഭകുംകുമ. . . (കർത്താ)

കുസുമമഞ്ജരി

കുംഭികുംഭകുചകുംഭകുങ്കുമ വിശുംഭിശംഭു ശുഭസംഭവാ
ജൃംഭിജംഭരിപു ജൃംഭളസ്തനി നിഷേവ്യമാണ ചരണാംബുജാ
ഡിംഭകുംഭിമുഖ ബാഹുലേയലസദങ്കകാ വിധുരപങ്കകാ
ഡാംഭികാസുരനിശുംഭശംഭുമഥിനീ തനോതു ശിവമംബികാ.

കവി : **ശ്രീനാരായണ ഗുരു**, കൃതി : *ദേവീപ്രണാമദേവ്യഷ്ടകം*

## 3.1535 ഡിംഭ, വീട്ടിൽ വലിഞ്ഞുകേറി. . . (ജ്യോതി)

മല്ലിക

"ഡിംഭ, വീട്ടിൽ വലിഞ്ഞുകേറി വരുന്നതെന്തിനു നീ വൃഥാ
ഇന്നുതന്നെ യിറങ്ങണം പടി, യെന്തു നീ വല വീശിയോ!"
കേട്ടു ഞെട്ടിയുണർന്ന, തെന്നുടെ കൺതുറപ്പവരാരഹോ
എട്ടുകാലികൾ പാറ്റയും മമ വീട്ടിനുള്ളവകാശികൾ

കവി : **ജ്യോതിർമയി**

## 3.1536 കുളിരുകോരിടുമപ്പുലർ. . . (ഹരി)

ദ്രുതവിളംബിതം

കുളിരുകോരിടുമപ്പുലർവേളയിൽ
കുളികഴിഞ്ഞു കുളക്കരെ നിന്നവർ
കളികളാൽ വരവേൽപ്പു, മഹാശയൻ
കളവകന്ന മഹാബലി മന്നനെ

കവി : **ഹരിദാസ്**

## 3.1537 കരങ്ങളിൽ കംബുഗദാരി. . . (വിശ്വപ്രഭ)

ഇന്ദ്രവജ്ര

കരങ്ങളിൽ കംബുഗദാരിപദ്മം
ധരിച്ചു വാഴും വിബുധൈകവേദ്യൻ
പെരിങ്ങരെത്തേവരെനിക്കു വേണ്ടും
വരങ്ങൾ നൽകാനിത കൈ തൊഴുന്നേൻ!

## 3.1538 പവനസുതനെയും. . . (കർത്താ)

പുഷ്പിതാഗ്ര

പവനസുതനെയും വണങ്ങിയേറ്റം
നവവിരഹാസഹനായ സവ്യസാചി
ജവമനുജരെയും പുണർന്നുപിന്നെ–
ക്കുവലയനേർമിഴി തന്റെ പാർശ്വമെത്തി.

കവി : **പന്തളം കേരളവർമ്മ**, കൃതി : *വിജയോദയം*

## 3.1539 ജടാടവീഗളജ്ജല. . . (വിശ്വപ്രഭ)

പഞ്ചചാമരം

ജടാടവീഗളജ്ജലപ്രവാഹപാവിതസ്ഥലേ
ഗളേ∫വലംബ്യ ലംബിതാം ഭുജംഗതുംഗമാലികാം
ഡമഡ്ഡമഡ്ഡമന്നിനാദവഡ്ഡമഡ്ഡമർവ്വയം
ചകാര ചണ്ഡതാണ്ഡവം തനോതു നഃ ശിവഃ ശിവം.

കവി : **രാവണൻ**, കൃതി : *ശിവതാണ്ഡവസ്തോത്രം*

## 3.1540 ഡംഭാലസ്ഥതപൂണ്ട. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

ഡംഭാലസ്ഥത പൂണ്ട വൈശ്രവണനങ്ങന്നാൾ ക്ഷണിച്ചു പ്രിയം
കുംഭീന്ദ്രാനനനെപ്പുരേ രുചിയെഴും പ്രാതൽ ഭുജിച്ചീടുവാൻ
വമ്പൻ പന്തലൊടൊപ്പമങ്ങഖിലവും തീർത്താക്കുബേരന്നെയും
കുമ്പക്കുള്ളിലൊതുക്കുവാനണയുമാ ശംഭ്രസുതൻ രക്ഷ മാം

കവി : **ഹരിദാസ്**

## 3.1541 വരജട, വിവിധാക്ഷമാല. . . (ഉമ)

പുഷ്പിതാഗ്ര

വരജട, വിവിധാക്ഷമാല, മാന്തോൽ,
മരവുരി സർവ്വശരീരഭസ്മലേപം
പരമിതുകളിലൊന്നിലും മറഞ്ഞീ–
ലുരപെറുമാ യുവതാപസന്റെ ദർപ്പം

കവി : **വള്ളത്തോൾ**, കൃതി : *ശിഷ്യനും മകനും*

## 3.1542 പരുഷമൊഴിയിവണ്ണം. . . (ഉമേഷ്)

പുഷ്പിതാഗ്ര

പരുഷമൊഴിയിവണ്ണമൂഴിദേവൻ
പറവതു കേട്ടു കുമാരി പിൻതിരിഞ്ഞാൾ;
മുഖമതിലധരം വിറച്ചു, ചില്ലി–
ക്കൊടികൾ ചുളിഞ്ഞു, കലങ്ങി കണ്ണിനറ്റം.

കവി : **എ. ആർ. രാജരാജവർമ്മ / കാളിദാസൻ**, കൃതി : *കുമാരസംഭവം തർജ്ജമ*

## 3.1543 മന്നിൽക്കോളാർന്നിരമ്പും. . . (ഹരി)

സ്രഗ്ദ്ധര

മന്നിൽക്കോളാർന്നിരമ്പും ജലനിധി, മുകളിൽ ചാരുതാരാ സമൂഹം,
ചിന്നിക്കാണും നഭോമണ്ഡല, മതിനു നടുക്കുജ്ജ്വലിക്കുന്ന ചന്ദ്രൻ,
എന്നിസ്സർവ്വേശസൃഷ്ടിക്രമമഹിമ കുറിക്കുന്ന വസ്തുക്കളെല്ലാ–
മൊന്നിച്ചാഹന്ത കാൺകെക്കരളിടയിലഹംബുദ്ധി നിൽക്കുന്നതാണോ?

കവി : **വി.സി ബാലകൃഷ്ണപ്പണിക്കർ** , കൃതി : *വിശ്വരൂപം*

## 3.1544 എന്തിത്ര വെമ്പലിഹ. . . (ഉമ)

വസന്തതിലകം

"എന്തിത്ര വെമ്പലിഹ തെല്ലിട നിൽക്ക; താത–
നന്തഃപുരേ കിമപി വിശ്രമമേൽക്കയത്രേ"
ചന്തത്തിലേവമുരചെയ്തു ഗണേശനപ്പോൾ
തൻ തമ്പിയായ്ക്കരുതുമാ ദ്വിജനെത്തടുത്താൻ

കവി : **വള്ളത്തോൾ**, കൃതി : *ശിഷ്യനും മകനും*

## 3.1545 ചാർത്തീടുംന്നഗജാലം. . . (ഗോപകുമാർ)

സ്രഗ്ദ്ധര

ചാർത്തീടും നാഗജാലം തിരുമുടിയിലിളംതിങ്കളാകാശതോയം
പാർത്താൻ ചിത്രം ചരിത്രം തിരുവുടലൊരു നേർപാതി നാരീവിലാസം
പാർത്തട്ടിൽ കീർത്തിപൊങ്ങും പരമനിലയമായ് കാഞ്ഞിരങ്ങാട്ടു മേവും
മൂർത്തേ, രോഗാർത്തവൈദ്യ, ത്രിപുരഹര, പരബ്രഹ്മമേ കൈതൊഴുന്നേൻ!

## 3.1546 പ്രവാളപ്രഭാ മഞ്ജു. . . (ജ്യോതി)

ഭുജംഗപ്രയാതം

പ്രവാളപ്രഭാ മഞ്ജുഭൂഷാന്വിതാംഗീ
രസാസ്വാദതൃഷ്ണാം സമുദ്ദീപയന്തീ
ശരച്ചന്ദ്രികാശീതദാത്രീ ച മേ വാക്
ഭവേത് സർവ്വദാ സർവ്വകാമപ്രദാത്രീ

കവി : **ജ്യോതിർമയി**

## 3.1547 ശങ്കാപേതമുദിക്കമർത്ഥരുചി. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

ശങ്കാപേതമുദിക്കമർത്ഥരുചിയെ, ങ്ങെങ്ങാ വെറും ശബ്ദമാ–
മങ്കോലക്കുരുവിന്റെയെണ്ണയിലെഴുന്നജ്ജാലകൗതൂഹലം?
ഹുങ്കാരത്തിലൊതുങ്ങുമോ പരഗുണോത്കർഷങ്ങൾ? ഉണ്ടൂഴിയിൽ
പൂങ്കോഴിപ്രകരത്തിനും സ്ഥലമഹോ! പുംസ്കോകിലങ്ങൾക്കുമേ.

കവി : **കുമാരനാശാൻ**, കൃതി : *പ്രരോദനം*

## 3.1548 ഹാ, പുഷ്പമേ, അധികതുംഗ. . . (ജ്യോതി)

വസന്തതിലകം

ഹാ, പുഷ്പമേ, അധികതുംഗപദത്തിലെത്ര
ശോഭിച്ചിരുന്നിതൊരു രാജ്ഞി കണക്കയേ നീ
ശ്രീ ഭൂവിലസ്ഥിര–അസംശയ–മിന്നു നിന്റെ–
യാഭൂതിയെങ്ങു പുനരെങ്ങു കിടപ്പിതോർത്താൽ?

കവി : **കുമാരനാശാൻ**, കൃതി : *വീണപൂവ്*

## 3.1549 ശ്രീനാനാരസനൃത്തമാർന്ന. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

ശ്രീനാനാരസനൃത്തമാർന്ന ഗുരുവിൻ സാക്ഷാൽ കടാക്ഷങ്ങളാൽ
ശ്രീനാരായണധർമ്മപാലനമഹായോഗം ജയിക്കുന്നിതേ
ഈ നാവായതിനുള്ള സൂക്തിനികരം ദുകം വിവേകോദയം
ഹാ നാട്ടുന്ന പദം വയസ്സിൽ വിഭവം താഴാതെയേഴാമതിൽ.

കവി : **കുമാരനാശാൻ**, കൃതി : *വിവേകോദയത്തിന് ആശംസ*

## 3.1550 ഇപ്പാരിപ്പാട്ടു കൽപിച്ചതിനുടെ. . . (ഉമേഷ്)

സ്രഗ്ദ്ധര

ഇപ്പാരിപ്പാട്ടു കൽപിച്ചതിനുടെ പരിരക്ഷയ്ക്കു കാപ്പിട്ടിരിപ്പോൻ,
പിൽപ്പാടപ്പോടഴിപ്പോ, നസുരകളുടെ രക്ഷയ്ക്കൊരുത്പാദമായോൻ,
പൊൽപ്പൂമാതാവിനുൾപ്പൂവലിയുമമ്മതൊടപ്പുഞ്ചിരിപ്പൂനിലാവ–
ത്തിപ്പാവത്തെപ്പുലർത്തീടണമിനി, കനിവുൾക്കൊണ്ടു കാർകൊണ്ടൽവർണ്ണൻ!

## 3.1551 പൂജിക്കാം ചെമ്പരത്തിപ്പൂമലർ. . . (കർത്താ)

സ്രഗ്ദ്ധര

പൂജിക്കാം ചെമ്പരത്തിപ്പൂമലരതിനണ്ടേറ്റ മാഹാത്മ്യമൊട്ടും
യോജിക്കാ നിന്റെ പക്ഷം കുതുകമൊടു കുറുപ്പത്തു കൊച്ചുണ്ണി മേനോൻ
രാജിക്കാൻ നന്ന കച്ചേരിയിലഥ കവനം പാർക്കുകിൽ കൊങ്ങിണിപ്പൂ–
രാജിക്കാണൊട്ടു ചേരുന്നതു മഹിമയവന്നില്ല പൂവിന്നുമില്ല.

കവി : **വെണ്മണി മഹൻ**, കൃതി : *കവിപുഷ്പമാല*

## 3.1552 രമാകാന്തം കാന്തം. . . (ഉമേഷ്)

ശിഖരിണി

രമാകാന്തം കാന്തം ഭവഭവഭയാന്തം ഭവസുഖം
ദുരാശാന്തം ശാന്തം സകലഹൃദി ഭാന്തം ഭുവനപം
വിവാദാന്തം ദാന്തം ദനുജനിചയാന്തം സുചരിതം
സദാ തം ഗോവിന്ദം പരമസുഖകന്ദം ഭജത രേ!

കൃതി : *ഗോവിന്ദാഷ്ടകം*

## 3.1553 വ്രജയുവതിജനത്തിൻ. . . (വിശ്വപ്രഭ)

മാലിനി

വ്രജയുവതിജനത്തിൻ വീടുതോറും നടന്നും
രജനിപകലശേഷം വെണ്ണപാൽ കട്ടുതിന്നും
നിജസഖികളുമായി ക്രീഡ ചെയ്യുന്ന കൃഷ്ണൻ
വ്രജിനമകലെനീക്കിക്കാത്തുകൊൾവാൻ തൊഴുന്നേൻ!

## 3.1554 നാനാവർണ്ണം കലർന്നാടകലൊടു. . . (കർത്താ)

സ്രഗ്ദ്ധര

നാനാവർണ്ണം കലർന്നാടകളൊടു ഭജനയ്ക്കെത്തിയോരൊത്തു നിൽക്കേ
തേനാളീടുന്നിതെന്നിൽ; ക്കനകവസനവും ചാർത്തി മേവുന്ന മൂർത്തേ!
ഞാനാലോചിപ്പിതപ്പോ, ളുടലിതുമുഴവൻ ദേഹി ഭേസുന്ന വസ്ത്രം
താനാണെ; ന്നെന്റെ ജീർണ്ണപ്രകൃതമുടുതുണിച്ചുറ്റിലേക്കുറ്റുനോക്കി!

കവി : **കരിമ്പുഴ രാമചന്ദ്രൻ**, കൃതി : *വസ്ത്രവിചാരം*

## 3.1555 ഞാനാവലാതി തിരുമുന്നിൽ. . . (ഉമ)

വസന്തതിലകം

ഞാനാവലാതി തിരുമുന്നിലുണർത്തിടുന്നേൻ
ആനന്ദ പൂർണ്ണനതു കേട്ടു ധരിച്ചിടേണം
ജന്മത്തിലാകെയഴലാണടിയന്റെ നേട്ടം
നീ മാത്രമാണിനിയെനിക്കൊരു ബന്ധു കൃഷ്ണാ

കവി : **ഓട്ടൂർ ഉണ്ണിനമ്പൂതിരിപ്പാട്**

## 3.1556 ജൃംഭിച്ച ലോഭമൊടു. . . (ഉമേഷ്)

വസന്തതിലകം

ജൃംഭിച്ച ലോഭമൊടു നൽപ്പുതുതേൻ കുടിക്കാൻ
ചുംബിച്ചു ചൂതകലികാമതികൈതവേന
അംഭോജിനീവസതിമാത്രകൃതാർത്ഥനായി–
ക്കിം ഭോ! മറന്നു കിതവ, ഭ്രമര, ത്വമേനാം?

കവി : **കേരളവർമ്മ വലിയകോയിത്തമ്പുരാൻ**, കൃതി : *ശാകുന്തളം തർജ്ജമ*

## 3.1557 അമരനാഥസുതന്ന്. . . (ഹരി)

ദ്രുതവിളംബിതം

അമരനാഥസുതന്നുളവായൊരാ
കൊടിയ ഗർവമശേഷമടക്കുവാൻ
ത്രിണയനൻ ഭഗവാൻ വനചാരിയായ്
മരുവി,യാ വരവിന്നുനമിപ്പു ഞാൻ

കവി : **ഹരിദാസ്**

## 3.1558 തദാ മുകുന്ദന്റെ. . . (ഉമ)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

തദാ മുകുന്ദന്റെ ഫണീന്ദ്ര തൽപ്പേ
മുദാ കളിച്ചും പുനരൊട്ടൊളിച്ചും
മിളൽപ്രമോദേന രമാസമീപേ
കളിച്ചു മേവുന്ന കുമാരകന്മാർ

കവി : **കുഞ്ചൻ നമ്പ്യാർ**, കൃതി : *മണിപ്രവാളം*

## 3.1559 മീതേ പോയ്ക്കത്തിമെത്തും. . . (വാസുദേവൻ)

സ്രഗ്ദ്ധര

മീതേ പോയ്ക്കത്തിമെത്തും നയനശിഖിശിഖാകാണ്ഡ, മേണാങ്ക ഖണ്ഡ–
സ്വേദാനാദായ വേദാനഴകിലുരുവിടും ചാരു വൈരിഞ്ചമുണ്ഡം.
പാതാളത്തോടലച്ചീടിന മകരമഹാകുണ്ഡലം, കൺകുളിർക്കെ
പ്രൗഢാഭോഗം, ജനൗഘാദദൃശുരഭിനവം കംസഹന്താരമാരാൽ.

## 3.1560 പേടിച്ചോട്ടം പുരടഹരിണ. . . (ഗോപകുമാർ)

മന്ദാക്രാന്ത

പേടിച്ചോട്ടം പുരടഹരിണക്കുട്ടിയെത്തോറ്റു തുന്നം–
പാടിച്ചീടും മിഴിയിലമൃതം പെയ്തു പെൺപൈതൽ നിന്നെ
പാടേ മാനിച്ചരികിൽ വരുമീ വാക്കു കേട്ടാൽ തദാ മേ
പാടെല്ലാം നീ പറയുക മറക്കാതെ മൽക്കാതരാക്ഷ്യൈ

കവി : **ശീവൊള്ളി** , കൃതി : *ദാത്യൂഹസന്ദേശം*

## 3.1561 പെറ്റമ്മ പോലുമിഹ പുത്രിയെ. . . (ഹരി)

വസന്തതിലകം

പെറ്റമ്മ പോലുമിഹ പുത്രിയെ മറ്റൊരാൾക്കു
വിറ്റിട്ടു വിത്തമതുവാങ്ങി ലസിച്ചിടുന്നു
ഏറ്റുന്നിതാധി, ധനമെന്നൊരുചിന്ത വീശും
കാറ്റത്തുപാറിയകലും ദൃഢമാത്മബന്ധം

കവി : **ഹരിദാസ്**

## 3.1562 ഏണിക്കൺകുന ചില്ലി പുഞ്ചിരി. . . (ദിലീപ്)

ശാർദ്ദൂലവിക്രീഡിതം

ഏണിക്കൺകുന ചില്ലി പുഞ്ചിരി കവിൾ ളുനെറ്റിയും വാണിയും
യോണീഭൂൽപ്രിയപുത്രി നിന്റെ വദനത്തിങ്കൽ തിളങ്ങുന്നിതേ
ബാണം മട്ടു ധനുസ്സു മട്ടു സിതമട്ടാമട്ടു കണ്ണാടിമ–
ട്ടേണാങ്കക്കല മട്ടുമട്ടുമധികം മട്ടുന്ന മട്ടുത്ഭുതം.

കവി : **വള്ളത്തോൾ**

## 3.1563 ബാലേന്ദുകലാചൂഡൻ. . . (കർത്താ)

ഗീതി

ബാലേന്ദുകലാചൂഡൻ
ബാലസഖൻ ബാഹുലേയനതിസുമുഖൻ
ഫാലാന്തരപടുനയനൻ
നീലസ്കന്ധൻ വരുന്നതെന്നയ്യോ!

കവി : **കുമാരനാശാൻ**, കൃതി : *സുബ്രഹ്മണ്യശതകം*

## 3.1564 ഫലിതമായുലകത്തിനെ. . . (രാജേഷ്)

ദ്രുതവിളംബിതം

ഫലിതമായുലകത്തിനെ നോക്കിനി–
ന്നലിവെഴുന്നൊരു പുഞ്ചിരി തൂകുവാൻ
മലമെഴാത്ത മഹാപുരുഷാകൃതേ,
നലമൊടിന്നടിയന്നു തുണയ്ക്കണേ

കവി : **രാജേഷ് ആർ. വർമ്മ**

## 3.1565 മറയുടെപൊരുൾതൊട്ടീമന്നിൽ. . . (ഹരി)

മാലിനി

മറയുടെ പൊരുൾ തൊട്ടീ മന്നിൽ വേണ്ടുന്നതൊട്ടു–
ക്കറിയുമരിയ കേമന്മാരിലൊന്നാമനായി
പെരിയൊരു പുകൾപാരിൽപ്പൊങ്ങിടും പാക്കനാരാം
പറയനെയറിയാത്തോർ പാരിടത്തിൽച്ചുരുങ്ങും

കവി : **കുണ്ടൂർ നാരായണമേനോൻ** , കൃതി : *പാക്കനാർ*

## 3.1566 പോവട്ടെ ഞാൻ വിട്ടു. . . (ഉമ)

വസന്തതിലകം

“പോവട്ടെ ഞാൻ വിട്ടു!” “വിടില്ല, കടന്നു കൂടാ!”
“ഛീ, വക്രവൃത്തി തുടരുന്നതു രാമനോടോ?”
ഏവം വഴക്കു മുറുകി, ദ്വിജദേവർ തമ്മിൽ–
ബ്ഭാവം പകർന്നു പിടിയും വലിയും തുടങ്ങി.

കവി : **വള്ളത്തോൾ**, കൃതി : *ശിഷ്യനും മകനും*

## 3.1567 എന്നിൽ പ്രിയം ലവവും. . . (ഉമേഷ്)[242]

വസന്തതിലകം

എന്നിൽ പ്രിയം ലവവുമില്ലിവനാഗ്രഹിപ്പോൾ;–
ക്കന്യാന്തരക്തയവ; ളന്യയിലിഷ്ടനായാൾ;
ഇന്നെന്നെയോർത്തപര ദുഃഖിത – എത്ര കഷ്ടം!
നിന്ദാർഹരാണവ, ളവൻ, സ്മര, നിന്നിവൾ, ഞാൻ!

കവി : **ഉമേഷ് നായർ / ഭർത്തൃഹരി**

## 3.1568 ഇഹരാജകുലത്തിൽ. . . (ഗോപകുമാർ)

വസന്തമാലിക

ഇഹ രാജകുലത്തിൽനിന്നു ചോറെൻ
ഗൃഹജന്മാർ പതിവായ്ബ്ഭുജിച്ചിരുന്നൂ
മഹനീയ മഹീശജീവനിന്നെൻ
മഹനീജ്ജീവിതനാശമാണയുക്തം

കൃതി : *പാന്നയുടെ ത്യാഗം*

## 3.1569 മുട്ടുമ്പോളുഴറിക്കിതച്ചു. . . (ദിലീപ്)

ശാർദ്ദൂലവിക്രീഡിതം

മുട്ടുമ്പോളുഴറിക്കിതച്ചു ഭഗവൻ! പാഞ്ഞെത്തി നിൻവാതിലിൽ
തട്ടുന്നൂ വിമനസ്സെഴാതെ ബിട്ടതം ചോദിച്ചതേകുന്നു നീ
ഒട്ടുള്ളാറുകിലൊ ഭ്രമത്തിലുഴറും വണ്ണം മനത്തട്ടിതാ
പൊട്ടുന്നൂ ഭ്രമമാരിയാൽ, കനിയുകെൻ ഗോവർദ്ധനോദ്ധാരകാ.

കവി : **യൂസഫ് അലി കേച്ചേരി**

## 3.1570 ഓണമാണതുമെനിയ്ക്കു. . . (ജ്യോതി)

രഥോദ്ധത

ഓണമാണതുമെനിയ്ക്കു പാഠമാ–
യേറ്റി ഭാവ,മൊരു "ദാനശാലി" ഞാൻ
ആട്ടിയെന്നടെയഹന്ത; ഏകി നീ
ചേണെഴുന്ന വരമന്നു വാമന!

കവി : **ജ്യോതിർമയി**

## 3.1571 ആരംഗം, സർവമാച്ഛാതിതമഹഹ. . . (വാസുദേവൻ)

സ്രഗ്ധര

ആരംഗം സർവമാച്ഛാദിതമഹഹ, ചിരാൽ കാലമാം ജാലവിദ്യ–
ക്കാരൻ തൻ പിഞ്ഛികോച്ചാലന, മുലകിൽ വരുത്തില്ലയെന്തെന്തു മാറ്റം?
നെരമ്പോക്കെത്രകണ്ടു ഭവതിയിഹ പദം തോറ്റു? മെന്തൊക്കെ മേലിൽ
സ്വൈരം കാണും, പുരാണപ്രഥിതനദി നിളാ ദേവി, നിത്യം നമസ്തേ!

കവി : **വള്ളത്തോൾ**

---

[242] [*ഉമേഷ്*] ശ്ലോകം **3.1567 :** മൂലശ്ലോകം (ഭർത്തൃഹരി) :
യാം കാമയാമി മയി സാ ന വിനഷ്ടകാമാ,
സാപ്യന്യമിച്ഛതി, സ ചാന്യവധൂപ്രസക്തഃ,
മത്കാരണേന പരിശുഷ്യതി കാദിചിദന്യാ –
ധിക് താം ച തം ച മദനം ച ഇമാം ച മാം ച.

## 3.1572 നാറ്റം പൊങ്ങി, ത്തിമിരമടിയിൽ. . . (രാജേഷ്)

മന്ദാക്രാന്ത

നാറ്റം പൊങ്ങി, ത്തിമിരമടിയിൽത്തിങ്ങി, വിങ്ങിക്കൊഴുക്കും
ചേറ്റിന്നുള്ളിൽ വരിക കളിയാടീടുവാനെന്റെ നെഞ്ചിൽ
ഊറ്റം മുറ്റും കരിയിരുളിനെക്കൊയ്തു മിന്നുന്ന വെള്ളി–
ത്തേറ്റത്തുമ്പാലുഴുക, ഭഗവൻ, സൂകരാകാരനായ് നീ.

കവി : **രാജേഷ്**

## 3.1573 ഉണ്ണീ നിൻ വരവന്നു കണ്ട. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

ഉണ്ണീ നിൻവരവന്നു കണ്ട നിമിഷം നെഞ്ചം ചുരന്നൂ മന–
സ്സെണ്ണീ വാമന! പൈതലായ്, ഒരുദിനം കിട്ടീലയീക്കൈകളിൽ
കുഞ്ഞായ് പൂതനയായൊരെന്മുലനുണഞ്ഞാനന്ദമേകുന്ന നി–
ന്നമ്മിഞ്ഞക്കൊതിയോ നിറഞ്ഞ കരുണാവായ്പ്പോ വിചിത്രം ഹരേ!

കവി : **ജ്യോതിർമയി**

## 3.1574 കണ്ണാലല്ലെങ്കിലും. . . (ദിലീപ്)

സ്രഗ്ധര

കണ്ണാലല്ലെങ്കിലും നിൻ തിരുവുടലഴകാവോളവും കണ്ടു ഞാനെൻ
കണ്ണാ, കാതാലെയല്ലെങ്കിലുമതിരുചിരം നിൻ സ്വരം ഞാൻ ശ്രവിച്ചു.
മണ്ണായ് തീരുന്നതിന്മുമ്പര ഞൊടി ജനിതാശ്വാസമായെന്റെ കണ്ണാ,
വിണ്ണാറിൻ ശുദ്ധിതോൽക്കും, തവ തനു തഴുകാനൊക്കുമോ ചിൽക്കുഴമ്പേ!

കവി : **യൂസഫ് അലി കേച്ചേരി** , കൃതി : *പൈക്കുട്ടി*

## 3.1575 മണമാദിയായി. . . (കർത്താ)

മഞ്ജുഭാഷിണി

മണമാദിയായി വിലസുന്ന മണ്ണിലും
ഗുണചിന്തചെയ്തു ഗുണമായ് നിറഞ്ഞുടൻ
ഗുണിയറ്റുനിന്നു ഗുണവും നിരാശ്രയി–
ച്ചണയുന്നതായി വിലസുന്ന ദൈവമേ!

കവി : **കുമാരനാശാൻ**, കൃതി : *ഭക്തവിലാപം*

## 3.1576 ഗതി പുണ്യതീർത്ഥ. . . (ഉമേഷ്)[243]

മഞ്ജുഭാഷിണി

ഗതി പുണ്യതീർത്ഥഗമനാർത്ഥമാകയാൽ
മതിമൻ! തടസ്സമണയാതെയാക്കണം
കൊതിയില്ല ഭോഗമതി, ലിങ്ങു മാഴ്കിടാ
മതി, വാനിനുള്ള വഴി നീയടയ്ക്കുകിൽ.

കവി : **കുണ്ടൂർ / കാളിദാസൻ**, കൃതി : *രഘുവംശം തർജ്ജമ (സർഗ്ഗം 11)*

[243] [*ഉമേഷ്*] **ശ്ലോകം 3.1576 :** മൂലശ്ലോകം (**കാളിദാസൻ**) :

തദ്ഗതിം ഗതിമതാം വരേപ്സിതാം
പുണ്യതീർത്ഥഗമനായ രക്ഷ മേ
പീഡയിഷ്യതി ന മാ ഖിലീകൃതാ
സ്വർഗ്ഗപദ്ധതിരഭോഗലോലുഭം.

## 3.1577 കുറെ നാളുകൾ വിട്ടു. . . (ബാലേന്ദു)

വിയോഗിനി

കുറെ നാളുകൾ വിട്ടുനിന്നതിൽ
ചെറുതായ് തോന്നിയെനിക്കു സങ്കടം;
നിറയെപ്പിഴയിങ്ങു കണ്ടതിൽ–
ക്കുറവായാ വക ഖേദമൊക്കെയും.

കവി : ബാലേന്ദു

## 3.1578 നന്ദിയ്ക്കെൻ നന്ദി നാഥാ. . . (ഉമേഷ്)

സ്രഗ്ദ്ധര

"നന്ദിയ്ക്കെൻ നന്ദി നാഥാ, പഴനിയുടെ സമീപത്തിൽ നാമിത്ര വേഗം
വന്നല്ലോ, ചിത്ര, മുണ്ണിക്കുടയ മയിലതാ പാമ്പിനെത്തിന്നു നിൽപ്പൂ";
"വന്ദ്യം വൃന്ദാവനം താനിതു, കനകലതാകമ്രയാം രാധയെസ്സാ–
നന്ദം പിഞ്ഛാവതംസൻ..." ഗിരിജയുടെ മുഖം നമ്രമായ്, താമ്രമായീ!

കവി : വി. കെ. ജി.

## 3.1579 വന്ദ്യനായ ഭഗവാൻ. . . (ദിലീപ്)

രഥോദ്ധത

വന്ദ്യനായ ഭഗവാൻ ക്ഷമിക്കണേ
വന്ദ്യഗായകനു ശാന്തിയേകണേ
ഈ വിനീതനിവനിന്നു വന്നു നിൻ
പാദപങ്കജമതിങ്കൽ വീണിടാം.

കവി : ദിലീപ്. രോഗശയ്യയിലായിരുന്ന വെണ്മണി ഹരിദാസിനെപ്പറ്റി.

## 3.1580 ഇക്കാമ്യവസ്തുനിര. . . (കർത്താ)

വസന്തതിലകം

ഇക്കാമ്യവസ്തുനിര ചെയ്തതു, മിങ്ങുതോരാ–
നൽക്കാമ്പുമെന്നുടലുമേകിയതും, സ്വയം ഞാൻ
ധിക്കാരമാർഗ്ഗമണയാതകമേ കടന്നു
ചക്കാൻ തിരിക്കുവതു, മൊക്കെയൊരേ കരം താൻ.

കവി : കുമാരനാശാൻ, കൃതി : *ഈശ്വരൻ*

## 3.1581 ധനാഢ്യരേ, ധർമ്മ. . . (ഹരി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ധനാഢ്യരേ, ധർമ്മവഴിയ്ക്കു നിങ്ങൾ
കാണിയ്ക്കവെക്കും നറുമുത്തിനെക്കാൾ
കൂലിപ്പണിക്കാരിവർ തൻ വിയർപ്പു–
നീർത്തുള്ളിയാണീശ്വരനേറെയിഷ്ടം

കവി: വള്ളത്തോൾ.

## 3.1582 കുംഭം കുടിയ്ക്കുന്നിതു. . . (രാജേഷ്)

ഇന്ദ്രവജ്ര

കുംഭം കുടിയ്ക്കുന്നിതു വെള്ളമൽപം,
കുംഭോദ്ഭവൻ സിന്ധുവിനെക്കുടിച്ചു
നന്നായ് ജനിച്ചുള്ള സുതൻ സ്വവൃത്യാ
തന്നച്ഛനെക്കാൾ കവിയുന്നവല്ലോ.

കവി : **കേ. സി. കേശവപിള്ള**, കൃതി : *സുഭാഷിതരത്നാകരം*

## 3.1583 നഷ്ടം നിശ്ശേഷമായ് പോർമുലയിൽ. . . (ഉമേഷ്)

സ്രഗ്ധര

നഷ്ടം നിശ്ശേഷമായ് പോർമുലയിൽ മലയജം, ചുണ്ടിലെച്ചോപ്പശേഷം
മൃഷ്ടം, ലുപ്താഞ്ജനം കണ്ണിന തവ, കൃശമിക്കോൾമയിർക്കൊണ്ട കോലം,
കഷ്ടം! പൊയ്യോതുവോളേ, സ്വജനരുജ ധരിക്കാത്ത ദൂതീ, കുളിക്കാ–
നിഷ്ടം പോലങ്ങു നീ പോയ് കുളമതിൽ; നഹി തസ്യാധമസ്യാന്തികത്തിൽ.

കവി : **എ. ആർ. രാജരാജവർമ്മ**, കൃതി : *(പരിഭാഷ, ഭാഷാഭൂഷണത്തിൽ ഉദ്ധൃതം)*

## 3.1584 കള്ളൻ കടന്നിതു. . . (ഹരി)

വസന്തതിലകം

കള്ളൻ കടന്നിതുവരമ്പുമുറിഞ്ഞുകോളിൽ
വെള്ളം കടന്നു കുറിവീണിതു കപ്പൽ മുങ്ങി
കൊള്ളാം പൊടുന്നനവെയിങ്ങനെയൊക്കെ വന്നി–
ട്ടുള്ളം കിടന്നുഴലുമേ മുതലുള്ളവർക്ക്

കവി : **കുണ്ടൂർ നാരായണമേനോൻ** , കൃതി : *പാക്കനാർ*

## 3.1585 കരുത്തരെന്നാലും. . . (ഉമ)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

കരുത്തരെന്നാലുമൃഷീന്ദ്രനോടു
കയർത്തതില്ലീശ്വരപാർഷദന്മാർ
സ്വാമിയ്ക്കു ശിഷ്യപ്രതിപത്തിയെത്ര–
യ്ക്കാണെന്നതിങ്ങാരറിയാതെയുള്ളൂ?

കവി : **വള്ളത്തോൾ**, കൃതി : *ശിഷ്യനും മകനും*

## 3.1586 സമർത്ഥനായ സീസറും. . . (രാജേഷ്)

പഞ്ചചാമരം

സമർത്ഥനായ സീസറും പ്രസിദ്ധനായ ഹോമറും
സമത്വമറ്റ സോളമൻ തുടങ്ങിയുള്ള വിജ്ഞരും
അമർന്നുപോയി കാലചക്ര വിഭ്രമത്തിലെങ്കിലീ
നമുക്കു പിന്നെയെന്തു ശങ്ക? മാറ്റമൊന്നുമില്ലിതിൽ.

കവി : **സിസ്റ്റർ മേരി ബനീഞ്ജ**

## 3.1587 അജ്ഞാനവേളയിലുമസ്തി. . . (കർത്താ)

വസന്തതിലകം

അജ്ഞാനവേളയിലുമസ്തി വിഭാതി രണ്ടു–
മജ്ഞാതമല്ല,സുഖവും, വിലസുന്ന മൂന്നും;
രജ്ജുസ്വരൂപമഹിയോടുമിദന്തയാർന്നു
നിൽക്കുന്നതിന്നിഹ നിദർശനമാമിതോർത്താൽ.

കവി : **ശ്രീനാരായണഗുരു**, കൃതി : *അദ്വൈതദീപിക*

## 3.1588 രണ്ടിപ്പൊഴുത്പലദലങ്ങൾ. . . (ഉമേഷ്)

വസന്തതിലകം

രണ്ടിപ്പൊഴുൽപലദലങ്ങളടിക്ക കാണു–
ന്നുണ്ടിങ്ങു, മുമ്പവയിലേതൊടടുപ്പതെന്നായ്
രണ്ടിങ്കലും മുകളിൽ നിന്നു പകച്ചു നോക്കും
വണ്ടിൻ കിടയ്ക്കവൾ തൊടും തിലകം വിളങ്ങി.

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

## 3.1589 രാവാകുന്ന കറുത്ത. . . (ഉമ)

ശാർദ്ദൂലവിക്രീഡിതം

രാവാകുന്ന കറുത്ത കാടിനെയെരിപ്പാനായ്പ്പടർന്നാളീടും
ദാവാഗ്നിച്ചടയെന്നപോലൊരു പരപ്പേറും ഉടുപ്പഞ്ജസാ
ദേവാധീശ്വരദിക്കിൽ വന്നയരവേ നിദ്രാവിമുക്തങ്ങളായ്,–
ബ്ഭീവായ്പ്പാർന്നതുപോലെ, പക്ഷികളിതാ കൂട്ടുന്നു കോലാഹലം.

കവി : **വള്ളത്തോൾ**, കൃതി : *പ്രഭാതകീർത്തനം*

## 3.1590 ദേവകീതനയ ദേവദേവ. . . (മധുരാജ്)

രഥോദ്ധത

ദേവകീതനയ ദേവദേവ നിൻ
സേവകൊണ്ടു ദിവസങ്ങൾ പോക്കുവാൻ
ആവതും വഴി തരാതിരിക്കുകിൽ
പാവമെൻ കഥ പരുങ്ങലാകുമേ!

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

## 3.1591 അജ്ഞാത്വാ തേ മഹത്വം. . . (രാജേഷ്)[244]

സ്രഗ്ധര

അജ്ഞാത്വാ തേ മഹത്വം യദിഹ നിഗതിതം വിശ്വനാഥ, ക്ഷമേഥാഃ
സ്തോത്രം ചൈതത് സഹസ്രോത്തരമധികതരം ത്വത്പ്രസാദായ ഭൂയാത്

[244] [*ഉമേഷ്*] **ശ്ലോകം 3.1591 :** പരിഭാഷ (സി. വി. വാസുദേവ ഭട്ടതിരി) :

ഞാനെന്തോ ചൊല്ലിനേൻ നിൻ മഹിമകളറിയാ, തൊക്കെ നീ താൻ പൊറുത്തീ-
ടിസ്തോത്രം നൂറ് പത്തുണ്ടധികവു, മിതു നിൻ പ്രീതിയാർജ്ജിച്ചിടേണം;
ഹൃദ്യം ***ശ്രീവാസുദേവോദയ***മിതു നിഗമം വാഴ്ത്തിടും സ്തുത്യഭാവം
ലീലാജന്മാദിയും ചേർന്നനുപമമരുള്ള***ട്ടായുരാരോഗ്യസൗഖ്യം***!

ആയുരാരോഗ്യസൗഖ്യം $= 1712210 =$ നാരായണീയം എഴുതിത്തീർന്ന കലിദിനസംഖ്യ.
ശ്രീവാസുദേവോദയം $= 1848742 =$ നാരായണീയപരിഭാഷ എഴുതിത്തീർന്ന കലിദിനസംഖ്യ.

ദ്വേധാ നാരായണീയം ശ്രുതിഷു ച ജനുഷാ സ്തുത്യതാ വർണ്ണനേന
സ്ഫീതം ലീലാവതാരൈരിദമിഹ കുരുതാമായുരാരോഗ്യസൗഖ്യം!

കവി : **മേൽപുത്തൂർ**, കൃതി : *നാരായണീയം*

## 3.1592 ദുഷ്ടത്തിങ്കൽ പ്രശമധനരാം. . . (കർത്താ)

മന്ദാക്രാന്ത

ദുഷ്ടത്തിങ്കൽ പ്രശമധനരാം താപസന്മാരിലേറ്റം
ധൃഷ്ടം തേജസ്സതിനിഭൃതമായുണ്ടു വർത്തിച്ചിടുന്നു;
കാട്ടും പെട്ടന്നവരതു പരൻ തന്റെ തേജസ്സിനോടായ്
മുട്ടുന്നേരം, കുളുർമകലരും സൂര്യകാന്തം കണക്കേ.

കവി : **എ. ആർ**, കൃതി : *ശാകുന്തളം തർജ്ജമ*

## 3.1593 കോപം, വാശി, കുശു, മ്പസൂയ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

കോപം, വാശി, കുശു, മ്പസൂയ, ദുര, ദുർമ്മന്ത്രം, മരു, ന്നന്മദാ–
ലാപം, ലോഭ, മല, ട്ടുരുട്ടു, നുണ, സിദ്ധാന്തം, മൊശോടത്തരം,
വ്യാപാദം, ചതി, വാദ, മേഷണി, പണക്കൊ, ത്തുറ്റ – മെന്നീ വക–
ച്ചാപല്യങ്ങളിലൊന്നു പോലുമറിയെപ്പേറുന്ന പെണ്ണല്ലിവൾ!

കവി : **ശീവൊള്ളി**

## 3.1594 വറുതിയിലധിവസിക്കും. . . (കർത്താ)

മാലിനി

വറുതിയധിവസിക്കും പാഴ്ക്കുടിൽക്കുള്ളിലൊന്നിൽ
പൊറുതിയിവനു കൽപ്പിച്ചാരൊരാളുന്തി വിട്ടു
കരുണയൊടവിടുത്തെക്കൈകളത്രേ ഭവാനേ
പുരുധനവിഭവശ്രീ നൽകി രക്ഷിപ്പതെന്നും!

കവി : **വാരിക്കൊലിൽ കേശവനുണ്ണിത്താൻ**, കൃതി : *സാന്ധ്യദീപം കൊളുത്തി*

## 3.1595 കണ്ടോരുണ്ടോ? കഴുത്തിൽ. . . (ജ്യോതി)

സ്രഗ്ദ്ധര

കണ്ടോരുണ്ടോ? കഴുത്തിൽ പരിമളതുളസീദാമ, മാ നീലവണ്ടിൻ–
തണ്ടാറ്റും മെയ്യു, ചെന്താമരദളനയനം, ഗോപവാടം സ്വഗേഹം
തെണ്ടും വൃന്ദാവനത്തിൽ തപനതനയ തൻ കൂലകുഞ്ജാന്തരത്തിൽ,
കണ്ടെത്താനായ് സഹായിപ്പവനു മമ നമസ്കാരമാജീവനാന്തം!

കവി : **വി.കെ.ജി**

## 3.1596 തളിർത്തൊത്തിനൊപ്പം. . . (രാജേഷ്)

ഭുജംഗപ്രയാതം

തളിർത്തൊത്തിനൊപ്പം മിനു, പ്പമ്പിളിയ്ക്കും
കുളിർക്കും തണുപ്പൊത്തുലാവുന്ന നിൻ മെയ്
വിളങ്ങേണമുള്ളിൽ, മൊഴിച്ചേല്ല നാവിൽ–
ക്കളിക്കേണ,മെന്നും കൊടുക്കുന്ന തായേ!

കവി : **രാജേഷ് ആർ. വർമ്മ/ജ്യോതിർമയി**

## 3.1597 വാച്ചീട്ടും പ്രാണദുർവേദന. . . (കർത്താ)

സ്രഗ്ദ്ധര

വാച്ചീട്ടും പ്രാണദുർവേദന ബഹുകഠിനം ചുണ്ടെലി, ക്കഞ്ഞു കണ്ടൻ–
പൂച്ചയ്ക്കുത്സാഹമുൾക്കൊണ്ടിളകിന വിളയാട്ടങ്ങളിന്നെന്നപോലെ
തീർച്ചയ്ക്കിക്കാര്യമോതാമധികതരമെനിയ്ക്കഗ്നിമാന്ദ്യാദി ദീനം
മൂർച്ഛിച്ചയ്യോ! കുഴങ്ങുന്നിതുപൊഴുതു നിനക്കുദ്യമം ഹൃദ്യമത്രേ.

കവി : **വെണ്മണി മഹൻ**, കൃതി : *കവിപുഷ്പമാല*

## 3.1598 തരുണശകലമിന്ദോർ. . . (വിശ്വപ്രഭ)

മാലിനി

തരുണശകലമിന്ദോർബ്ബിഭ്രതീ ശുഭ്രകാന്തിഃ
കുചഭരനമിതാംഗീ സന്നിഷണ്ണാ സിതാബ്ജേ
നിജകരകമലോദ്യല്ലേഖനീപുസ്തകാ ശ്രീഃ
സകലവിഭവസിദ്ധ്യൈ പാതു വാഗ്ദേവതാനഃ

കൃതി : *വാഗ്വാദിനീ –(സരസ്വതീ)– ധ്യാനശ്ലോകം*

## 3.1599 നെടിയ മല കിഴക്കും. . . (ഉമേഷ്)

മാലിനി

നെടിയ മല കിഴക്കും, നേരെഴാത്താഴി മേക്കും,
വടിവിലെലുകയായിത്തഞ്ചിടും വഞ്ചിനാടേ!
അടിയനിതറിയിക്കാ, മബ്ലികാഞ്ചിക്കു നീയേ
മുടിനടുവിൽ വിളങ്ങും മുഖ്യമാണിക്യരത്നം.

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

## 3.1600 ആനത്തോലുടയാടയാക്കി. . . (വിശ്വപ്രഭ)

ശാർദ്ദൂലവിക്രീഡിതം

ആനത്തോലുടയാടയാക്കി, തുണിയില്ലാഞ്ഞില്ല തേ മാനവും;
പാനം ചെയ്തു വിഷം, കുടിപ്പതിനുമില്ലാഞ്ഞില്ല ദീനത്വവും;
സ്ഥാനേ നൽതിരുനക്കരേശ, ശിവനേ! നീ താനിരക്കുന്നു പോൽ
താനുണ്ണാത്തൊരു തേവരെങ്ങനെ വരം നൽകുന്നു ജാനേ ന തൽ!

## 3.1601 സുരനാഥവരൈഃ സുഖേന. . . (കർത്താ)

വസന്തമാലിക

സുരനാഥവരൈഃ സുഖേന ജീവൻ
പരമാനന്ദസുനിർവൃതോ നളോ∫യം
ഭവനേ വനതാം വനേ ഗൃഹത്വം
സ പുരാ നിശ്ചിനുതേ വിചാര്യ തത്ത്വം.

കവി : **ഉണ്ണായി വാരിയർ**, കൃതി : *നളചരിതം*

## 3.1602 ഭവജലധിമഗാധം. . . (വിശ്വപ്രഭ)

മാലിനി

ഭവജലധിമഗാധം ദുസ്തരം നിസ്തരേയം
കഥമഹമിതിചേതോ മാ സ്മ ഗാഃ കാതരത്വം
സരസിജദൃശി ദേവേ താവകീ ഭക്തിരേകാ
നരകഭിദി നിഷണ്ണാ താരയിഷ്യത്യവശ്യം.

## 3.1603 സൗകര്യപ്പെട്ടുമെങ്കിലേതു പകലും. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

സൗകര്യപ്പെട്ടുമെങ്കിലേതു പകലും രാവും രമിക്കും,ജനാ–
ലോകത്തിൽ ചുളിയില്ല നെറ്റി, തിരുമുറ്റത്താകിലും സമ്മതം
പൂകം പൂമണിമച്ചിലും വയലിലും വേണെങ്കിലീയക്ഷര–
ശ്ലോകസ്വൈരിണിയായ് രമിക്കുക ഭവാൻ സന്യാസിയാണെങ്കിലും!

കവി : **വി.കെ.ജി**, കൃതി : *ഭദ്രദീപം*

## 3.1604 പീലിക്കണ്മണി നാലുമൂന്നുപുറമേ. . . (വിശ്വപ്രഭ)

ശാർദ്ദൂലവിക്രീഡിതം

പീലിക്കണ്മണി നാലുമൂന്നു പുറമേ ചേർത്തുള്ള പൂഞ്ചായലും
ചാലിച്ചുള്ള മനഃശിലാതിലകവും മന്ദസ്മിതാർദ്രാനനം
ബാലപ്പെണ്മണിമാർ നിറഞ്ഞ തെരുവിൽ സന്ധ്യാഗമേ തേ ഹരേ!
കാലിക്കൂട്ടവുമായ് വരുന്ന വരവും കണ്ടാവു കാർവർണ്ണരേ!

## 3.1605 ബാലാർക്കായുതതേജസം, ത്രിഭുവന. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ബാലാർക്കായുതതേജസം, ത്രിഭുവനപ്രക്ഷോഭകം, സുന്ദരം,
സുഗ്രീവാദിസമസ്തവാനരഗണൈസ്സംസേവ്യപാദാംബുജം,
നാദേനൈവ സമസ്തരാക്ഷസഗണാൻ സന്ത്രാസയന്തം, പ്രഭും,
ശ്രീമദ്രാമപദാംബുജസ്മൃതിരതം, ധ്യായാമി വാതാത്മജം.

## 3.1606 നേരാണിങ്ങിതു ’പർപ്പ’വംശ. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

നേരാണിങ്ങിതു “പർപ്പ”വംശപരദൈവങ്ങൾക്കു മുൻപേ പരം
ഘോരാഡംബരമോടകമ്പടി നടന്നെത്തുന്ന പട്ടാളമാം
ധാരാളദ്യുതിയാർന്നു കാണ്മു, വഴിയേ ഖദ്യോതവൃന്ദങ്ങളിൽ
ധാരാവൃഷ്ടിയിതിൽ കെടാത്തൊരെഴുനെള്ളത്തിൻ വിളക്കെങ്ങുമേ.

കവി : **കുമാരനാശാൻ**, കൃതി : *പ്രരോദനം*

## 3.1607 ധാമാനി വ്യാഘ്രപുര്യാം. . . (വിശ്വപ്രഭ)

സ്രഗ്ദ്ധര

ധാമാനി വ്യാഘ്രപുര്യാം പ്രകടിതനിജഭ്രമാനി നിത്യം പ്രഹൃഷ്യദ്
ഗംഗാസംഗത്വരാണി ക്ഷിതിധരസുതയാ സാധു സംഗത്വരാണി
ഏതാനി സ്വീതഫാലേക്ഷണദഹനശിഖാ ഗാഢലീഢ സ്മരാണി
വ്യാമൂഢൈരസ്മരാണി പ്രണതജനതമോഘസ്മരാണി സ്മരാണി.

കവി : **മേൽപത്തൂർ**

## 3.1608 എന്തെല്ലാം സ്തുതി. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

എന്തെല്ലാം സ്തുതി! നീ ദയാനിധിയഹോ! സർവ്വാർത്ഥസിദ്ധിപ്രദൻ
കുമ്പിട്ടാൽമതി – യപ്പൊഴേക്കു വരമേകീടും കൃപാസാഗരം!
ഉണ്ടർത്ഥത്തിലെനിക്കു ശൈലിയിലലങ്കാരത്തിലാസക്തി; വൈ–
കുണ്ഠത്തപ്പ! സദാപി “ഗോപി” തൊട്ടുവിക്കും ഗോപിയല്ലല്ലി നീ?

കവി : **കരിമ്പുഴ രാമചന്ദ്രൻ**, കൃതി : *തുളസീദളങ്ങൾ*

## 3.1609 ഉണ്മാനില്ലാഞ്ഞൊരുനാളൊരു. . . (വിശ്വപ്രഭ)

സ്രഗ്ദ്ധര

ഉണ്മാനില്ലാഞ്ഞൊരുന്നാളൊരു പിടിയവിലും കൊണ്ടുചെന്നാൻ കുചേലൻ
സമ്മാനിച്ചങ്ങിരുത്തീ ത്രിഭുവനപെരുമാളാദരാൽ ചോറു നൽകീ
സമ്മോദം പൂണ്ടിരുന്നമ്മുരഹരനവിലും തിന്നുപോരും ദശായാം
ബ്രഹ്മാനന്ദം കുചേലന്നനവധി ധനവും നൽകിനാൻ നന്ദസൂനു!

## 3.1610 സാമമില്ലൊരു സമത്വമില്ല. . . (കർത്താ)

കുസുമമഞ്ജരി

സാമമില്ലൊരു സമത്വമില്ല, സുഖഭാവനയ്ക്കൊരതിരില്ല, തൻ–
കാമനയ്ക്കു കൊലചെയ്‌വതിന്നൊരു കുലുക്കമില്ല; നരലോകമേ
സീമയറ്റ നരകം; സമഗ്രഗുണപൂർണനെന്നൊരു മതിപ്പെഴും
നീ മനുഷ്യമൃഗമല്ല, ദുഷ്ടമൃഗസഞ്ചയങ്ങളുടെ സഞ്ചയം!

കവി : **എൻ. ഡി. കൃഷ്ണനുണ്ണി**, കൃതി : *മാബലി*

## 3.1611 സ്വച്ഛാം സ്വച്ഛവിലേപ. . . (വിശ്വപ്രഭ)

ശാർദ്ദൂലവിക്രീഡിതം

സ്വച്ഛാം സ്വച്ഛവിലേപമാല്യവസനാം ശീതാംശുഖണ്ഡോജ്ജ്വലാം
വ്യാഖ്യാമക്ഷഗുണം സുധാഢ്യകലശം വിദ്യാം ച ഹസ്താംബുജൈഃ
ബിഭ്രാണാം കമലാസനാം കുചനതാം വാഗ്ദേവതാം സുസ്മിതാം
വന്ദേ വാഗ്വിഭവപ്രദാം ത്രിനയനാം സൗഭാഗ്യസമ്പത്കരീം

കൃതി : *സരസ്വതീ –വാഗ്ദേവതാ– ധ്യാനം*

## 3.1612 ബ്രഹ്മാണിയ്ക്കും രമയ്ക്കും. . . (കർത്താ)

സ്രഗ്ദ്ധര

ബ്രഹ്മാണിയ്ക്കും രമയ്ക്കും വിധിഹരിസമനായ് തന്നെ വാണല്ലസിയ്ക്കും
രമ്യം സൗഭാഗ്യമാർന്നാ രതിയുടയ സതീനിഷ്ഠയും ഭ്രഷ്ടയാക്കും
ചെമ്മേ ജീവിച്ചിരിക്കും ചിരമിഹ പശുപാശങ്ങളെല്ലുമറുക്കും
ബ്രഹ്മാനന്ദാഭിധാനം രസവുമനുഭവിക്കും ഭവദ് ഭക്തനാര്യേ!

കവി : **കുമാരനാശാൻ**, കൃതി : *സൗന്ദര്യലഹരി തർജ്ജമ*

## 3.1613 ചെന്താർമാനിനി നീ നറുങ്ങു. . . (വിശ്വപ്രഭ)

ശാർദ്ദൂലവിക്രീഡിതം

ചെന്താർമാനിനി നീ നറുങ്ങുവെടികിൽ ചൊൽക്കൊണ്ട പത്മാക്ഷനും
സന്താപക്കടലിൽക്കിടന്നെരിപൊരിക്കൊള്ളും കണക്കെന്നിയേ
സന്തോഷം മനതാരിൽ മാം പ്രതി നിനക്കുണ്ടാകിലിന്നൂഴിമേ–
ലിന്ദ്രൻ ഞാൻ മുനിവൃന്ദവന്ദിതമഹാലക്ഷ്മീ വികൽപം വിനാ.

കവി: **പൂന്താനം**

## 3.1614 സ്രഷ്ടാ സൃഷ്ടിച്ചിടുന്നു. . . (കർത്താ)

സ്രഗ്ദ്ധര

സ്രഷ്ടാ സൃഷ്ടിച്ചിടുന്നു, ഹരിയതു പരിപാലിച്ചിടു, ന്നിന്ദുചൂഡൻ
നഷ്ടം ചെയ്യുന്നു തന്നോടഖിലമഥ മറയ്ക്കുന്നു ലോകം മഹേശൻ
സൃഷ്ടിപ്പാനായ് സദാ പൂർവകനുപരി ശിവൻ സ്വീകരിക്കുന്നതും നിൻ–
കഷ്ടാതീതം ഭ്രമിക്കും ഭ്രുകുടിഘടനതൻ സംജ്ഞയാമാജ്ഞയാലേ.

കവി : **കുമാരനാശാൻ**, കൃതി : *സൗന്ദര്യലഹരി തർജ്ജമ*

## 3.1615 സമസ്തം ത്വമേവാഹം. . . (വിശ്വപ്രഭ)

ഭുജംഗപ്രയാതം

സമസ്തം ത്വമേവാഹമസ്മിൻ സമസ്തോ
യദേകസ്ഥിതോഹം ത്വമേവാസി ശംഭോ
കഥം യുഷ്മദസ്മദ് പ്രയോഗം കഥം വാ
രിപുർമിത്രമന്യോ മഹേശം ഭ്രമോയം

കവി : **ശങ്കരാചാര്യർ**, കൃതി : *ശിവഭുജംഗം*

## 3.1616 കഴുത്തിൽ കളങ്കം. . . (ഉമേഷ്)[245]

ഭുജംഗപ്രയാതം

കഴുത്തിൽ കളങ്കം, ഭുജംഗങ്ങൾ മെയ്യിൽ,
കനൽച്ചാർത്തു നെറ്റിക്കു, കയ്യിൽ കപാലം,
ശിരസ്സിൽ ശശാങ്കൻ, മടിത്തട്ടിൽ നല്ലാർ,
ഇതില്ലാത്ത ദൈവത്തെ ഞാനോർക്കുകില്ല.

കവി : **സി. വി. വാസുദേവ ഭട്ടതിരി**, കൃതി : *ശിവഭുജംഗം തർജ്ജമ*

## 3.1617 ശീഘ്രാഞ്ജന സ്ഖലന. . . (വിശ്വപ്രഭ)

വസന്തതിലകം

ശീഘ്രാഞ്ജനസ്ഖലനതുംഗരവോർദ്ധ്വകണ്ഠഃ

---

[245] [*ഉമേഷ്*] **ശ്ലോകം 3.1616 :** മൂലശ്ലോകം (ശങ്കരാചാര്യർ) :

അകണ്ഠേ കളങ്കാദനംഗേ ഭുജംഗാ–
ദപാണൗ കപാലാദഫാലേ ന ലാക്ഷാത്
അമൗലൗ ശശാങ്കാദവാമേ കളത്രാ–
ദഹം ദേവമന്യം ന മന്യേ ന മന്യേ

സ്ഥൂലേന്ദുരുദ്രഗണഹാസിതദേവസംഘഃ
ശൂർപ്പശ്രുതിശ്ച പൃഥുവർത്തുളതുംഗതുണ്ഡോ
വിഘ്നം മമാപഹര സിദ്ധിവിനായക, ത്വം

### 3.1618 ശ്രീപൂർണ വേദനിലയേശ്വര. . . (കർത്താ)

വസന്തതിലകം

ശ്രീപൂർണ വേദനിലയേശ്വര, കാളമേഘ–
ശ്രീ പൂർണ കോമള കളേബര താമരാക്ഷ!
ശ്രീ പൂർണമാം തിരുമിഴിക്കട ചായ്ച്ചഭീഷ്ട–
ശ്രീ പൂർണമാകുവതിനെങ്ങളിലൂന്നിയാലും!

കവി : **എൻ.ഡി. കൃഷ്ണനുണ്ണി**, കൃതി : *ഒരു മുക്തകം*

### 3.1619 ശശ്വൻനശ്വരമേവ വിശ്വമഖിലം. . . (വിശ്വപ്രഭ)

ശാർദ്ദൂലവിക്രീഡിതം

ശശ്വൻനശ്വരമേവ വിശ്വമഖിലം നിശ്ചിത്യ വാചാ ഗുരോഃ
നിത്യം ബ്രഹ്മനിരന്തരം വിമൃശതാ നിർവ്യാജശാന്താത്മനാ
ഭൂതം ഭാവി ച ദുഷ്കൃതം പ്രദഹതാ സംവിന്മയേ പാവകേ
പ്രാരബ്ധായ സമർപ്പിതം സ്വവപുരിത്യേഷാ മനീഷാ മമ

കവി : **ശങ്കരാചാര്യർ**, കൃതി : *മനീഷാ പഞ്ചകം (3)*

### 3.1620 ഭാനം ഭാനം പ്രപഞ്ചപ്രകൃതി. . . (കർത്താ)

സ്രഗ്ദ്ധര

ഭാനം ഭാനം പ്രപഞ്ചപ്രകൃതി സകലവും ഭാനമദ്ഭാനവിങ്കൽ
കാനൽ“ക്കേണീ”പ്രവാഹം കളവുകളവുതാനെന്നു താനൊന്നറിഞ്ഞാൽ
സ്ഥാനം മറ്റില്ല താനില്ലവിടെയൊരു തടസ്സങ്ങളില്ലെന്നുമല്ലാ–
താനന്ദാകാരമായ് നിന്നരുളുമതിശയം തന്നെയാണെന്റെ ദൈവം.

കവി : **കുമാരനാശാൻ**, കൃതി : *നിജാനന്ദവിലാസം*

### 3.1621 സോഽയം വിശ്വവിസർഗ്ഗ. . . (വിശ്വപ്രഭ)[246]

ശാർദ്ദൂലവിക്രീഡിതം

സോഽയം വിശ്വവിസർഗ്ഗദത്തഹൃദയഃ സമ്പശ്യമാനഃ സ്വയം
ബോധം ഖല്വനവാപ്യ വിശ്വവിഷയം ചിന്താകുലസ്തസ്ഥിവാൻ
താവത് ത്വം ജഗതാം പതേ, “തപതപേ”ത്യേവം ഹി വൈഹായസീം
വാണീമേനമശിശ്രവഃ ശ്രുതിസുഖാം കുർവ്വംസ്തപപ്രേരണാം.

കവി : **മേൽപ്പുത്തൂർ**, കൃതി : *നാരായണീയം (7:2)*

### 3.1622 തുഷ്ട്യാ തുമ്പപ്രസൂനം. . . (കർത്താ)

സ്രഗ്ദ്ധര

തുഷ്ട്യാ തുമ്പപ്രസൂനം തുഹിനകരകലാതുംഗമൗലിക്കു ചാർത്താൻ

---

[246] *[ഉമേഷ്]* ശ്ലോകം **3.1621 :** പരിഭാഷ (സി. വി. വാസുദേവ ഭട്ടതിരി) :

പാരിൻ സൃഷ്ടി കൊതിച്ചുകൊണ്ടു തനിയേ ചിന്തിച്ചിട്ടും നാന്മുഖൻ
നേരേ സൃഷ്ടിരഹസ്യമൊന്നുമറിയാതപ്പോഴുഴന്നീടിനാൻ;
പ്രേരിപ്പിച്ചു തപസ്സിനായജനെ നീ, കേൾപ്പിച്ചു വാനത്തു തേൻ
ചോരും വാക്കു – “തപസ്സു ചെയ്യുക വിധേ, നീ”യെന്നു ലോകേശ്വരാ!

പുഷ്യാ പൂമാലയാക്കും ചിലർ, ചിലർ നറുനെയ് തന്നിൽ മൂപ്പിച്ചു കൂട്ടും
ഒട്ടും നിസ്സാരമല്ലീ മലർ കവിശിശുവാം മാങ്കഴിക്കൊക്കുമോ ഹാ!
കഷ്ടം ചേരുന്നതോതാം വനമതിൽ വളരും കൂവതൻ പൂവതത്രേ.

കവി : **വെണ്മണി മഹൻ**, കൃതി : *കവിപുഷ്പമാല*

## 3.1623 ഒന്നുപോലഖിലാണ്ഡ. . . (വിശ്വപ്രഭ)

മല്ലിക

ഒന്നുപോലഖിലാണ്ഡകോടിയകത്തടച്ചതിനുള്ളിലും
തന്നകത്തിലുമെങ്ങുമൊക്കെ നിറഞ്ഞു തിങ്ങി വിളങ്ങിടും
നിന്നരുൾക്കൊരിടം കൊടുപ്പതിനൊന്നുമില്ലയിതെപ്പൊഴോ
നിന്നിൽനിന്നുമുരുൾകൊണ്ടു ജാതമിതൊക്കെയും, ഗുഹ പാഹിമാം!

കവി : **ശ്രീനാരായണഗുരു**, കൃതി : *ഷണ്മുഖസ്തോത്രം*

## 3.1624 നമ്പ്യാരും തോല,നീവീ. . . (രാജേഷ്)

സ്രഗ്ദ്ധര

നമ്പ്യാരും തോല,നീവീ, വിജയനൊടു ബഷീർ, വീക്കെയെൻ മുൻപരാകും
വമ്പന്മാരെന്തിൽ നിന്നും വികടതയുടെ പൊൻപാനപാത്രം നിറച്ചോ
വെൺപൂമാതേ, തുളുമ്പും കരുണയുടെയതേ സാഗരത്തിൻ കണം തെ-
ല്ലെൻ പേനത്തുമ്പിലും നീ ചൊരിയണ, മതിനാ, യംബികേ, കുമ്പിടുന്നേൻ!

കവി : **രാജേഷ് ആർ. വർമ്മ**

## 3.1625 വാനത്തെഗ്ഗംഗയെത്തൻ. . . (ഉമേഷ്)

സ്രഗ്ദ്ധര

വാനത്തെഗ്ഗംഗയെത്തൻ നെറുകയിലണിയുന്നോന കാമപ്പനിപ്പി-
ച്ചൂനം കൂടാതണയ്ക്കും പണിയുടയ പനിപ്പർവ്വതപ്പൈതലാളേ!
നൂനം സംസാരഘോരപ്പനിയെഴുമിവരെ സ്വാന്തകമ്പാരസത്തിൽ
സ്നാനം ചെയ്യിച്ചു സൗഖ്യസ്ഥിതിയരുളിവിടും നിന്റെ വൈദ്യം വിചിത്രം!

കവി : **വള്ളത്തോൾ**, കൃതി : *ദേവീസ്തവം*

## 3.1626 നീലാംഭോജാക്ഷി പുൽകുന്നതിൻ. . . (ഉമ)

സ്രഗ്ദ്ധര

നീലാംഭോജാക്ഷി പുൽകുന്നതിനിവനിടയാക്കീടിനാനെന്ന തോഷ-
ത്താലാച്ചോരന്നു കോടീശ്വരനവനുചിത ദ്രവ്യസമ്മാനമേകി;
കൈലാസോദ്ധാരണത്തിൽ പ്രണയകുപിതയാം ഗൗരി പേടിച്ചു പുൽകും
കാലാരിസ്വാമി രാത്രിഞ്ചരവരനു പുരാ ചന്ദ്രഹാസം കണക്കേ.

കവി : **വള്ളത്തോൾ**, കൃതി : *കള്ളനു സമ്മാനം*

## 3.1627 കാടാണെന്നന്തരംഗം. . . (ഉമേഷ്)

സ്രഗ്ദ്ധര

കാടാണെന്നന്തരംഗം; കറ, ദ്ദര മുതലാം ദുഷ്ടജന്തുക്കളന്തം-
കൂടാതിങ്ങുണ്ടു കൂട്ടം കുതുകമൊടു കുളിർത്താർത്തു കൂത്താടിടുന്നു;
വാടാതിങ്ങോട്ടു വന്നാൽ പകലിരവിവിടെപ്പള്ളിനായാട്ടുമായി-
ക്കൂടാമങ്ങേയ്ക്കു, കൂടാദിമശബരശരീരാർദ്ധമാം കുന്നിൽമാതേ!

കവി : **വള്ളത്തോൾ**, കൃതി : *ദേവീസ്തവം*

## 3.1628 വിശ്വസൃഷ്ടിവിധായിനം. . . (മധുരാജ്)

മല്ലിക

വിശ്വസൃഷ്ടിവിധായിനം പുനരെവ പാലനതത്പരം
സംഹരന്തമപി പ്രപഞ്ചമശേഷലോകവിധായിനം
ക്രീഡയന്തമഹർന്നിശം ഗണനാഥയൂഥസമാവൃതം
ചന്ദ്രശേഖരമാശ്രയേ മമ കിം കരിഷ്യതി വൈ യമഃ?

കവി : **മാർക്കണ്ഡേയ മഹർഷി**, കൃതി : *ചന്ദ്രശേഖരാഷ്ടകം*

## 3.1629 കാണ്മീലാ കുറി. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

"കാണ്മീലാ കുറി,യീറനാണു മുടി; നീ നീരാടിയോ ചോലയിൽ?
ചെമ്മണ്ണിൻ നിറമാണു മഞ്ഞവസനം, പോരാടിയോ? വീണുവോ?"
ഇമ്മട്ടാദ്യവിചാരണയ്ക്കു ഇനിയും നേരം പ്രതിക്കൂട്ടിൽ നി–
ന്നമ്മയ്ക്കേകിയ വിശ്വവശ്യപശുപസ്മേരം തരട്ടേ ശുഭം!

കവി : **വി.കെ.ജി**

## 3.1630 ഇല്ലാ വൈദ്യുതി. . . (രാജേഷ്)

ശാർദ്ദൂലവിക്രീഡിതം

ഇല്ലാ വൈദ്യുതി, യില്ല വെള്ള, മതുപോൽ കൈക്കൂലിയില്ലാതെ ക–
ണ്ടില്ലാപ്പീസുക, ളില്ല നല്ല വഴി, കല്ലില്ലാതെയില്ലന്നവും
എല്ലാമേകുകിലോർക്കുകില്ലടിയനത്യപ്പാദമെന്നോർത്തു താ–
നല്ലേ നിന്നുടെ സ്വന്ത നാട്ടിലിവനെപ്പാർപ്പിച്ചു, സർവേശ്വരാ?

കവി : **രാജേഷ് ആർ. വർമ്മ**

## 3.1631 എന്നാലോ, വാസനക്കാർ. . . (കർത്താ)

സ്രഗ്ദ്ധര

എന്നാലോ, വാസനക്കാർ കവികളിലൊരുവൻ പോലു, മീപ്രാസസമ്പ–
ത്തിന്നാളോളം വെടിഞ്ഞി, ല്ലതു കരുതികി, ലിപ്പോരിലാർക്കാണു മെച്ചം
എന്നാലോചിച്ചിടാതങ്ങപജയ, ജയകാര്യങ്ങൾ ഖണ്ഡിച്ചുരച്ചാൽ
നന്നാമോ? മാന്യരാകും സഹൃദയരതിനെസ്സമ്മതിക്കുന്നതാണോ?

കവി : **ഒടുവിൽ കുഞ്ഞികൃഷ്ണ മേനോൻ**, കൃതി : *(ദ്വിതീയാക്ഷരപ്രാസവാദം)*

## 3.1632 ഏണക്കണ്ണികൾ തൻ കനത്ത. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ഏണക്കണ്ണികൾ തൻ കനത്ത പുടവക്കുത്തൊട്ടഴിച്ചും, മണി–
ത്തൂണമ്പും തുട ഞെക്കിയും, തുരുതുരെസ്സീൽക്കാരമുണ്ടാക്കിയും,
ശോണച്ചുണ്ടു മുറിപ്പെടുത്തിയു, മിളം കാർകൂന്തൽ ചിന്നിച്ചു, മ–
ക്ഷീണം ചുറ്റിയടിച്ചിടുന്ന കുളിർകാറ്റമ്പോ! വിടൻ പോലവേ!

കവി : **വള്ളത്തോൾ**, കൃതി : *ഋതുവിലാസം*

## 3.1633 ശ്ലോകത്തിൽ ഭ്രമമറ്റു. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

ശ്ലോകത്തിൽ ഭ്രമമറ്റു ജീവിതരണക്ലേശം മറക്കാൻ വെറും
ശ്ലോകം വല്ലതുമൊക്കെ വല്ലപൊഴുതും കുത്തിക്കുറിച്ചങ്ങിനെ
ശ്ലോകത്തിൽക്കഴിയാൻ കൊതിച്ചിട്ടുമെനിക്കെന്തുണ്ടു, നല്ലക്ഷര–
ശ്ലോകന്യായപപീഠമേറി ഞെളിയാനത്രയ്ക്കു മിത്രങ്ങളേ?

കവി : **പ്രേംജി** , കൃതി : *നാൽക്കാലികൾ*

## 3.1634 ശോണാകാരം നറും തുച്ചൊടി. . . (ഉമേഷ്)

സ്രഗ്ധര

ശോണാകാരം നറും തുച്ചൊടി; കുചയുഗളം തുംഗഭദ്രാത്മകം; പൂ–
ബാണാരിക്കെപ്പൊഴും നർമ്മദ ഭുജലത; നിൻ വേണിയോ കൃഷ്ണ തന്നേ;
ചേണാർന്നോരദ്രിജാതേ! പ്രഥിതനദനദീരൂപമായുള്ള നിങ്കൽ–
ത്താണാരാപൂർണ്ണഭക്ത്യാ മുഴുക, മവനപങ്കാനവിദ്ധൻ വിദഗ്ദ്ധൻ!

കവി : **വള്ളത്തോൾ**, കൃതി : *ദേവീസ്തവം*

## 3.1635 ചേടി, നീയിവിടെ. . . (ജ്യോതി)

രഥോദ്ധത

ചേടി, നീയിവിടെ വന്നിരിയ്ക്കുമോ
പാടിടാം പുതിയ കാവ്യമൊന്നു ഞാൻ
ഏറ്റുപാടുക, പുലമ്പിടുന്നിതാ
കാവ്യസുന്ദരി മനം മയക്കവേ

കവി : **ജ്യോതിർമയി**

## 3.1636 എന്നാലെന്തു നമുക്കു. . . (ഗോപകുമാർ)

ശാർദ്ദൂലവിക്രീഡിതം

എന്നാലെന്തു നമുക്കു, വന്നതു വരട്ടേ, നീ തുടങ്ങീടുകെ–
ന്നെന്നെക്കുത്തിയിളക്കിടുന്ന കവിതക്കമ്പം കണക്കെന്നിയേ;
തന്നത്താനറിയാതെപോകുമതിമോഹം വന്നുകൂടീടുകിൽ–
പ്പിന്നത്തെക്കഥ മോശ,മാ മടയനുണ്ടാമോ വിവേകോദയം?

കവി : **ശീവൊള്ളി**, കൃതി : *ഒരു കഥ*

## 3.1637 ത്രാസം നൽകിയുണർന്ന. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ത്രാസം നൽകിയുണർന്ന കാളിയഫണീന്ദ്രൻ തൻ ഫണത്തിങ്കലും,
രാസക്രീഡയിൽ വല്ലവീനടുവിലായ് വൃന്ദാവനത്തിങ്കലും,
ഹാ, സർവ്വോത്തമയാകുമാ മുരളി തൻ പാട്ടേറ്റുപാടീ ധൃതോ–
ല്ലാസം, നർത്തനമാടി തത്ക്കവിതയാൾ ഗോവിന്ദനൊന്നിച്ചുതാൻ.

കവി : **വള്ളത്തോൾ**

## 3.1638 ഹാ, വന്ദിക്കുക നാം മഹേശനെ. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

ഹാ, വന്ദിക്കുക നാം മഹേശനെ മനോജ്ഞാകാരമാം മൂടൽ മ–
ഞ്ഞീവണ്ണം വിരചിച്ചു ദൃഷ്ടികൾ മറച്ചീടുന്നവല്ലോ ശിവൻ
ഭൂവിൽ തൽകൃപയായ മൂടുപടമാണല്ലോ പരം ലോലമാ–
യേവം നമ്മുടെ ഭാവിമേലവിരതം മൂടിക്കിടക്കുന്നതു്

കവി : **കുമാരനാശാൻ**, കൃതി : *നമ്മുടെ മൂടുപടം*

## 3.1639 ഭവഭയഹരി. . . (ബാലേന്ദു)

പുഷ്പിതാഗ്ര

ഭവഭയഹരി, ഭക്തരാത്തരാഗം
ഭവദപദാനശതങ്ങൾ പാടിടുമ്പോൾ
ഇവനിനിയതുകേട്ടു മോദബാഷ്പ–
സ്രവമൊടു കോൾമയിർ പൂണ്ടു നിൽപതെന്നോ?

കവി : **വള്ളത്തോൾ** , കൃതി : *ബധിരവിലാപം*

## 3.1640 ഇനിയൊരു പരിഹാസമുണ്ടു. . . (ഉമേഷ്)

പുഷ്പിതാഗ്ര

ഇനിയൊരു പരിഹാസമുണ്ടു, ചൊല്ലാം:
ഒരുവിധമൊക്കെ വിവാഹവും കഴിഞ്ഞാൽ
ഉടനൊരു മുതുകാള മേൽക്കരേറും
ഭവതിയെ നോക്കി മഹാജനം ചിരിക്കും.

കവി : **എ. ആർ. രാജരാജവർമ്മ / കാളിദാസൻ**, കൃതി : *കുമാരസംഭവം തർജ്ജമ*

## 3.1641 ഉരഗവരനനന്തനം. . . (ബാലേന്ദു)

പുഷ്പിതാഗ്ര

ഉരഗവരനനന്തനം ജനിക്കും
മുരരിപുതന്നുടെ പൂർവ്വജത്വമോടേ
അവരുടെ പരിവാരപൗരുഷാർത്ഥം
യദുകുലധാമനി നിങ്ങളും ജനിപ്പിൻ.

കവി : **കുഞ്ചൻ നമ്പ്യാർ**, കൃതി : *ശ്രീകൃഷ്ണചരിതം മണിപ്രവാളം*

## 3.1642 അവയവനിര കോച്ചിടും. . . (ഉമേഷ്)

പുഷ്പിതാഗ്ര

അവയവനിര കോച്ചിടും തണുപ്പും
ഭുവനതലത്തെ മറച്ചിടും തമസ്സും
അവരകതളിരിൽ ഗണിച്ചിടാതാ
നവനൃവരൻ മരുവും തൊഴുത്തിലെത്തി.

കവി : **കട്ടക്കയം**, കൃതി : *ശ്രീയേശുവിജയം*

## 3.1643 അവിടവിടെ മിഴിച്ച്. . . (ബാലേന്ദു)

പുഷ്പിതാഗ്ര

അവിടവിടെ മിഴിച്ചുനോക്കിനിന്നു
വിവിധവിചേഷ്ടിതർ പൗരരപ്പുമാനെ;
സവിനയർ ചിലർ വായ്മറച്ചകയ്യാൽ–
സ്സവിധഗരോട്ടുരിയാടൽ മെല്ലെയെന്നാർ.

കവി : **വള്ളത്തോൾ**, കൃതി : *ശിഷ്യനും മകനും*

## 3.1644 സമത്വദർശീ തു. . . (ജ്യോതി)

ഉപേന്ദ്രവജ്ര

സമത്വദർശീ തു ദിവാകരോ⁄പി
തഥാ ന ഭാതീതി വദന്ത്യുലൂകാഃ
സമാനപാഠേ⁄പി തഥാ ഗുരൂണാം
വിഭേദതാ മീലിതലോചനാനാം

കവി: **ജ്യോതി**

## 3.1645 സാനന്ദേന്ദ്രാദിവൃന്ദാരക. . . (ഉമേഷ്)[247]

ശാർദ്ദൂലവിക്രീഡിതം

സാനന്ദേന്ദ്രാദിവൃന്ദാരകഗണമകുടസ്ഥേന്ദ്രനീലോപലത്താ–
ലാനമ്രാപീഡരാകെ, ക്കുവലയകലികാവീഥി മേളിച്ച മിന്നി,
തേനേറ്റം വാർന്ന നീരം പെരുകിയൊഴുകിടും ഗംഗ പോലുല്ലസിക്കും
ശ്രീനാഥൻ തൻ പദാബ്ജം കലുഷമകലുവാൻ സാദരം കുപ്പിടുന്നേൻ!

കവി: **ചങ്ങമ്പുഴ**, കൃതി: *ദേവഗീത (ഗീതഗോവിന്ദം തർജ്ജമ)*

## 3.1646 തെക്കുന്നെത്തിയ മന്ദവായുവിനെഴും. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

തെക്കുന്നെത്തിയ മന്ദവായുവിനെഴും, സമ്മോഹനസ്പർശമാർ–
ന്നുൾക്കാമ്പിങ്കൽ വരുന്നിതോർമ്മകൾ പുടം ഭേദിച്ചെഴും പോലവേ
ദിക്കെങ്ങും ചെറുതോട്ടു, മാർ, മല പൊങ്ങും പൊയ്കയും തിങ്ങിടു–
ന്നുൾക്കമ്പം കലരുന്ന വട്ടമിട്ടുമീ വണ്ടാർന്ന തണ്ടാരുകൾ.

കവി : **കുമാരനാശാൻ**

## 3.1647 ദ്യോതിയ്ക്കുന്ന ജടാഭരം. . . (രാജേഷ്)

ശാർദ്ദൂലവിക്രീഡിതം

ദ്യോതിയ്ക്കുന്ന ജടാഭരം, പുളകിതം ഗംഗാതരംഗാഞ്ചിതം,
പാതിത്തിങ്ക, ളെരിഞ്ഞിടുന്ന നയനം, സർപ്പങ്ങൾ, രുദ്രാക്ഷവും,
ശ്രീ തിങ്ങുന്ന കരങ്ങളിൽ പരശുവും മാനും ധരിയ്ക്കും ജഗ–
ജ്ജ്യോതിസ്സാം ഭഗവാനെ, യെന്നുടെ വടക്കും നാഥനെ, കൈതൊഴാം!

കവി : **നാലാങ്കൽ കൃഷ്ണപിള്ള**

[247] [*ഉമേഷ്*] ശ്ലോകം **3.1645 :** മൂലശ്ലോകം (**ജയദേവൻ**) :
സാന്ദ്രാനന്ദപുരന്ദരാദിദിവിഷദ്വൃന്ദൈരമന്ദാദരാ–
ദാനമ്രൈർമകുടേന്ദ്രനീലമണിഭിഃ സന്ദർശിതേന്ദീവരം
സ്വച്ഛന്ദം മകരന്ദസുന്ദരഗലന്മന്ദാകിനീമേദുരം
ശ്രീഗോവിന്ദപദാരവിന്ദമശുഭാസ്കന്ദായ വന്ദാമഹേ.

## 3.1648 ശിക്ഷിക്ക, നേർവഴി. . . (കർത്താ)[248]

വസന്തതിലകം

ശിക്ഷിക്ക, നേർവഴി പിഴച്ചിടവേ, മുറയ്ക്കു
രക്ഷിക്ക, ശണ്ഠകളടക്കുക എന്നമട്ടിൽ
ബന്ധുപ്രവൃത്തികൾ നടത്തുകയങ്ങു നീതാൻ;
ബന്ധുക്കളോ വിഭവമങ്ങു ഭുജിച്ചുകൊൾവൂ.

കവി : എ. ആർ, കൃതി: *ശാകുന്തളം തർജ്ജമ*

## 3.1649 ബീജസ്യാന്തരിവാങ്കുരോ. . . (വിശ്വപ്രഭ)

ശാർദ്ദൂലവിക്രീഡിതം

ബീജസ്യാന്തരിവാങ്കുരോ ജഗദിദം പ്രാങ്ങ്നിർവികൽപം പുനർ–
മായാകൽപിത ദേശകാലകലനാവൈചിത്ര്യചിത്രീകൃതം
മായാവീവ വിജൃംഭയത്യപി മഹായോഗീവ യഃ സ്വേച്ഛയാ–
തസ്മൈ ശ്രീ ഗുരുമൂർത്തയേ നമ ഇദം ശ്രീ ദക്ഷിണാമൂർത്തയേ

## 3.1650 മനോജവം. . . (രാജേഷ്)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

മനോജവം മാരുതതുല്യവേഗം
ജിതേന്ദ്രിയം ബുദ്ധിമതാം വരിഷ്ഠം
വാതാത്മജം വാനരയൂഥമുഖ്യം
ശ്രീരാമദൂതം ശിരസാ നമാമി

## 3.1651 വൃന്ദാവനേ വ്രജവധൂ. . . (ഉമേഷ്)

വസന്തതിലകം

വൃന്ദാവനേ വ്രജവധൂജനപുണ്യപൂരം,
നന്ദാത്മജം, നതജനാഖിലദുഃഖഹാരം,
ഇന്ദീവരേക്ഷണ, മനന്തശയാന, മീശം,
വന്ദേ മുകുന്ദ, വിജയോജ്വലസാരഥേ, ത്വാം.

കവി : ഉമേഷ് നായർ

## 3.1652 ഇന്ദീവരശ്യാമള. . . (ജ്യോതി)

ഇന്ദ്രവജ്ര

ഇന്ദീവരശ്യാമളകോമളാംഗം
ഇന്ദ്രാദിദേവാർച്ചിതപാദപദ്മം
സന്താനകൽപ്പദ്രുമമാശ്രിതാനാം
ബാലം മുകുന്ദം മനസാ സ്മരാമി

കൃതി : *ബാലമുകുന്ദാഷ്ടകം*

## 3.1653 സൃഷ്ടിച്ചു മർത്ത്യദേഹം. . . (രാജേഷ്)

സ്രഗ്ദ്ധര

സൃഷ്ടിച്ചു മർത്ത്യദേഹം വിധി, വിധുമുഖിമാർക്കിഷ്ടമില്ലാത്ത വേഷം
കെട്ടിച്ചു, വിത്തസമ്പാദനമതിൽ വഴി മുട്ടിച്ചു, മട്ടിച്ചു ചിത്തം,
പൊട്ടിച്ചു ഗേഹബന്ധം മമ ഭവജലധിക്കക്കരെക്കുള്ള പോതം
വെട്ടിച്ചു ഞാൻ ജയിച്ചു, ജനനി, തവ കടക്കൺ കഴക്കോൽ കിടച്ചാൽ

## 3.1654 പൂവാലെയ്തു പുരാ. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

പൂവാലെയ്തു പുരാ പുരാരിഹൃദയം പോലും ചലിപ്പിച്ച നിൻ
പുത്രൻ മന്മഥനോമനപ്രിയയുമൊത്തെന്നുള്ളിലുണ്ടിപ്പൊഴും
മുഗ്ദ്ധൻ ഞാൻ പലവാറകത്തു വരുവാൻ കെഞ്ചുമ്പൊഴെല്ലാമസ—
ന്ദിഗ്ദ്ധം നീയൊഴിയുന്നതിന്റെ പൊരുൾ ഞാനോർക്കുന്നതു,ണ്ടെങ്കിലും

കവി : വി.കെ.ജി

## 3.1655 മുട്ടാതേർപ്പെട്ടു മുവ്വാണ്ടിടയിൽ . . . (വാസുദേവൻ)

സ്രഗ്ദ്ധര

മുട്ടാതേർപ്പെട്ടു മുവ്വാണ്ടിടയിൽ മറുകരയ്ക്കെത്തിയാദ്ധീര, നാഴി—
ക്കെട്ടാളും കേരളത്തിന്നിനിയൊരുകടലും കൂടി നേടിക്കൊടുത്തു.
കെട്ടാതുണ്ടാപ്പുരപ്പിൽ, ദ്രുപദതനയ തൻ വേണി കോപം നരക്കും
മട്ടാം ഭീമാട്ടഹാസം, ഭവഹരഭഗവത് പാഞ്ചജന്യ പ്രണാദം.

## 3.1656 കാറകന്നു തെളിഞ്ഞൊരംബര. . . (കർത്താ)

മല്ലിക

കാറകന്നു തെളിഞ്ഞൊരംബരവീഥിയിൽക്കുളിർതെന്നൽപോൽ
ചേറകന്നു വിളങ്ങിടും നെടുചോലയിൽത്തെളിനീരുപോൽ
മാറിയിമ്മലരൊക്കെയെന്മനതാരിലാരിലുമൊന്നുപോൽ
ഊറിയൻപു പരക്കുമാറു തുണയ്ക്ക നീ കരുണാനിധേ.

കവി : കുമാരനാശാൻ

## 3.1657 മരങ്ങൾ താഴുന്നു. . . (രാജേഷ്)[249]

വംശസ്ഥം

മരങ്ങൾ താഴുന്നു ഫലാഗമത്തിനാൽ
പരം നമിയ്ക്കുന്നു ഘനം നവാംബുവാൽ

[248] *[ഉമേഷ്]* ശ്ലോകം **3.1648 :** മൂലശ്ലോകം (കാളിദാസൻ) :

നിയമയസി വിമാർഗ്ഗപ്രസ്ഥിതാനാത്തദണ്ഡഃ
പ്രശമയസി വിവാദം, കല്പസേ രക്ഷണായ,
അതനുഷു വിഭവേഷു ജ്ഞാതയഃ സന്തു നാമ;
ത്വയി തു പരിസമാപ്തം ബന്ധുകൃത്യം പ്രജാനാം.

[249] *[ഉമേഷ്]* ശ്ലോകം **3.1657 :** മൂലശ്ലോകം (കാളിദാസൻ / ഭർത്തൃഹരി):

ഭവന്തി നമ്രാസ്തരവഃ ഫലാഗമൈർ—
നവാംബുഭിർദൂരവിലംബിനോ ഘനാഃ
അനുദ്ധതാഃ സത്പുരുഷാഃ സമൃദ്ധിഭിഃ
സ്വഭാവ ഏവൈഷ പരോപകാരിണാം.

സമൃദ്ധിയാൽ സജ്ജനമൂറ്റമാർന്നിടാ
പരോപകാരിയ്ക്കിതു താൻ സ്വഭാവമാം

കവി : **ആറ്റൂർ കൃഷ്ണപ്പിഷാരൊടി**, കൃതി : *കേരളശാകുന്തളം*

## 3.1658 സ്ഥിതാഃ ക്ഷണം പക്ഷ്മസു. . . (ഉമേഷ്)[250]

വംശസ്ഥം

സ്ഥിതാഃ ക്ഷണം പക്ഷ്മസു, താഡിതാധരാഃ,
പയോധരോത്സേധനിപാതചൂർണ്ണിതാഃ,
വലീഷു തസ്യാഃ സ്ഖലിതാഃ, പ്രപേദിരേ
ചിരേണ നാഭിം പ്രഥമോദബിന്ദവഃ.

കവി : **കാളിദാസൻ**, കൃതി : *കുമാരസംഭവം*

## 3.1659 വാനത്തിൽ തടവില്ല. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

വാനത്തിൽ തടവില്ല, ധർമരഥമിങ്ങോടിച്ച ദാരാഭനായ്
നൂനം ഭാസ്കരനെത്തുമന്ധതമസം നിൽക്കില്ലയേ കാലവും
ഊനംവിട്ട ഭയങ്ങൾ തന്റെ നിഴലും പോം ഹന്ത! മിന്നാമിനു–
ങ്ങാനന്ദാലയമാം മഹസ്സിൽ മറയും നക്ഷത്രജാലത്തൊടും.

കവി : **കുമാരനാശാൻ**, കൃതി : *പ്രരോദനം*

## 3.1660 ഉടലിൽ പൊടി ചിതറും. . . (ഉമേഷ്)

ശങ്കരചരിതം

ഉടലിൽ പൊടി ചിതറും പടി സിതഭസ്മവുമതുപോൽ
ജട കുംഭവു, മഹി പുച്ഛവു – മിഭമൊത്തൊരു ഗിരിശൻ
പിടി തൻ വടിവൊട്ടു നിന്നിട്ടുമഗജാംഗനയുടെ മെ–
യ്യൊട്ടു കുടവെയുളവായൊരു ഗണനായക, ശരണം.

കവി : **ഉമേഷ് നായർ**

## 3.1661 പരദൂഷണപടുതയ്ക്കൊരു. . . (ജ്യോതി)

ശങ്കരചരിതം

പരദൂഷണപടുതയ്ക്കൊരു കുറവില്ലതു ഗഹനം
മനമേഷണിവിഷമേറ്റൊരു നിലയായതികഠിനം
കരുണാകര! വിഷമേക്ഷണ! തുണയാകണമുടനേ
വിരുതേറുക വിഷമുണ്മതി, നധികം ഹരി! ഹരനോ?

കവി : **ജ്യോതിർമയി**

## 3.1662 കരുണാലവമിയലാത്തൊരു. . . (ഉമേഷ്)

ശങ്കരചരിതം

കരുണാലവമിയലാത്തൊരു മനവും, പരമനജർ–

---

[250] [*ഉമേഷ്*] ശ്ലോകം **3.1658 :** പരിഭാഷ (എ. ആർ. രാജരാജവർമ്മ) :
ക്ഷണമിമകളിൽ നിന്നു, തല്ലി ചുണ്ടിൽ,
കളർമുല മേലഥ വീണടൻ തകർന്നു,
വലികളിലിടറി, ച്ചിരേണ നാഭീ–
ച്ചുഴിയിലിറങ്ങി നവീനവർഷബിന്ദു.

ക്കൊരു നന്മയുമരുളാത്തൊരു കരവും സ്വയമുടയോൻ
'ഹര ശങ്കര, ശിവ ശങ്കര, ദുരിതം കള' യിതു പോൽ
കരയുമ്പൊഴുതവനിൽ കൃപ ചൊരിയാ മമ ഭഗവാൻ!

കവി : **ഉമേഷ് നായർ**

## 3.1663 ഹിതമിങ്ങനെ കവനത്തിനു. . . (കർത്താ)

ശങ്കരചരിതം

ഹിതമിങ്ങനെ കവനത്തിനു തുനിയാനിഹ ഹൃദയേ
അണുമാത്രവുമറിയാത്തതു ദുരിതം മമ, ശിവനേ!
പരമാർത്ഥമിതറിയുന്നവനിവനെങ്കിലുമിനിയും
പരിചോടൊരു കവിതയ്ക്കൊരു മുള പൊട്ടണമുടനേ!

കവി : **ശ്രീധരൻ കർത്താ**

## 3.1664 പരിശ്രമം ചെയ്യുകിൽ. . . (ഹരി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

പരിശ്രമം ചെയ്യുകിലെന്തിനേയും
വശത്തിലാക്കാൻ കഴിവുള്ളവണ്ണം
ദീർഘങ്ങളാം കൈകളെനൽകിയത്രേ
മനുഷ്യനെപ്പാരിലയച്ചതീശൻ

കവി : **കെ. സി. കേശവപിള്ള**

## 3.1665 ദൂതീ, നിൻ നയനോത്പലദ്വയമിതാ. . . (ഉമേഷ്)[251]

ശാർദ്ദൂലവിക്രീഡിതം

ദൂതീ, നിൻ നയനോത്പലദ്വയമിതാ കൂമ്പുന്നു, നിൻ നെറ്റിയിൽ
സ്വേദം മുത്തു കണക്കെ വന്നു നിറയു, നേറ്റം കിതയ്ക്കുന്നു നീ,
ഹാ, തൻ മേനി ഗണിച്ചിടാതിരവിൽ നീ ചന്ദ്രന്റെ ചൂടേറ്റു മ–
ന്നാഥൻ തന്നുടെ വീട്ടിലോടി സഖിയെൻ സന്ദേശമേകീടുവാൻ!

കവി : **ഉമേഷ് നായർ**, കൃതി: *(പരിഭാഷ)*

## 3.1666 ഹരനും ഹരിയജനാദിയും. . . (ബാലേന്ദു)

ശങ്കരചരിതം

ഹരനും ഹരിയജനാദിയുമമരത്വമതിയലും
നരനോ ചെറുവിഷവും പലവിഷമാദികളരുളും
നഗരങ്ങളിലനുവാസരമവനുണ്മതു ഗരളം
ഒരു സംശയമരുതാരിഹ ഗരളാശനവിരുതൻ.

കവി : **ബാലേന്ദു**

[251] ***[ഉമേഷ്]*** **ശ്ലോകം 3.1665 :** ഇ-സദസ്സിനു വേണ്ടിയുള്ള ദ്രുതകവനം (ദ-ഹ ശ്ലോകം). മൂലശ്ലോകം : കാളിദാസൻ (പുഷ്പബാണവിലാസം)

ദൂതീയം നയനോത്പലദ്വയമഹോ താന്തം നിതാന്തം തവ
സ്വേദാംഭഃ കണികാ ലലാടഫലകേ മുക്താശ്രിയം ബിഭ്രതി
നിശ്വാസാഃ പ്രചുരീഭവന്തി നിതരാം ഹാ ഹന്ത! ചന്ദ്രാതപേ
യാതാ യാതവശാദ് വൃഥാ മമ കൃതേ ശ്രാന്താസി കാന്താകൃതേ!

## 3.1667 നിടിലാക്ഷിയിലെരിതീയുടെ. . . (ഉമേഷ്)

ശങ്കരചരിതം

നിടിലാക്ഷിയിലെരിതീയുടെ കളി, യമ്പിളി നദിയും
ജടയിൽ തരികിടെയെന്നതിചടുലം ദ്രുതചലനം,
കുടിലാഹികളതിഭീകരമിളകിഗ്ഗളഗരളേ
കടികൂടിന ബഹളങ്ങളു – മിതു ശങ്കരനടനം!

കവി : **ഉമേഷ് നായർ**

## 3.1668 കാണിക്കേണം കിമപി സഹജം. . . (കർത്താ)

മന്ദാക്രാന്ത

കാണിക്കേണം കിമപി സഹജം പാടവം നീ വസിക്കും
തോണിക്കേതെങ്കിലുമപകടം നേരിടുന്നാകിലപ്പോൾ
ത്രാണിക്കാകുംവിധമൊടു വിചിത്രം പതത്രം പരത്തി-
ക്ഷീണിക്കാതക്ഷണമണയണം കായലിന്നക്കരയ്ക്ക്

കവി : **വലിയകോയിത്തമ്പുരാൻ**, കൃതി : *മയൂരസന്ദേശം*

## 3.1669 തണ്ടാർസായക, മദ്ഗളത്തിൽ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

തണ്ടാർസായക, മദ്ഗളത്തിൽ ഗരളശ്രീയല്ല, നീലോത്പല–
ച്ചെണ്ടാ; നബ്ഭുജഗേശന, ല്ലുദകജത്തണ്ടാണരസ്സിങ്കൽ മേ;
കണ്ടീടുന്നതു ഭസ്മമല്ലുടലിൽ മേ, മാലേയമാ; ണെന്തിനായ്–
ക്കൊണ്ടെൻ നേർക്കു വരുന്ന നീ? വിരഹി ഞാ, നെയ്യാൻ ഹരഭ്രാന്തിയാൽ?

കവി : **ചങ്ങമ്പുഴ / ജയദേവൻ**, കൃതി : *ദേവഗീത (ഗീതഗോവിന്ദം തർജ്ജമ)*

## 3.1670 കാവിച്ചേല, ഉടുത്തസാരി. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

കാവിച്ചേല, ഉടുത്തസാരി,രജതപ്പാവാട, നീലാംബരം
പൂവഞ്ചും പുടവത്തരങ്ങൾ പലതും സന്ധ്യയ്ക്കു ളുക്കീ ഹരി
ആവിർമ്മോദവിഹംഗനാദമുരളീഗാനം പൊഴിയ്ക്കേ,പ്രിയം
താവും മട്ടു നിരന്നുകൂപ്പിയടിയിൽപ്പൊൽത്താമരക്കയ്യുകൾ

കവി : **വി.കെ.ജി**

## 3.1671 ആണ്ടിൽപ്പാതി തപസ്സു ചെയ്തു. . . (രാജേഷ്)

ശാർദ്ദൂലവിക്രീഡിതം

ആണ്ടിൽപ്പാതി തപസ്സു ചെയ്തു ധ്രുവനാം ബാലൻ, പരീക്ഷിത്തു താ–
നേഴേയേഴു ദിനത്തി, ലംഗനയൊരാൾ യാമാർദ്ധമാത്രത്തിനാൽ
നേടീ മോക്ഷമതെങ്കിലെന്തിനു വൃഥാ പാഴാക്കിടുന്നൂ ഭജി–
ച്ചീ നൽ യൗവന, മാണ്ടു നൂറു തികയുമ്പോഴോർക്ക ദൈവത്തിനെ!

കവി : **രാജേഷ് ആർ. വർമ്മ**

## 3.1672 നീലാകാശപ്പരപ്പോ തവ തനു. . . (ഉമേഷ്)

സ്രഗ്ദ്ധര

നീലാകാശപ്പരപ്പോ തവ തനു, തിരുനട്ടത്തിലൊന്നായഴിഞ്ഞാ–
ലോലാഭോഗം ഭവപ്പൂങ്കുഴലഴകിൽ വിളങ്ങുന്നതോ മേഘജാലം?
കാലാരിപ്പെൺകിടാവേ, വിധുമുഖി, വിളയാട്ടത്തിൽ നിൻ മന്ദഹാസം
പാലാഴിക്കോളിളക്കം പടി വിലസുവതോ വെണ്ണിലാവാരറിഞ്ഞൂ?

## 3.1673 കൊല്ലം കണ്ടാലൊരുവനവിടെ. . . (കർത്താ)

മന്ദാക്രാന്ത

കൊല്ലം കണ്ടാലൊരുവനവിടെത്തന്നെ പാർക്കാൻ കൊതിച്ചി–
ട്ടില്ലം വേണ്ടെന്നതു കരുതുമെന്നുള്ള ചൊല്ലുള്ളതത്രേ
കൊല്ലംതോറും പലപല പരിഷ്കാരമേറ്റപ്പുരം കേ–
ളുല്ലംഘിക്കുന്നഹഹ! വിഭവം കൊണ്ടു താം രാജധാനീം.

കവി : **കേരളവർമ്മ വലിയകോയിത്തമ്പുരാൻ**, കൃതി : *മയൂരസന്ദേശം*

## 3.1674 കല്യാവേശാൽ കലുഷമതിയാം. . . (ഉമേഷ്)

മന്ദാക്രാന്ത

കല്യാവേശാൽ കലുഷമതിയാമെന്റെ ചാപല്യമൂലം
കല്യാണാംഗിക്കതികഠിനമാമല്ലലേവം പിണഞ്ഞു
കല്യാ ദൈവാൽ കഥമപി സമുന്മൂലിതസ്വാന്തശല്യാ
കല്യാ, നിന്നാൽ പരമിഹ മമ ക്ഷേമവാർത്താം നിവേദ്യ.

കവി : **കേരളവർമ്മ വലിയകോയിത്തമ്പുരാൻ**, കൃതി : *മയൂരസന്ദേശം*

## 3.1675 കാകം, പട്ടി, പരുന്തു. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

കാകം, പട്ടി, പരുന്തു, ഗൃദ്ധ്രമിവയജ്ജീവൻ വെടിഞ്ഞുള്ളതാം
ലോകത്തിൽ തനു കീറിനാലുപുറവും പുണ്ണാക്കിടും പോലവേ
ശോകം, സാദ്ധ്വസ, മീറ, ശങ്കയിവയബ്ഭ്രപന്റെ ധീവിട്ട ഹൃ–
ത്താകപ്പാടെ മുറിപ്പെടുത്തി ദയ തെല്ലില്ലാതെയെല്ലയ്പ്പൊഴും.

കവി : **ഉള്ളൂർ**

## 3.1676 ശ്യാമപ്പൂമെത്ത. . . (ഉമേഷ്)

സ്രഗ്ദ്ധര

ശ്യാമപ്പൂമെത്ത, ചഞ്ചൽക്കുളിർവിശറി, മണീകീർണ്ണമാം നീലമേലാ–
പ്പോമൽത്തങ്കഗ്ഗളോ, പ്പീ വക വിഭവശതം ചേർന്ന കേളീഗൃഹം മേ
പ്രേമത്താലേ സ്വയം തന്നരുളിയ പരമോദാരശീലന്റെ മുന്നിൽ
കാമത്താൽ കൊച്ചുകൈക്കുമ്പിളിതഹഹ! മലർത്തുന്ന ഞാനെത്ര ഭോഷൻ!

കവി : **വള്ളത്തോൾ**, കൃതി : *കൈക്കുമ്പിൾ (സാഹിത്യമഞ്ജരി)*

## 3.1677 പ്രഭൃതാധിവ്യാധിപ്രസഭ. . . (ജ്യോതി)[252]

ശിഖരിണി

പ്രഭൃതാധിവ്യാധിപ്രസഭചലിതേ മാമകഹൃദി–

[252] [*ഉമേഷ്*] **ശ്ലോകം 3.1677 :** പരിഭാഷ (സി. വി. വാസുദേവ ഭട്ടതിരി) :

മഹാരോഗം, ദുഃഖം, പലതിവ കലക്കും കരളിൽ നിൻ

ത്വദീയം തദ്രൂപം പരമരസചിദ്രൂപമുദിയാത്
ഉദഞ്ചദ്രോമാഞ്ചോ ഗളിതബഹുഹർഷാശ്രുനിവഹോ
യഥാ വിസ്മര്യാസം ദുരുപശമപീഡാപരിഭവാൻ

കവി : **മേൽപ്പത്തൂർ**, കൃതി : *നാരായണീയം (3:8)*

## 3.1678 ഉരച്ചിട്ടെന്തേറെ?. . . (ഉമേഷ്)

ശിഖരിണി

ഉരച്ചിട്ടെന്തേറെ? ക്കനിവു തവ ചിത്തത്തിലുളവാം
വരേയ്ക്കോരോ മട്ടായ് വരദ, കരുണാലാപമൊടിവൻ
പുരോഭാഗത്തായ് നിൻ കഴലിണയകക്കാമ്പിലനിശം
സ്മരിച്ചും കുമ്പിട്ടും സ്തുതികളുരുവിട്ടും മരുവിടാം.

കവി : **സി. വി. വാസുദേവഭട്ടതിരി / മേൽപ്പത്തൂർ**, കൃതി : *നാരായണീയം തർജ്ജമ (3:10)*

## 3.1679 പാഴില്ലമൊഴിയൽപമാ;ണതിലെഴും. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

പാഴില്ലാമൊഴിയൽപമാ;ണതിലെഴും സാരം ബൃഹത്തും; ഭവാ–
നൂഴിക്കേവമണച്ച ദൗത്യമതിവർത്തിപ്പൂ ദിഗന്തങ്ങളെ;
ആഴിക്കപ്പുറവും പ്രവാചകനൊരാൾ കാതേകിപോൽ; ആന്ധ്യമേ
ചൂഴി, ല്ലാത്മദിവസ്പതേ, ദ്യുതി ലവം നീ ചേർക്കുമുൾക്കൺകളിൽ.

കവി : **യൂസഫ് അലി കേച്ചേരി**

## 3.1680 ആരമ്യശ്രീലരക്താംബരം. . . (വാസുദേവൻ)

സ്രശ്ധര

ആരമ്യശ്രീലരക്താംബരമലഘുകിഴിഞ്ഞാനിലത്തോട്ടിഴഞ്ഞും,
നീരന്ധ്രപ്പൂ നെടും കാർകുഴലഴകിലഴിഞ്ഞങ്ങു ചിന്നിക്കിടന്നും,
സാരസ്യം ചേർന്ന നാനാകിളിനിനദമണിക്കാൽച്ചിലമ്പൊച്ചപൂണ്ടും,
താരസ്വേദം പൊഴിഞ്ഞും, ഹ ഹ! നടനമിട്ടും ദേവി സന്ധ്യേ നമിക്കാം!

## 3.1681 സത്യസ്ഥനേകൻ. . . (കർത്താ)

ഇന്ദ്രവംശ

സത്യസ്ഥനേകൻ ചതുരാസ്യനാദരാൽ
ക്ഷിത്യംഗനാപങ്ക്തിയിലദ്വിതീയയായ്
അത്യദ്ഭുതം തീർത്തവളെ ദ്വിതീയയായ്
സത്യസ്ഥനന്യൻ ചതുരാസ്യനാക്കിനാൻ.

കവി : **ഉള്ളൂർ**

## 3.1682 ആറും, നിശാഗഗനതുല്യം. . . (ജ്യോതി)

മത്തേഭം

ആറും, നിശാഗഗനതുല്യം ജടാവിപിനമേറും മനോഹരശശി–

---

മഹദ്രൂപം സച്ചിത്പരസുഖമയം കണ്ടനദിനം
സഹർഷം കണ്ണീരിൽ കതിരുമുടലിൽ കോൾമയിരൊടും
ദഹിപ്പിക്കും ദേഹവ്യഥകളിവനോർക്കാതമരണം.

ക്കീറും, പദാശ്രിതരിലാറും രതീശ്വരനിൽ നീറും ത്രിലോചനമൊട്ടും,
ചീറും ഫണീന്ദ്രഗണമേറുന്ന മാറു, വിഷമേറുന്ന കണ്ഠമിവയും
ചേരും മഹേശ, വനമേറുമ്പൊഴെന്റെമനമേറീടണം കരുണയാൽ.

കവി : **മധുരാജ്**

## 3.1683 ചേടീഭവന്നിഖില. . . (ഉമേഷ്)

മത്തേഭം

ചേടീഭവന്നിഖിലഖാടീകദംബതരുവാടീഷ്യ നാകിപടലീ–
കോടീരചാരുതരകോടീ മണീകിരണകോടീകരംബിതപദാ
പാടീരഗന്ധികുചശാടീ കവിത്വപരിപാടീമഗാധിപസുതാ
ഘോടീകുലാദധികധാറ്റീമുദാരമുഖവീടീരസേന തനുതാം.

കവി : **ശങ്കരാചാര്യർ**

## 3.1684 പാരം കരിമ്പു പനസം. . . (കർത്താ)

വസന്തതിലകം

പാരം കരിമ്പു പനസം മുളകേലമിഞ്ചി
കേരം കവുങ്ങു തളിർവെറ്റിലയേത്തവാഴ
ഈ രമ്യവസ്തുതതി ചേർന്നു വിളങ്ങുമീ നൽ–
പ്പാരഗ്ര്യകൽപതരുമണ്ഡിതനന്ദനാഭം.

കവി : **ഉള്ളൂർ**

## 3.1685 ഇടിവെട്ടു ശിരസ്സിലേറ്റു. . . (ഉമേഷ്)

വസന്തമാലിക

ഇടിവെട്ടു ശിരസ്സിലേറ്റു വൃക്ഷം
പൊടിയിൽച്ചെന്നു പതിച്ചു പർവ്വതാഗ്രാൽ;
ഉടലിൽ ചെറുവല്ലി ചേർന്നുനിന്നു,
പിടിവിട്ടീല – യിതാണു സൗഹൃദം ഹാ!

കവി : **ഉമേഷ് നായർ / വാസ്സിലി ഷുഖോവ്സ്കി**

## 3.1686 ഉള്ളംകൈകൾ ചുകന്നു. . . (ഹരി)[253]

ശാർദ്ദൂലവിക്രീഡിതം

ഉള്ളംകൈകൾ ചുകന്നു,തോളുകൾ തളർന്നീടുന്നു കുംഭം വഹി–
ച്ചുള്ളിൽ തിങ്ങിന വീർപ്പിനാൽ കുതിഉടർന്നീടുന്നു വക്ഷസ്ഥലം
കൊള്ളാഞ്ഞാസ്യമതിൽ ശ്രമാംബു വിസരം പൂങ്കർണികാഗ്രങ്ങളിൽ
തള്ളുന്നു ചിതറുന്ന കുന്തലുമൊരേ കൈകൊണ്ടു ബന്ധിക്കയാൽ

കവി : **എ. ആർ. രാജരാജ വർമ**, കൃതി : *ശാകുന്തളം*

[253] [*ഉമേഷ്*] ശ്ലോകം **3.1686 :** മൂലശ്ലോകം (**കാളിദാസൻ**) :

സ്രസ്താംസാവതിമാത്രലോഹിതതലൗ ബാഹൂ ഘടോത്ക്ഷേപണാ-
ദദ്യാപി സ്തനവേപഥും ജനയതി ശ്വാസഃ പ്രമാണാധികഃ
ബദ്ധം കർണ്ണശിരീഷരോധി വദനേ ഘർമ്മാംഭസാം ജാലകം
ബന്ധേ സ്രംസിനി ചൈകഹസ്തയമിതാഃ പര്യാകുലാഃ മൂർദ്ധജാഃ

### 3.1687 കേഴും കുട്ടികൾ, വൃത്തികെട്ട. . . (ഉമേഷ്)[254]

ശാർദ്ദൂലവിക്രീഡിതം

കേഴും കുട്ടികൾ, വൃത്തികെട്ട തൊടിയും, ചോരുന്ന മ, ച്ചെപ്പൊഴും
വാഴും മൂട്ടകളുള്ള ശയ്യ, പുക മൂടീടുന്ന വീട്ടിന്നകം,
പോഴത്തം പറയുന്ന ഭാര്യ, കലിയാൽ തുള്ളുന്ന കാന്തൻ, തണു–
പ്പാഴും വെള്ളമഹോ കുളിപ്പതിനു – ഹാ കഷ്ടം ഗൃഹസ്ഥാശ്രമം!

കവി : **ഉമേഷ് നായർ**, കൃതി: *(പരിഭാഷ)*

### 3.1688 പ്രമുദിതേന ച തേന. . . (ജ്യോതി)

ദ്രുതവിളംബിതം

പ്രമുദിതേന ച തേന സമം തദാ
രഥഗതോ ലഘു കുണ്ഡിനമേയിവാൻ
ഗുരുമരുത്പുരനായക, മേ ഭവാൻ
വിതനുതാം തനുതാം നിഖിലാപദാം.

കവി : **മേൽപ്പത്തൂർ**, കൃതി : *നാരായണീയം*

### 3.1689 ഗജഭുജംഗവിഹംഗമ. . . (ഉമേഷ്)

ദ്രുതവിളംബിതം

ഗജഭുജംഗവിഹംഗമബന്ധനം
ശശിദിവാകരയോർ ഗ്രഹപീഡനം
മതിമതാം ച സമീക്ഷ്യ ദരിദ്രതാം
വിധിരഹോ ബലവാനിതി മേ മതിഃ

കവി : **ഭർതൃഹരി**, കൃതി : *നീതിശതകം*

### 3.1690 മണികളായിരമുണ്ടു. . . (ജ്യോതി)

ദ്രുതവിളംബിതം

മണികളായിരമുണ്ടു പരന്നഹോ!
പണി,യതൊന്നു പെറുക്കിയടുക്കുവാൻ
നലമൊടായവ ചേർത്തു കൊരുത്തിടാ–
മണിയണം മണിമാല മനോഹരം

കവി : **ജ്യോതിർമയി**

### 3.1691 നിടിലലോചന. . . (കർത്താ)

ദ്രുതവിളംബിതം

നിടിലലോചന! നിൻ തിരുമേനി ത–
ന്നടിയൊഴിഞ്ഞവലംബനമില്ല മേ
പിടി പുറപ്പുമരിപ്പുമറുത്തു നീ
നടനമാടുക നമ്മിലനാരതം.

കവി : **കുമാരനാശാൻ**

[254] *[ഉമേഷ്]* ശ്ലോകം **3.1687 :** ഇ-സദസ്സിനു വേണ്ടിയുള്ള ദ്രുതകവനം (ക). മൂലശ്ലോകം :

ക്രോശന്തഃ ശിശവഃ, സവാരിസദനം, പങ്കാവൃതം ചാങ്കണം,
ശയ്യാ ദംശവതീ ച രൂക്ഷമശനം, ധൂമേന പൂർണ്ണം ഗൃഹം,
ഭാര്യാ നിഷ്ഠുരഭാഷിണീ, പ്രഭുരപി ക്രോധേന പൂർണ്ണഃ സദാ
സ്നാനം ശീതളവാരിണാഹി സതതം – ധിഗ് ധിഗ് ഗൃഹസ്ഥാശ്രമം!

## 3.1692 പ്രബുധിതാനഥ. . . (ജ്യോതി)[255]

ദ്രുതവിളംബിതം

പ്രബുധിതാനഥ 'പാലയ പാലയേ'–
ത്യുദയദാർത്തരവാൻ പശുപാലകാൻ
അവിതുമാശു പപാഥമഹാനലം
കിമിഹ ചിത്രമയം ഖലു തേ മുഖം.

കവി : **മേൽപത്തൂർ**, കൃതി : *നാരായണീയം*

## 3.1693 അരിയ ഭക്തി കലർന്നൊരു. . . (കർത്താ)

ദ്രുതവിളംബിതം

അരിയ ഭക്തി കലർന്നൊരു ഭൂപനം
ഹരിദിനം പതിവായ് പ്രയതാശയൻ
ദുരിതനാശകമെന്നഥനോട്ടുതാൻ
ശരിവരേയ്ക്കുഭജിച്ചു മുകുന്ദനെ.

കവി : **പന്തളം കേരളവർമ്മ**

## 3.1694 ദദൃഷി രേവതഭൂഭൃതി. . . (ഉമേഷ്)[256]

ദ്രുതവിളംബിതം

ദദൃഷി രേവതഭൂഭൃതി രേവതീം
ഹലഭൃതേ തനയാം വിധിശാസനാത്
മഹിതമുത്സവഘോഷമപൂപുഷഃ
സമുദിതൈർമുദിതൈഃ സഹ യാദവൈഃ

കവി : **മേൽപ്പത്തൂർ**, കൃതി : *നാരായണീയം (78:2)*

## 3.1695 മദനമോഹിനി പദ്മിനി. . . (കർത്താ)

ദ്രുതവിളംബിതം

മദനമോഹിനി പദ്മിനി തൻ ഗുണം
മദമിയന്ന മഹമ്മദനായകൻ
തദനതപ്ലുവണാതിഥിയാക്കിനാ–
നദയമംഗജനം സ്വധനർഗ്ഗനം.

കവി : **പന്തളം കേരളവർമ്മ**

## 3.1696 തളിരുതോറ്റ കരം. . . (രാജേഷ്)

ദ്രുതവിളംബിതം

തളിരുതോറ്റ കരം സിഗരറ്റുമായ്

---

[255] [*ഉമേഷ്*] **ശ്ലോകം 3.1692 :** പരിഭാഷ (സി. വി. വാസുദേവ ഭട്ടതിരി) :
അവരുണർന്നു കരഞ്ഞു "ഉണയ്ക്ക"കെ–
ന്നവശരായ്; ഉണ ചെയ്യുവതിന്നു നീ
ദവഹുതാശനെയന്നു കുടിച്ചു പോൽ;
തവ മുഖം ശിഖി, വിസ്മയമെന്തിതിൽ?

[256] [*ഉമേഷ്*] **ശ്ലോകം 3.1694 :** പരിഭാഷ (സി. വി. വാസുദേവ ഭട്ടതിരി) :
വിധി വിധിക്കവെ രേവതഭൂമിപൻ
തനയ രേവതിയെബ്ബലനേകിനാൻ
പ്രമദമാർന്ന യദുക്കൾ നടത്തിനാർ
സുമഹിതം മഹി തന്നിൽ മഹോത്സവം.

ലളിതമാമധരത്തൊടു ചേർത്തുടൻ
മതി കെടുത്തിന പുഞ്ചിരി തൂകിടും
മദമെഴുന്ന മദാമ്മയെ നോക്കുവിൻ.

കവി : **രാജേഷ് ആർ. വർമ്മ**

## 3.1697 മത്തായി മദ്യം. . . (ഹരി)

ഇന്ദ്രവജ്ര

മത്തായി മദ്യം മുറപോൽ കുടിച്ചു
മത്തായി വീട്ടിൽ പുകിലായിനിൽക്കേ
മത്തായി വെച്ചീടിന കോലിനാൽ മർ–
മ്മത്തായി പത്നീം പ്രഹരം ചകാര

കവി : **ഹരിദാസ്**

## 3.1698 മദനവേദനയാ ഖലു. . . (ജ്യോതി)

ദ്രുതവിളംബിതം

മദനവേദനയാ ഖലു കാതരാ–
മതിബലാ 'മബലാ 'മിതി ഭാവയൻ
മഥിതമന്മഥമാനസപൂരുഷ–
സ്ത്വകരുണഃ, സഖി! ചിന്തയ ശങ്കരം!

കവി : **ജ്യോതിർമയി**

## 3.1699 മദനകാതരയായ്. . . (രാജേഷ്)

ദ്രുതവിളംബിതം

മദനകാതരയായവളെസ്സദാ
മദനമാലു പെരുത്തൊരു പൂരുഷൻ
അബലയെന്നു വിളിക്കുവതോർക്കൊലാ
മദനവൈരിയെയോർക്കുകയെപ്പൊഴും

കവി : **രാജേഷ് ആർ വർമ്മ**. കഴിഞ്ഞ ശ്ലോകത്തിന്റെ പരിഭാഷ.

## 3.1700 അവധിയറ്റു. . . (കർത്താ)

ദ്രുതവിളംബിതം

അവധിയറ്റു കയർത്തിടുമബ്ധിയിൽ–
ഭുവനവല്ലഭനും ഭടസംഘവും
ലവണവാരി കുടിച്ചുമറിഞ്ഞഹോ!
വിവശരായി വെടിഞ്ഞിതസുക്കളെ.

കവി : **കട്ടക്കയം**

## 3.1701 ലപന്നച്യുതാനന്ദ. . . (ജ്യോതി)

ഭുജംഗപ്രയാതം

ലപ്'ന്നച്യുതാനന്ദ ഗോവിന്ദ വിഷ്ണോ
മുരാരേ ഹരേ നാഥ നാരായ"ണേതി
യഥാനസ്മരിഷ്യാമി ഭക്ത്യാ ഭവന്തം
തഥാ മേ ദയാശീല ദേവ പ്രസീദ

കവി : **ശങ്കരാചാര്യർ**, കൃതി : *വിഷ്ണുഭുജംഗം*

## 3.1702 യുക്തിയ്ക്കെല്ലാമതീതം. . . (ഋഷി)

സ്രഗ്ദ്ധര

യുക്തിയ്ക്കെല്ലാമതീതം പരമൊരുപൊരുളുണ്ടായതിൻ നാമമത്രേ
ഭക്ത്യുദ്രേകം ഭവാനിൽപ്പരപുരുഷപരബ്രഹ്മസായൂജ്യമെത്താൻ
മർത്ത്യന്നോർത്താലെളുപ്പം, പഥമിതിഹ ലഭിച്ചീട്ടുവാൻ നിൻപദം ഞാൻ
നൃത്യൽപ്പത്മപ്രഭാരഞ്ജിതമനനിമിഷം ഹൃത്തിലോർക്കാവു നിത്യം.

കവി : **എം. കേശവൻ എമ്പ്രാന്തിരി**, കൃതി : *സമാധാനം*

## 3.1703 മേഘം മദ്ദളമാക്കിട്ടും. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

മേഘം മദ്ദളമാക്കിട്ടും കഥകളീരംഗത്തു വെൺചേങ്കില–
ത്താളം കേളികൾ കൊട്ടിയെന്നുമുണരും സോപാനസംഗീതമായ്
ആകാശത്തു ചുവന്ന സന്ധ്യ തിരപൊക്കുമ്പോൾ കൊളുത്തുന്നിതാ
കാലം കേളിവിള, ക്കൊരുങ്ങി നിശയും വന്നു പുറപ്പാടിനായ്

കവി : **ബാലേന്ദു**, കൃതി : *ഇളം നിലാവ്*

## 3.1704 അതിമിനസമിദാനീമൊന്നു. . . (ഋഷി)

മാലിനി

അതിമിനസമിദാനീമൊന്നു ചൊല്ലേണമെന്നാൽ
മതിമുഖിമണിയാളേ! ഹന്ത! നിന്നോടുവേണം
കഥപറകിലുറങ്ങും നീയഹോ പിന്നെ മൂള–
ന്നതിനിവിടെ വിളക്കോ, കട്ടിലോ, കട്ടുറുമ്പോ?

കവി : **വെണ്മണി മഹൻ നമ്പൂതിരി**

## 3.1705 കാമേനോജ്ജയിനീം ഗതേ മയി. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

കാമേനോജ്ജയിനീം ഗതേ മയി തദാ കാമപ്യവസ്ഥാം ഗതേ
ദൃഷ്ട്വാ സ്വൈരമവന്തിരാജതനയാം പഞ്ചേഷവഃ പാതിതാഃ
തൈരദ്യാപി സശല്യമേവഹൃദയം ഭൂയശ്ച വിദ്ധാ വയം
പഞ്ചേഷുർമദനോ യദാ കഥമയം ഷഷ്ഠഃ ശരഃ പാതിതഃ!

കവി : **ഭാസൻ**, കൃതി : *സ്വപ്നവാസവദത്തം*

## 3.1706 തളർന്നു വീഴും കരളിൻ. . . (ഋഷി)

ഉപേന്ദ്രവജ്ര

തളർന്നു വീഴും കരളിന്നിളന്നീ–
രാവട്ടെയിബ്ഭാരതകൽപവൃക്ഷം
വിളക്കുമാടങ്ങളിലേയ്ക്കു വീണ്ടും
നയിച്ചിടട്ടേ കവിതന്നൃഷിത്വം

കവി : **രമേശൻ നായർ**, കൃതി : *ഋഷിപൂജ*

## 3.1707 വെയ്‌ലും ന്‌ലാവും വിഴുങ്ങി. . . (കർത്താ)

സ്രഗ്ദ്ധര

വെയ്‌ലും ന്‌ലാവും വിഴുങ്ങിക്കനലൊളി നടുവിൽക്കാലുമൂന്നിപ്പിടിച്ച–
മ്മയ്‌ലിന്മേലാട്ടമുണ്ണീ, മറയരുതു മനോമൗനവീട്ടിൻ വിളക്കേ,
റെയ്‌ലിൻ വേഗം ജയിക്കും ജരനര മുതലാം മൂഢരും ഞാനുമായി–
ജ്ജെയ്‌ലിൽ പാർപ്പാൻ ഞെരുക്കം ജവമയി പരമൻ ചിത്സുഖം നൽകിടേണം.

കവി : **ശ്രീനാരായണഗുരു**

## 3.1708 റോഡുമാർഗ്ഗമതണഞ്ഞ. . . (ജ്യോതി)

രഥോദ്ധത

റോഡുമാർഗ്ഗമതണഞ്ഞ മാബലി–
യ്ക്കായിരം വചനമുണ്ടു നന്ദിയായ്
ദൂരമൊട്ടു കുറയുന്നു നിത്യവും
കേരളം കുഴികളാലടുത്തുപോയ്!

കവി : **ജ്യോതിർമ്മയി**

## 3.1709 ദാരിതാതിഘന ദാരികാദമിത. . . (കർത്താ)

കുസുമമഞ്ജരി

ദാരിതാതിഘന ദാരികാദമിത ദാരുണാഘനികരശ്ചടാ–
മാരമാരണ മരാ മരാള മണിമത്തരാഗ പരമാനിനീ
ശൂരശൂരദനസൂനസാരമരതാരകാസുര രിപുപ്രസൂ–
രാജരാജരമണീരപാരപിതരാജിതാമല പദാവതാം.

കവി : **ശ്രീനാരായണഗുരു**

## 3.1710 ശരജ്ജ്യോത്സ്നാശുഭ്രാം. . . (ജ്യോതി)

ശിഖരിണി

ശരജ്ജ്യോത്സ്നാശുഭ്രാം ശശിയുതജടാജൂടമകുടാം
വരത്രാസത്രാണസ്ഫടികഘുടികാപുസ്തകകരാം
സകൃന്നത്വാ ന ത്വാം കഥമിവ സതാം സന്നിദധതേ
മധുക്ഷീരദ്രാക്ഷാമധുരിമധുരീണാ ഫണിതയഃ

കവി : **ശങ്കരാചാര്യർ**, കൃതി : *സൗന്ദര്യലഹരി*

## 3.1711 സൃഷ്ട്വേദം പ്രകൃതേരന്യ. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

സൃഷ്ട്വേദം പ്രകൃതേരനപ്രവിശതീയേയം യയാ ധാര്യതേ
പ്രാണീതി പ്രവിവിക്തഭുഗ് ബഹിരഹം പ്രാജ്ഞസ്സുഷുപ്തൗ യതഃ
യസ്യാമാത്മകലാ സ്ഫുരത്യഹമിതിപ്രത്യന്തരങ്ഗം ജനൈർ
യസ്യൈ സ്വസ്തി സമർത്ഥ്യതേ പ്രതിപദാ പൂർണാ ശൃണു ത്വം ഹി സാ.

കവി : **ശ്രീനാരായണഗുരു**

## 3.1712 യാതൊന്നില്ലെന്നു വന്നാൽ. . . (രാജേഷ്)

സ്രഗ്ദ്ധര

യാതൊന്നില്ലെന്നു വന്നാൽ ഭുവനമഖിലമിമ്മട്ടിൽ നിൽക്കില്ലയെന്ന–
ല്ലാതങ്കം, സൗഖ്യമെന്നുള്ളതുമിഹ സമമായ് കാണ്മവാനും പ്രയാസം
ഭൂതങ്ങൾക്കൊക്കെയുള്ളിൽ ബഹിരപി വിലസീടുന്നതാ, യിന്നപോലെ–
ന്നോതാവല്ലാത്തൊരശ്ശക്തിയെയഹമനിശം ഭക്തിപൂർവം തൊഴുന്നേൻ!

കവി : **കെ. സി. കേശവപിള്ള**, കൃതി : *സുഭാഷിതരത്നാകരം*

## 3.1713 ഭയം ദ്വിതീയാഭി. . . (ജ്യോതി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ഭയം ദ്വിതീയാഭിനിവേശതഃ സ്യാ–
ദീശാദപേതസ്യ വിപര്യയോഽസ്മൃതിഃ
തന്മായയാതോബുധ ആഭജേത്തം
ഭക്ത്യൈകയേശം ഗുരുദേവതാത്മാ

കവി : **വ്യാസൻ**, കൃതി : *ഭാഗവതം (11)*

## 3.1714 തോട്ടിൽക്കൂടി ത്വരിതതരം. . . (കർത്താ)

മന്ദാക്രാന്ത

തോട്ടിൽക്കൂടി ത്വരിതതരമത്തോണി ചൊവ്വായൊഴുക്കിൻ
പാട്ടിൽക്കൂടീട്ടഴകൊടൊഴുകിക്കായലിൽ ചെന്നുചേർന്നാൽ
ബോട്ടിൽക്കേറിബ്ബഹുസരസമായ്പ്പാട്ടു പാടിച്ചുപോകും
നാട്ടിൽ കേൾപ്പുള്ളവർ ചിലർ നിനക്കക്ഷിലക്ഷീഭവിക്കും.

കവി : **കേരളവർമ്മ വലിയകോയിത്തമ്പുരാൻ**

## 3.1715 ബാല്യം നിൻ തോളിലേറി. . . (ജ്യോതി)

സ്രഗ്ദ്ധര

ബാല്യം നിൻ തോളിലേറി,പ്പലകളികൾ കളിച്ചൂ, പഴം തിന്നു മുറ്റം
ചാലേ നിൻകീഴെ നർമ്മോത്സുകസഹജരുമൊത്താസ്വദിച്ചൂ യുവത്വം
പിന്നെസ്സ്വാർഥം മുഴുത്തെൻ കരമഴു മുറിവേൽപ്പിച്ചു നിൻകൊമ്പിനെത്താ–
നിത്രയ്ക്കായിട്ടു, മിന്നീയവശന നിവരാനുന്നു നീ നൽകിയില്ലേ!

കവി : **ഡോ. പി. സി. രഘുരാജ്**

### 3.1716 പ്രിയം പറഞ്ഞടുത്തു. . . (രാജേഷ്)

പഞ്ചചാമരം

പ്രിയം പറഞ്ഞടുത്തു വന്ന പുൽകിടുന്ന കാന്തനും
പ്രിയങ്ങളൊക്കെയും നടത്തി നീ വളർത്ത മക്കളും
യമൻ വരുന്ന നേരമാരുമെത്തുകില്ല കാക്കുവാൻ
യമാന്തകന്റെ പാദമോർക്ക സർവ്വവും വെടിഞ്ഞു നീ

കവി : **രാജേഷ് ആർ. വർമ്മ**

### 3.1717 യാദസ്തോമം തിമിർക്കും. . . (ഉമേഷ്)

സ്രശ്ധര

യാദസ്തോമം തിമിർക്കും കടൽ മണിയറയാം; യോഗവിദ്യേ, വിഷാഗ്നി–
ക്ഷോദം പാടേ പൊഴിക്കും ഫണി പരിചിയലും മെത്തയാ, ണത്രയല്ല,
മോദത്താൽ ദാസിയാം പൂമക, ളധിഗതമാം വിശ്വരക്ഷാധികാരം;
സാദം പറ്റാതെ സർവ്വോത്തരമഹിമ ഭവത്സേവകന്നേവമുണ്ടാം.

കവി : **വള്ളത്തോൾ**, കൃതി : *ദേവീസ്തവം*

### 3.1718 മൃദുപദാംബുജ. . . (ഹരി)

ദ്രുതവിളംബിതം

മൃദുപദാംബുജതാഡനമേൽക്കവേ
മദമകന്നടിതൂപ്പിയ കാളിയൻ
യദുകുലോത്തമ,കേരളമാകവേ
നദികളിൽ കുടിയേറി രസിപ്പതോ?

കവി : **ഹരിദാസ്**

### 3.1719 യോഗം കുറഞ്ഞു. . . (കർത്താ)

വസന്തതിലകം

യോഗം കുറഞ്ഞു ബഹുനിസ്വതയാർന്നപാരം
രോഗംകടന്നുപിടിപെട്ടുഴലുന്നവർക്കും
ഭോഗം പെടാത്ത നിജ ജീവനിലേറിടുന്ന
രാഗം ധരാധവനുമുള്ളതിൽ മീതെയത്രേ.

കവി : **പന്തളം കേരളവർമ്മ**

### 3.1720 ഭീഷ്മദ്രോണതടാ. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

ഭീഷ്മദ്രോണതടാ ജയദ്രഥജലാ ഗാന്ധാരനീലോപലാ
ശല്യഗ്രാഹവതീ കൃപേണവഹനീ കർണ്ണേന വേലാകുലാ
അശ്വത്ഥാമവികർണ്ണഘോരമകരാ ദുര്യോധനാവർത്തിനീ
സോത്തീർണ്ണാ ഖലു പാണ്ഡവൈഃ രണനദീ കൈവർത്തകഃ കേശവഃ

### 3.1721 അബ്ദാർദ്ധേന ഹരിം. . . (രാജേഷ്)

ശാർദ്ദൂലവിക്രീഡിതം

അബ്ദാർദ്ധേന ഹരിം പ്രസന്നമകരോദൗത്താനപാദിശ്ശിശു,–
സ്സപ്താഹേന നൃപഃ പരീക്ഷി, ദബലാ യാമാർദ്ധതഃ പിംഗളാ
ഖട്വാംഗോ ഘടികാദ്വയേന – നവതി പ്രായോപി തന്നവ്യഥേ
തം കാരുണ്യനിധിം പ്രപദ്യ ശരണം ശേഷായുഷാ തോഷയേ

കവി : **ചേലപ്പറമ്പു നമ്പൂതിരി**

## 3.1722 ഖേദത്തെ നീക്കുമൊരു. . . (കർത്താ)

വസന്തതിലകം

ഖേദത്തെ നീക്കുമൊരു കൗമുദി പോലെഴുന്ന
പാദത്തെയും പരയെയും പരിചിൽക്കടന്നു
ബോധത്തെയും പണയമിട്ടു ബുഭുക്ഷയറ്റു
മോദത്തൊടെന്നമൃതവാരിധി മുങ്ങുമോ ഞാൻ.

കവി : **കുമാരനാശാൻ**, കൃതി : *ശിവജ്ഞാനപഞ്ചകം*

## 3.1723 ബർഹോത്തംസവിലാസികുന്തളഭരം. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ബർഹോത്തംസവിലാസികുന്തളഭരം, മാധുര്യമുഗ്ദ്ധാനനം,
പ്രോന്മീലന്നവയൗവനം, പ്രവിലസദ്വേണുപ്രണാദാമൃതം,
ആപീനസ്തനകുഡ്മളാഭിരഭിതോ ഗോപീഭിരാരാധിതം,
ജ്യോതിശ്ചേതസി നശ്ചകാസ്തു ജഗതാമേകാഭിരാമാദ്ഭുതം.

കവി : **ലീലാശുകൻ**, കൃതി : *ശ്രീകൃഷ്ണകർണ്ണാമൃതം*

## 3.1724 ആവിശ്ചിന്താഭരം. . . (കർത്താ)

മന്ദാക്രാന്ത

ആവിശ്ചിന്താഭരമവനരിപ്പാട്ടു വാണോരുകാലേ
സേവിക്കാനായ് ഗുഹനെയൊരുനാളാസ്ഥയാ പോയനേരം
ഭാവിശ്രേയഃപിശുനശകുനം കണ്ടുപോൽ നീലകണ്ഠം
കോവിൽക്കെട്ടിൽ ക്വചന ഭഗവദ്വാഹനം മോഹനാങ്ഗം.

കവി : **വലിയകോയിത്തമ്പുരാൻ**, കൃതി : *മയൂരസന്ദേശം*

## 3.1725 ഭ്രാജൽപിഞ്ഛാവതംസ. . . (ജ്യോതി)

സ്രഗ്ദ്ധര

ഭ്രാജൽപിഞ്ഛാവതംസപ്രഭുവഭിനയവിജ്ഞാനവാരാശി, ഗോപീ–
രാജീവാക്ഷീജനാലാപന,നടനവിശേഷങ്ങൾ വിശ്വോത്തരങ്ങൾ,
സൗജന്യേന്ദുപ്രഭാമണ്ഡലരജതകലാദീപമമ്ലാനശോഭം,
കൂജത്സംഗീതവൃക്ഷച്ഛദനിബിഡവനം മോഹനം രാസലാസ്യം.

കവി : **വി.കെ.ജി**, കൃതി : *അവിൽപ്പൊതി*

## 3.1726 സ്വാനിഷ്ജനങ്ങൾ. . . (കർത്താ)

വസന്തതിലകം

സ്വാനിഷ്ജനങ്ങൾ പവിഴക്കൊടിയെന്നു തെറ്റായ്
ധ്യാനിച്ചുകൊണ്ടു ഹരണത്തിനണഞ്ഞനേരം
ഈ നിർമ്മലക്ഷിതി,യടുപ്പൊരു ശത്രുവിന്റെ
ഹാനിക്കുപറ്റിയ തിമിംഗിലമായിരുന്നു.

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

## 3.1727 ഇന്നേ മുതൽക്കയി. . . (രാജേഷ്)

വസന്തതിലകം

"ഇന്നേ മുതൽക്കയി നിനക്കു തപോധനത്താൽ
സിദ്ധിച്ച ദാസനിവ"നെന്നഥ ചന്ദ്രചൂഡൻ
കൽപ്പിക്കവേ സുമുഖി മാലഖിലം മറന്നാൾ;
ക്ലേശം ഫലിക്കിലതു താൻ പുതുതായ സൗഖ്യം

കവി : **എ ആർ രാജരാജ വർമ്മ**, കൃതി : *ഭാഷാകുമാരസംഭവം*

## 3.1728 കണ്ടാലാർക്കും കൃതകപതഗം. . . (കർത്താ)

മന്ദാക്രാന്ത

കണ്ടാലാർക്കും കൃതകപതഗം തന്നെയാണെന്നതല്ലാ–
തുണ്ടാകൊല്ലാ മനമതിൽ മറിച്ചെണ്ണമവ്വണ്ണമായി
മിണ്ടാതേ കണ്ടതിനുമുകളിൽ ചേർന്നു ചേണാർന്ന നിന്നെ–
ക്കൊണ്ടാടും കണ്ടിരുകരയിലും നോക്കിനിൽക്കുന്ന ലോകം.

കവി : **വലിയകോയിത്തമ്പുരാൻ**, കൃതി : *മയൂരസന്ദേശം*

## 3.1729 മാവിൻകൊമ്പിലിരുന്നു. . . (വാസുദേവൻ)

ശാർദ്ദൂലവിക്രീഡിതം

മാവിൻകൊമ്പിലിരുന്നു പൂങ്കുയിലിടക്കിന്നും വസന്തങ്ങളിൽ–
ക്കൂവും, വണ്ടു മുഴക്കിടും സ്മരധനുർജ്ജ്യാനാദമന്ത്രാക്ഷരം,
തൂവും ചുറ്റിനടന്നു വാർമണമിളം താർത്തെന്നൽ – എന്താകിലെ–
ന്താവുന്നില്ല, മനസ്സിനിന്നൊരു മദം കേറ്റാനവയ്ക്കൊന്നിനും.

കവി : **കെ.എൻ.ഡി**

## 3.1730 താളം തെറ്റിയ്ക്കുമിജ്ജീവിത. . . (ജ്യോതി)

സ്രഗ്ദ്ധര

താളം തെറ്റിയ്ക്കുമിജ്ജീവിതസുഖമഖിലം വാർദ്ധകശ്രാന്തിവന്നാൽ
മാലേറ്റീടുന്ന രോഗം പിടിപെടുകിലഹോ പിന്നെയോതേണ്ടതുണ്ടോ?
ശ്രീലേന്ദ്രാശ്മാഭിരാമാകൃതിയുടെ സതതദ്ധ്യാനമല്ലാതെ മറ്റെ–
ന്താലംബം ദീർഘകാലാമയദുരിതഭരം ഹന്ത, ദൂരീകരിയ്ക്കാൻ?

കവി : **വി.കെ.ജി**

## 3.1731 ശ്രീമത്താകും സലിലമിരവിൽ. . . (കർത്താ)

മന്ദാക്രാന്ത

ശ്രീമത്താകും സലിലമിരവിൽ ചന്ദ്രശാലേന്ദുകാന്ത–
സ്തോമം വർഷിപ്പളവടിയിൽനിന്നായതുണ്ണും ഘനങ്ങൾ
ഭീമഗ്രീഷ്മത്തിലുമുദധിയെത്തള്ളി നീലാശ്മദംഭാ–
ലാ മഞ്ജുശ്രീസദനനിരതൻ ഭിത്തിമേൽപ്പാർത്തിടുന്നു.

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

## 3.1732 ഭയമൊരു ലവലേശം. . . (ജ്യോതി)

മാലിനി

ഭയമൊരു ലവലേശം പോലുമില്ലാതെയാകും
തുണയരുളുവതിന്നായെന്നുമെന്നൊപ്പമെങ്കിൽ
ഘനഘനിതതമസ്സിൽപ്പെട്ടു,നട്ടം തിരിഞ്ഞീ
വനമതിലുഴലുമ്പോൾ തോഴനായ് നീ വരില്ലേ?

കവി : **ജ്യോതിർമയി**

## 3.1733 ഘൃതമൊഴിച്ചിനി. . . (രാജേഷ്)

ദ്രുതവിളംബിതം

ഘൃതമൊഴിച്ചിനിയെന്തുമശിച്ചിടാ–
മിതി വിധിച്ചിവനോടു ഭിഷഗ്വരൻ.
അതു നിമിത്തമനാകുലമെന്തിലും
ഘൃതമൊഴിച്ചു കുഴച്ചു കഴിപ്പു ഞാൻ.

കവി : **രാജേഷ് ആർ. വർമ്മ**

## 3.1734 അങ്കണേ ഘടിതരിംഘണം. . . (ജ്യോതി)

കുസുമമഞ്ജരി

അങ്കണേ ഘടിതരിംഘണം ചലിതകിങ്കിണീകൃതഘണാഘണം
ചഞ്ചലാളകകുലാകുലം തരളലോചനം ദുരിതമോചനം
അങ്കുരദ്വിശദ ദന്തകുഡ്മളവിലോഭനീയ വദനാംബുജം
ശംബരേശമപി ചിന്തയാമി ശിശുമിന്ദ്രനീല മണിമേചകം

## 3.1735 ആമോദാലമ്പലപ്പൊയ്കയിൽ. . . (കർത്താ)

സ്രഗ്ദ്ധര

ആമോദാലമ്പലപ്പൊയ്കയിലിളകുമിളംകാറ്റുമേറ്റിട്ടുപിന്നീ–
ടാമോദത്തോടൊരുന്നാൾ സുമധുരമധുപാനത്തിനായത്യുപായാൽ
ശ്രീമൽസന്ധ്യക്കതിൻ നിർമ്മലവദനവികാസം തുളുമ്പീടുമെന്നോർ–
ത്തോമൽത്തീരപ്രദേശത്തെഴുമൊരു ചെറുകാർവണ്ടിനെക്കണ്ടുവോ നീ.

കവി : **വെണ്മണി മഹൻ**, കൃതി : *(പരിഭാഷ : പശ്യ ത്വം ഭൃംഗപോതം കമപി കമുദിനീ...)*

## 3.1736 ശശീ ദിവസധൂസരോ. . . (ഉമേഷ്)

പൃഥ്വി

ശശീ ദിവസധൂസരോ, ഗളിതയൗവനാ കാമിനീ,
സരോ വിഗതവാരിജം, മുഖമനക്ഷരം സ്വാകൃതേഃ,
പ്രഭുർദ്ധനപരായണസ്സതതദുർഗ്ഗതിസ്സജ്ജനോ
നൃപാങ്കണഗതഃ ഖലോ – മനസി സപ്തശല്യാനി മേ.

കവി : **ഭർത്തൃഹരി**

## 3.1737 പ്രാണേശിത്രി, പ്രണയമസൃണേ. . . (കർത്താ)

മന്ദാക്രാന്ത

പ്രാണേശിത്രി, പ്രണയമസൃണേ! വല്ലജോലിക്കുമായ് ഞാൻ
വാണേനെന്നനൊരു പകലകന്നൽപദൂരേതപ്യഗാരേ
കേണേറ്റം നീ വലയുമതു ഞാൻ കേൾപ്പതുണ്ടന്നതിന്നാ–
ലാണേ ചേതസ്സതിചകിതമാകുന്നതേണേക്ഷണേ! മേ.

കവി : **വലിയകോയിത്തമ്പുരാൻ**, കൃതി : *മയൂരസന്ദേശം*

## 3.1738 കാലിക്കാലിൽത്തടവിന. . . (ഉമേഷ്)

മന്ദാക്രാന്ത

കാലിക്കാലിൽത്തടവിന പൊടിച്ചാർത്തുകൊണ്ടാത്തശോഭം
പീലികണ്ണാൽക്കലിതചികരം പീതകൗശേയവീതം
കോലും കോലക്കുഴലുമിയലും ബാലഗോപാലലീലം
കോലം നീലം തവ നിയതവും കോയിൽകൊൾകെങ്ങൾ ചേതഃ

കൃതി : *ഉണ്ണുനീലിസന്ദേശം*

## 3.1739 കോപമത്സരവശംവദഃ. . . (കർത്താ)

രഥോദ്ധത

കോപമത്സരവശംവദഃ കലിർ–
ദ്വാപരേണ സഹ മേദിനീം ഗതഃ
സ്വാപദേ സ്വയമചോദജ്ജലം
സ്വാപതേയഹരണായ പുഷ്കരം.

കവി : **ഉണ്ണായി വാര്യർ**, കൃതി : *നളചരിതം*

## 3.1740 സന്തതം മിഹിരനാത്മ. . . (ഉമേഷ്)

രഥോദ്ധത

സന്തതം മിഹിരനാത്മശോഭയും
സ്വന്തമാം മധു കൊതിച്ച വണ്ടിനും
ചന്തമാർന്നരുളി നിൽക്കുമോമലേ,
ഹന്ത! ധന്യമിഹ നിന്റെ ജീവിതം!

കവി : **കുമാരനാശാൻ**, കൃതി : *നളിനി*

## 3.1741 ചുണ്ടങ്ങാച്ചന്തി. . . (കർത്താ)

സ്രഗ്ദ്ധര

ചുണ്ടങ്ങാച്ചന്തി മൂടാത്തൊരു ചെറുവസനം കൊണ്ടഹോ തറ്റുടുത്തും,
കൊണ്ടോത്തിൻ കയ്യുകാട്ടി, ക്കുടവയറു തുളുമ്പിച്ചു പേർത്താർത്തിയോടെ
ശ്ലുണ്ടിക്കും നല്ല തൃഷ്ണയ്ക്കുമൊരലർവിശിഖഭ്രാന്തിനും പാത്രമായി–
ട്ടുണ്ടോതിക്കദ്വിജന്മാർ പലരുമവരെയും കണ്ടു ഞാൻ കാഴ്ചരംഗേ.

കവി : **വെണ്മണി മഹൻ**

## 3.1742 ശാസ്ത്രവ്യുൽപ്പത്തി,യൽപ്പേതര. . . (വാസുദേവൻ)

സ്രഗ്ദ്ധര

ശാസ്ത്രവ്യുൽപ്പത്തി, യൽപ്പേതരപടുത രുജാനിർണ്ണയത്തിങ്കലെന്ന–
ല്ലോർത്തിട്ടോളും ചികിത്സാവിധിയുടെയൊരുലാളിത്യമെന്നേതുകൊണ്ടും
നേർത്തേ പാർത്തട്ടു വിട്ടീടിന വിപുലയശോരാശിവൈദ്യമ്മടച്ചൻ
തീർത്തോതാം വൈദ്യലോകത്തിനു മുഴുവനുമേ മാതൃകായോഗ്യനത്രെ!

കവി : **ടി. എം. വി.**

## 3.1743 നേരമ്പോയതറിഞ്ഞിടാതെ. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

നേരം പോയതറിഞ്ഞിടാതെ പുളകപ്പൂചൂടിനിന്നേൻ; പ്രഭാ–
പൂരം ചിന്തിയ രൂപമോ ജവമകന്നെങ്ങോ മറഞ്ഞീടവേ,
പാരം കാലിടറാൻ തുടങ്ങി; ഹൃദയം താളം മുറുക്കീ; ചിദാ–
കാരം കണ്ട കുളിർത്തൊരെൻമിഴികളിൽക്കാളിന്ദി മേളിച്ചിതേ!

കവി : **യൂസഫലി കേച്ചേരി**, കൃതി : *അഹൈന്ദവം*

## 3.1744 പൂവിൻചുണ്ടു തൊടുന്നതില്ല. . . (വാസുദേവൻ)

ശാർദ്ദൂലവിക്രീഡിതം

പൂവിൻ ചുണ്ടു തൊടുന്നതില്ല പുതുതേൻ തെണ്ടും ദ്വിരേഫം; മണം
തൂവിത്തൂവിയലഞ്ഞലഞ്ഞു തിരിയാൻ വന്നില്ല മന്ദാനിലൻ;
മാവിൻകൊമ്പിലുറക്കമായ്ക്കുയിൽ; വെറും ജീവച്ഛവം മാത്രമി–
ബ്ഭൂവി,ന്നെന്തൊരു കഷ്ട,മിങ്ങനെവരാനെന്തേ വസന്തോത്സവം?

കവി : **കെ.എൻ.ഡി**

## 3.1745 മേയുന്നൂ ഭയമെന്നി. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

മേയുന്നൂ ഭയമെന്നി മാൻകിടാ മനോവിശ്വാസനിശ്ശങ്കരായ്
പെയ്യുന്നൂ ഫലപുഷ്പമാരി മരമോരോന്നും ദയാരക്ഷിതം
ഏറുന്നൂ ചുമലപ്പശുക്കൾ കൃഷിയേറ്റീട്ടില്ല പാടങ്ങളിൽ
പേറുന്നൂ പുക ഹവ്യഗന്ധമിവിടം സന്ദേഹമില്ലാശ്രമം

കവി : **ഏ ആർ. രാജരാജവർമ്മ/ ഭാസൻ**, കൃതി : *സ്വപ്നവാസവദത്തം തർജ്ജമ*

## 3.1746 എമ്മട്ടോ നീങ്ങിടുന്നൂ. . . (വാസുദേവൻ)

സ്രഗ്ദ്ധര

എമ്മട്ടോ നീങ്ങിടുന്നൂ ദിനസരി; പുലരാനുള്ളസമ്പത്തു വായ്ക്കും
വിമ്മിഷ്ടം മാത്രമാണി;ന്നനുഭവമഖിലം നിന്നുപോയൊന്നുമില്ല,
'ജന്മം'തീരാതെ നിൽപ്പുണ്ടിനിയുമൊരു മഹാശാപമായ്; ഹന്ത! മേലിൽ
ധർമ്മം തെണ്ടാനിറങ്ങാം – കവിതയിലുമെനിയ്ക്കോർക്കിലിപ്പോക്കതന്നെ!

കവി : **കെ.എൻ.ഡി**

## 3.1747 ജാതിച്ചുവട്ടിൽ. . . (കർത്താ)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ജാതിച്ചുവട്ടിൽജ്ജലസേകമേകം
ജനങ്ങളിപ്പൂച്ചെടി കൈയനക്കി
വളർത്തിടുന്നില്ലതുപോട്ടെ; ദൂരെ
വലിച്ചുമാറ്റുന്നതുമുണ്ടു! കഷ്ടം!

കവി : **കവി: ഉള്ളൂർ**, കൃതി : *തുമ്പപ്പൂവ്*

### 3.1748 വ്യാകീർണ്ണാളകമമ്പിളിപ്പൊളി. . . (വാസുദേവൻ)

ശാർദ്ദൂലവിക്രീഡിതം

വ്യാകീർണ്ണാളകമമ്പിളിപ്പൊളിയൊളിഞ്ഞുനെറ്റിമേൽ, ചന്ദന–
ശ്രീകമ്രക്കുറി വേർപ്പിലിത്തിരിയലിഞ്ഞോടിക്കിതച്ചങ്ങിനെ
നീ കേളിക്കിടയിൽക്കടന്ന മടിയിൽക്കേറാൻ കുതിയ്ക്കുന്നതും,
പോകുന്നില്ല മനസ്സിൽനിന്നു, മകളേ, കൊഞ്ചിക്കിണുങ്ങുന്നതും.

കവി : **കെ.എൻ.ഡി**

### 3.1749 നിജദോഷനിദർശനാന്ധം. . . (കർത്താ)

വിയോഗിനി

നിജദോഷനിദർശനാന്ധമാർ
സുജനാചാരമവിശ്വസിക്കുവോർ
രുജ തേടി മരിപ്പു കല്മഷ–
വ്രജമാം കാമലബാധയാലിവർ

കവി : **കുമാരനാശാൻ**, കൃതി : *ചിന്താവിഷ്ടയായ സീത*

### 3.1750 രാവോ ശീതള; മീറനാം. . . (വാസുദേവൻ)

ശാർദ്ദൂലവിക്രീഡിതം

രാവോ ശീതള; മീറനാം നറുനിലാ, വെങ്ങും സുധാശീകരം
ചുരുന്നൂ, കൊട്ടുതാം ഹിമം കഠിനമായ്പ്പെയ്യുന്നു,ണ്ടെങ്കിലും,
ഹാ, വല്ലാത്തൊരു ദാഹ,മെന്റെ കരളിൽ തീയാണു, ദാവാഗ്നിയെ–
ന്നുവെണ്ണയ്ക്കു സമം വിഴുങ്ങിയവനേ, നീയെങ്ങു മായാമയ!

കവി : **കെ.എൻ.ഡി** , കൃതി : *(വൃന്ദാവനത്തിലെ രാധ)*

### 3.1751 ഹേ, വഞ്ചിഭൂപാലകപുത്രി. . . (കർത്താ)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ഹേ, വഞ്ചിഭൂപാലകപുത്രി! നിന്നി–
ലേവം തഴയ്ക്കുന്ന മമാനുരാഗം
ദൈവം സഹിച്ചില്ല; ലഭിച്ചിടാത്തൊ–
രാവസ്തുവിൽ കാംക്ഷ വിപിന്നിദാനം.

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

### 3.1752 ദൂരത്തുദ്യോഗമാളുന്നളവ്. . . (വാസുദേവൻ)

സ്രഗ്ദ്ധര

ദൂരത്തുദ്യോഗമാളുന്നളവിവനൊരുമട്ടാഴ്ചതീർത്തോടിയെത്തു–
ന്നേരം, കുട്ടന്നു ഞാനേ മതി സകലതിനും പിന്നെ വേണ്ടമ്മയെന്നാം;
നാരിപ്പൂൺപോ പിണങ്ങും, പരിഭവമൊഴിയമ്പെയ്യുമെങ്ങൾക്കു നേരെ,
ക്രൂറാക്കുഞ്ഞിന്നു തന്മേലുപരി പതിയൊടായാല്യമമ്മയ്ക്കു നോവും.

കവി : **ടി. എം. വി.**

## 3.1753 നിദ്രാസൗഖ്യം നിയതി. . . (കർത്താ)

മന്ദാക്രാന്ത

നിദ്രാസൗഖ്യം നിയതി നിരസിച്ചീടവേ നീലവേണീ
മുദ്രാഹീനവ്യഥയൊടു മുഹുർമ്മുഞ്ചതീ മഞ്ചമദ്ധ്യം
ഭദ്രാ സാ മൽപ്രിയതമയെഴുന്നേറ്റു ലാത്തും ഗവാക്ഷ–
ച്ഛിദ്രാഭർണ്ണേ തദനു തരുണാർണ്ണോജകർണ്ണേജപാക്ഷീ.

കവി : **വലിയകോയിത്തമ്പുരാൻ**, കൃതി : *മയൂരസന്ദേശം*

## 3.1754 ഭദ്രേ ദേവി സരസ്വതീ. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

ഭദ്രേ ദേവി സരസ്വതീ കനിവൊടെൻ നാവിൽ വിളങ്ങീടണം
ഭക്ത്യാ പൂജകൾ ചെയ്തിടുന്നടിയനും കമ്പിട്ടു കൂപ്പുന്നിതാ
രക്ഷിച്ചീടുക ഞങ്ങൾ തൻ ദുരിതമാമീജീവിതത്തോണിയേ
ഇഷ്ടത്തോടെയനുഗ്രഹിയ്ക്കുക സദാ വാഗ്ദേവി വീണാധരീ

കവി : **ഋഷി**

## 3.1755 രേതോരൂപത്തിലച്ഛൻ. . . (കർത്താ)

സ്രശ്ധര

രേതോരൂപത്തിലച്ഛൻ ജനനിയിലൊഴുകിച്ചേർന്നു ഞാനായതോർത്താ–
ലേതോ മുത്തച്ഛനാദ്യൻ ജനകനി,ലതിനും മുമ്പെനിക്കിപ്പുറത്തും,
ചേതോഗുപ്തൻ നിതാന്തൻ ജഗദധിപതി ജീവോർജ്ജമായുജ്ജ്വലിപ്പൂ
വീതോൽക്കമ്പം, സ്വദിക്കാം ദ്യുതിയതു കരളിൻ കണ്ണിലെപ്പുണ്ണകന്നാൽ.

കവി : **യൂസഫലി കേച്ചേരി**, കൃതി : *നാദബ്രഹ്മം*

## 3.1756 ചഞ്ചൽത്തുമലർമഞ്ജരീ. . . (വാസുദേവൻ)

ശാർദ്ദൂലവിക്രീഡിതം

ചഞ്ചൽത്തുമലർമഞ്ജരീനതലതാഗന്ധത്തിലെങ്ങാൻ രസോ–
ദഞ്ചന്മന്ദസമീരണൻ മൃദുലമായൊന്നുമ്മ വെച്ചാൽ മതി,
തഞ്ചും പേടിയൊടമ്പരന്നുകളയും നീയിത്ര പാവം! – കിട–
ന്നെൻ ചിത്തം പിടയുന്നു – നിന്റെ കഥയെ, ങ്ങെങ്ങിക്കൊട്ടുംകാടഹോ!

കവി : **കെ. എൻ. ഡി.**, കൃതി : *(വൃന്ദാവനത്തിലെ രാധ)*

## 3.1757 തള്ളിത്തിങ്ങിക്കലങ്ങി. . . (കർത്താ)

സ്രശ്ധര

തള്ളിത്തിങ്ങിക്കലങ്ങിപ്പെരുകമഴലിനെത്തെല്ലൊതുക്കുന്നതിന്നാ–
യുള്ളത്തിൽ തൽക്ഷണം ഞാൻ പലവിധമിഹ ചെയ്യുന്ന യത്നങ്ങളെല്ലാം
വെള്ളത്തിൻ വേഗമേറും ഗതി, മണലണയെത്തട്ടിനീക്കുന്നപോലെ
തള്ളിത്തള്ളിപ്പരക്കുന്നിതു ബത! വലുതായുള്ള ചേതോവികാരം.

കവി : **ചാത്തുക്കുട്ടി മന്നാടിയാർ**, കൃതി : *ഉത്തരരാമചരിതം*

## 3.1758 വസനമൊട്ടു കവർന്നു. . . (ഹരി)

ദ്രുതവിളംബിതം

വസനമൊട്ടു കവർന്നു രസിച്ചവൻ
വസനമായ് ദ്രുപദാത്മജ രക്ഷകൻ
വ്യസനമേ വസനം ചില നാരിമാർ–
ക്കവസരോചിതമായ് വരുമോ ഭവാൻ

കവി : **ഹരിദാസ്**

## 3.1759 വാടിവീണൊരിളനീരു. . . (ജ്യോതി)

രഥോദ്ധത

വാടിവീണൊരിളനീരുപോലുമീ–
നാളിലാളു കളയില്ല നിശ്ചയം
കോള കാളിയവിഷാംശമാണു – കാർ–
ക്കോടകന്റെ വിഷമോ – ഗവേഷണം!

കവി : **ജ്യോതിർമ്മയി**

## 3.1760 കൂട്ടും ഭക്തിയൊടെന്നുമെൻ. . . (വാസുദേവൻ)

ശാർദ്ദൂലവിക്രീഡിതം

കൂട്ടും ഭക്തിയൊടെന്നുമെൻ മകൾ ഭജിച്ചോളൂ സമീപസ്ഥയാ–
യീട്ടും ശുഭ്രതരംഗയെ, ക്കലിതപുണ്യോത്സംഗയെ, ഗ്ഗംഗയെ;
നാടിൻ വറ്റിയ തൊണ്ടയിൽ സുധയൊഴുക്കീടാൻ, സ്വഭക്തർക്കഴൽ–
പ്പാട്ടും, ചൂട്ടു,മകറ്റുവാ,നവതരിച്ചോളാണു ഭാഗീരഥി!

കവി : **കെ. എൻ. ഡി**

## 3.1761 നേന്ത്രപ്പഴം പുതിയ. . . (ഋഷി)

വസന്തതിലകം

നേന്ത്രപ്പഴം പുതിയ ശർക്കര നല്ല തേങ്ങാ
കാന്തൈരമീതിരിടചേർന്നു കലർന്നു നന്നായ്
സാന്ദ്രീഭവിച്ച മധുരക്കറിയാം തടാകേ
നീന്തിത്തുടിച്ചതു കടിച്ചു മരിപ്പനോ ഞാൻ!

കൃതി : ***പുരുഷാർത്ഥക്കൂത്ത്***

## 3.1762 സരസഭാഷണമാവഹ. . . (ജ്യോതി)

ദ്രുതവിളംബിതം

സരസഭാഷണമാവഹ മന്മുഖേ
സ്വരസസേവനഭാവനയാ മുദാ
ഭവതു മേ രസനാ തവ വേദികാ
നയ സരസ്വതി! വേദവിദാം പഥി

കവി : **ജ്യോതിർമയി**

## 3.1763 ഭീവായ്പേറുന്ന യുദ്ധാങ്കണമെവിടെ. . . (വാസുദേവൻ)

സ്രഗ്ദ്ധര

ഭീവായ്പേറുന്ന യുദ്ധാങ്കണമെവിടെ? വെറും വേദമന്ത്രങ്ങളോതും
നാവാൽ പൂജാസുമത്താ, ലരിയെയെതിരിടും താങ്കള,ങ്ങല്ലയെങ്കിൽ
ആവാമാവാം കുടക്കാലുകൾ ഗദകൾ, നമുക്കൽപ്പമാം ദർഭനാമ്പും
കൈവാൾ, വേണെങ്കിൽ വീറും വിശറി പരിചയും, ഹന്ത! നാമന്തണന്മാർ!

കവി : കെ. എൻ. ഡി

## 3.1764 അലസാതൊരു സൂചി. . . (ഋഷി)

വസന്തമാലിക

അലസാതൊരു സൂചി ശില്പദക്ഷൻ
പല വർണ്ണങ്ങളിലുള്ള പട്ടുനൂലാൽ
നലമോടിഹ തയ്ച്ചു തീർത്തതോ നിൻ–
മലർമെയ്യെത്ര മനോഹരം പിറാവേ!

കവി : **വള്ളത്തോൾ**, കൃതി : *അരിപ്രാവ്*

## 3.1765 നിവർത്യരാജാ ദയിതാം. . . (ജ്യോതി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

നിവർത്യരാജാ ദയിതാം ദയാലുഃ
താം സൗരഭേയീം സുരഭിർയശോഭിഃ
പയോധരീഭൂതചതുസ്സമുദ്രാം
ജുഗോപ ഗോരൂപധരാമിവോർവ്വീം

കവി : **കാളിദാസൻ**, കൃതി : *രഘുവംശം*

## 3.1766 പിഞ്ഞിപ്പോയൊരു നിക്കറും. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

പിഞ്ഞിപ്പോയൊരു നിക്കറും മൃദുലമാം കയ്യാലെ താങ്ങി ദ്രുതം
പാഞ്ഞീടുന്ന വരണ്ട തൊണ്ട നനയാൻ പൈപ്പിന്നടുത്തേയ്ക്കു നീ
കുഞ്ഞേ ടാപ്പുതുറക്കിലില്ല കുടിനീർ താഴത്തു നിശ്ശൂന്യമാം
കഞ്ഞിപ്പാത്രമനേകമുണ്ടു,മിഴിനീരില്ലേ കരഞ്ഞീടുവാൻ!

കവി : **വൈരശ്ശേരി നമ്പൂതിരി**, കൃതി : *വേനൽക്കെടുതി*

## 3.1767 കയ്യിൽക്കായ്കനിവെച്ച. . . (വാസുദേവൻ)

ശാർദ്ദൂലവിക്രീഡിതം

കയ്യിൽക്കായ്കനിവെച്ച പച്ചിലമലർത്താലം, ജരാജീർണ്ണമാം
മെയ്യാകെപ്പുളകം, മനസ്സുനിറയെ ത്വദ്ദർശനൗത്സുക്യവും,
പെയ്യും ബാഷ്പമൊടങ്ങതാ, ശബരിമാർ നിൽക്കുന്ന പമ്പാനദീ–
പര്യന്താദ്രിവനങ്ങളിൽ – ബത, ഭവാനെത്താത്തതെന്തിന്നിയും?

കവി : കെ. എൻ.ഡി, കൃതി : *ആവഹനം*

## 3.1768 പ്രദക്ഷിണീകൃത്യ ഹുതം. . . (ജ്യോതി)

വംശസ്ഥം

പ്രദക്ഷിണീകൃത്യ ഹുതം ഹുതാശ-
മനന്തരം ഭർത്തുരരുന്ധതീം ച
ധേനും സവത്സാം ച നൃപഃ പ്രതസ്ഥേ
സന്മംഗലോദഗ്രതരപ്രഭാവഃ

കവി : **കാളിദാസൻ**, കൃതി : *രഘുവംശം 2*

## 3.1769 ധീ മങ്ങീടും ധനാശാലഹരിയിൽ. . . (ഋഷി)

സ്രഗ്ദ്ധര

ധീ മങ്ങീടും ധനാശാലഹരിയിലടരാടിക്കരുക്ഷേത്രമോരോ
ഗ്രാമംതോറും പടുത്തും പടയണികൾ മുഖംമൂടിവെച്ചക്രമങ്ങൾ
കാമംപോൽക്കൈക്കരുത്തോട്ടറയുമിവിടമിന്നാർക്ക നന്നാക്കിടാം ത–
ന്നാമം വാഴ്ത്തപ്പെടട്ടെ മഹിയിലിരുളകറ്റീടുമാ സുപ്രകാശം.

കവി : **കെ. പുരുഷോത്തമൻ നമ്പൂതിരി**, കൃതി : *കൂടിയാട്ടം*

## 3.1770 കുമ്പിട്ടിങ്ങിനെ നിന്നു നീ. . . (വാസുദേവൻ)

ശാർദ്ദൂലവിക്രീഡിതം

കുമ്പിട്ടിങ്ങിനെ നിന്നു നീ പലതരം പൂജാപ്രസൂനങ്ങൾ കൈ–
ക്കുമ്പിൾച്ചെന്തളിരാലൊരഗ്ര്യശബളശ്രീ ചുറ്റിലും ചിന്തവേ,
അൻപിൽ കീർത്തനചഞ്ചലാധരപുടം, മുല്ലയ്ക്കലെദ്ദേവിതൻ
മുൻപിൽത്തുവിയതെത്തിവീണതു കടന്നെൻ നെഞ്ചിലല്ലോ സഖീ!

കവി : **കെ. എൻ.ഡി**, കൃതി : *ആവഹനം*

## 3.1771 അമ്പത്തൊന്നാൽക്കനിഞ്ഞീ. . . (രാജേഷ്)

സ്രഗ്ദ്ധര

അമ്പത്തൊന്നാൽക്കനിഞ്ഞീയുലകിനു മുഴുവൻ വിദ്യയാം വിത്തമേകി–
ത്തുമ്പം കൂടാതെ കാക്കും കമലജദയിതേ, കാവ്യഗാനസ്വരൂപേ,
ഇമ്പം ചോരതെയർത്ഥച്യുതിയതുമിയലാതക്ഷരശ്ലോകമോതാൻ
നിൻപത്തിന്നായ് നമിപ്പേൻ വരമരുളുക മാമക്ഷരാംബേ കഴമ്പേ.

കവി : **ബാലേന്ദു**

## 3.1772 ഈ ലോകത്തിൽ സുഖമസുഖവും. . . (കർത്താ)

മന്ദാക്രാന്ത

ഈ ലോകത്തിൽ സുഖമസുഖവും മിശ്രമായ്ത്താനിരിക്കും
മാലോകർക്കും മതിമുഖി! വരാറില്ലയോ മാലനേകം?
ആലോചിച്ചീവിധമവിധവേ! ചിത്തമാശ്വസ്തമാകി–
ക്കാലോപേതം കദനമതിനിക്കാണി കൂടി ക്ഷമിക്ക.

കവി : **വലിയകോയിത്തമ്പുരാൻ**, കൃതി : *മയൂരസന്ദേശം*

## 3.1773 അപ്പയ്യാഖ്യൻ പടി. . . (ഉമേഷ്)

മന്ദാക്രാന്ത

അപ്പയ്യാഖ്യൻ പടി കുവലയാനന്ദമുണ്ടാക്കിട്ടന്നോ–
രൊപ്പം പറ്റില്ലമരനമതിൻ മട്ടു കോശം ചമയ്പ്പോർ,
കപ്പം നൽകും കവിമണി ജഗന്നാഥനമ്മട്ടു ശാസ്ത്ര–
വ്യുത്പത്തിശ്രീ വിലസിയവനീകാന്തയെപ്പുൽകിട്ടന്നോർ.

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

## 3.1774 കണ്ണിൽക്കാണുന്നതെല്ലാം. . . (വാസുദേവൻ)

സ്രഗ്ദ്ധര

കണ്ണിൽക്കാണുന്നതെല്ലാം, ചെവിയിണയണയും ശബ്ദമെല്ലാം, മനസ്സിൽ
ചിന്നിപ്പൊങ്ങുന്നതെല്ലാം,പറവതറിവതും ചെയ്വതും മറ്റുമെല്ലാം;
ഒന്നായ്, വേറായി,നൂറാ, യരികിലകലെയായ്, സ്ഥൂലമായ്, സൂക്ഷ്മമായി-
പ്പിന്നെസ്സത്താ, യസത്താ, യെതിലുമുപരിയായ് നിത്യനായ് നിൽപ്പതും നീ!

## 3.1775 ഓമൽപ്പിച്ചിച്ചെടിലത. . . (കർത്താ)

മന്ദാക്രാന്ത

ഓമൽപ്പിച്ചിച്ചെടിലതമരുല്ലോളിതാ വർഷബിന്ദു–
സ്തോമക്കിന്നാ പുതുമലർ പതുക്കെസ്സടിപ്പിച്ചിടുമ്പോൾ
പ്രേമക്രോധക്ഷുഭിതഭവതീ ബാഷ്പധാരാവിലാംഗീ
ശ്രീമന്മന്ദസ്മിതസുമുഖിയാകുന്നതോർമ്മിച്ചിടുന്നേൻ.

കവി : **വലിയകോയിത്തമ്പുരാൻ**, കൃതി : *മയൂരസന്ദേശം*

## 3.1776 പള്ളിക്കുടം പലതു. . . (ഉമേഷ്)

മന്ദാക്രാന്ത

പള്ളിക്കുടം പലതു, വലുതാം പാളയം, പള്ളി, കള്ള–
പ്പുള്ളിക്കാരെത്തടവിലിടുവാനുള്ള ജേ, ലാശുപത്രി
തള്ളിക്കേറി ദ്വിജരണയുമായൂട്ടുമാപ്പട്ടണത്തി–
ന്നുള്ളിൽക്കാണാ, മൊരു കുറി പറന്നൊക്കെ നീ നോക്കിയാലും.

കവി : **കേരളവർമ്മ വലിയ കോയിത്തമ്പുരാൻ**, കൃതി : *മയൂരസന്ദേശം*

## 3.1777 തടിച്ച തിരമാലയാൽ. . . (കർത്താ)

പൃഥ്വി

തടിച്ച തിരമാലയാൽ തടമിടിച്ചുടച്ചുഗ്രമായ്–
പ്പിടിച്ച കട്ടുതെന്നലിൽക്കടൽകിടന്നു കൂത്താടവേ
മുടിച്ചഹഹ! പാന്ഥരേ, പ്പുരുഷമായ പാറപ്പുറ–
ത്തടിച്ചു പടുകപ്പലപ്പടിനുറുങ്ങി നൂറായിരം

കവി : **പന്തളം കേരളവർമ്മ**, കൃതി : *വിശാഖൻ*

## 3.1778 മാണിക്യവീണാം. . . (ജ്യോതി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

മാണിക്യവീണാമുപലാളയന്തീം
മദാലസാം മഞ്ജുളവാഗ്വിലാസാം
മാഹേന്ദ്രനീലദ്യുതികോമളാംഗീം
മാതംഗകന്യാം സതതം സ്മരാമി

കവി: **കാളിദാസൻ**, കൃതി: *ശ്യാമളാദണ്ഡകം*

## 3.1779 മുറയ്ക്കേനീങ്ങുന്നൂ കളി. . . (വാസുദേവൻ)

ശിഖരിണി

മുറയ്ക്കേനീങ്ങുന്നൂ കളി, യിടയിലോരോ പുതുമുഖം
വരുന്നൂ, നേടുന്നൂ, രസികരുടെ പട്ടും വളകളും
ഇരുന്നേ നീനേരംവരെയു;മിനിയെന്തെൻ ഗതി? ശരി–
ക്കരങ്ങേറുംമുമ്പെൻ കഥയുമിവിടെത്താൻ കഴിയുമോ?

കവി : **കെ. എൻ. ഡി.**

## 3.1780 ഈയുള്ളോനൊരു കേവലൻ. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

ഈയുള്ളോനൊരു കേവലൻ,ചെറിയൊരിത്തോണിക്കടത്തുള്ളവൻ
മായാംബോധികടത്തിടുന്ന പണിയിൽത്താനഗ്രഗണ്യൻ ഭവാൻ
വയ്യേ കൂലിയെടുക്കുവാ, നൊരുതൊഴിൽക്കാർതമ്മി – ലെന്നാൻ ഗുഹൻ
നീയോ കേട്ടു ചിരിച്ചു, രാമ, തൊഴവേനപ്പുഞ്ചിരിയ്ക്കെന്നമേ

കവി : **ബാലേന്ദു**, കൃതി : *ഇളം നിലാവ്*

## 3.1781 വെയ്ക്കാറുണ്ടൊരു ചൂരൽ. . . (വാസുദേവൻ)

ശാർദ്ദൂലവിക്രീഡിതം

വെയ്ക്കാറുണ്ടൊരു ചൂരൽ ഞാനിവിടെയീ മേശയ്ക്കകത്താ,യതിൽ
വെയ്ക്കാറുണ്ടു ചിലപ്പൊളിക്കര,മടങ്ങീടാത്ത കോപത്തൊടെ;
വെയ്ക്കാറുണ്ടു മനസ്സു കൈപ്പിഴ പിണഞ്ഞീടായ്‌വതിന്നെങ്കിലും
വെയ്ക്കാറുണ്ട്, കിടാങ്ങൾതൻ തളിരിളം കയ്യിന്നുമേറെക്കനം!

കവി : **തൃക്കഴിപ്പുറം നമ്പ്യാത്തൻ നമ്പൂതിരി.**

## 3.1782 വെയ്ക്കാ,നന്തിവിളക്കുമായ്. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

വെയ്ക്കാ,നന്തിവിളക്കുമായ് വരുവതുണ്ടാരാണു ചെമ്പട്ടുടു,–
ത്താക്കയ്യിൽ തെളിയും ചിരാതു,മിതുപോൽ കാണുന്നു മാനത്തതാ
നാമം ചൊല്ലിയിരിപ്പു ചുറ്റുമരുമത്താരാഗണങ്ങൾ, നറും
തേനൂറും കഥ ചൊല്ലുമോ നിശയിലായെന്നമ്പിളിമ്മാമനും?

കവി : **ജ്യോതിർമയി** , കൃതി : *(ഒരു കുഞ്ഞിന്റെ കൗതുകക്കാഴ്ച്ച)*

## 3.1783 നാകത്തിലാണമൃതം. . . (വാസുദേവൻ)

വസന്തതിലകം

നാകത്തിലാണമൃതമെന്നൊരു കൂട്ടർ, നാരീ–
ലോകത്തിനുള്ളൊരധരങ്ങളിനെന്നിതന്യർ;
പാകത്തിൽ നാലു വിഭവം കലരും മുറുക്കിൻ
യോഗത്തിലെന്നതിനെനിക്കിരുപക്ഷമില്ല.

കവി : **ടി. എം. വി.**

## 3.1784 പാ, രോജസ്സു ബലം. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

പാ, രോജസ്സു ബലം തുടങ്ങിയവതൻ കൈയ്യുള്ളിൽനിൽക്കുന്നതാ–
യോരോ വിഡ്ഢികളോതിടുന്നതു വെറും ലാക്കറ്റ ഭോഷ്കല്ലയോ?
നേരോർത്താൽ സകലേശ്വരൻ വിലസുമീലോകം പതിന്നാലിനും
വേരോടാൻ തറ 'നീതി'യെന്നറിയണം സത്തുക്കൾ നിസ്തർക്കമായ്.

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

## 3.1785 നിൽക്കാതായ് ശ്വസനാനിലൻ. . . (വാസുദേവൻ)

ശാർദ്ദൂലവിക്രീഡിതം

നിൽക്കാതായ് ശ്വസനാനിലൻ സ്വമുരളീനാദം മുഴക്കാ;നെന്നി–
യ്യൊക്കാതാവുകയാണെടുത്തുപെരുമാറീടാനിതെന്തോതുവാൻ!
വെയ്ക്കാനോർക്കുകയാണു ഞാ,നിതു തിരിച്ചൻപാളുമെന്നംബ തൻ
തൃക്കാൽച്ചെന്തളിരിങ്കലി,ന്നമതെനി,ക്കെൻജീവനാണെങ്കിലും!

കവി : **കെ.എൻ.ഡി**

## 3.1786 വായിക്കുമ്പോൾ രസിക്കുന്നൊരു. . . (രാജേഷ്)

സ്രഗ്ദ്ധര

വായിക്കുമ്പോൾ രസിക്കുന്നൊരു ചടുലമഹാകാവ്യമാണീ പ്രപഞ്ചം
വായിച്ചർത്ഥം ഗ്രഹിക്കുന്നവനു കവിതയാകുന്നു വിശ്വത്തിലെങ്ങും
വായിക്കാൻ മാത്രമെന്താണലസത മലയാളത്തിലെൻ കൂട്ടുകാരേ?
വായിക്കൂ, സർഗ്ഗശക്തിപ്രസരണമിവിടെക്കാഴ്ചവെക്കാവൂ നമ്മൾ!

കവി : **എം. എൻ. പാലൂര്**, കൃതി : *കല്യാണക്കാഴ്ച*

## 3.1787 വാരഞ്ചും താരി,ലോമൽ. . . (വാസുദേവൻ)

സ്രഗ്ദ്ധര

വാരഞ്ചും താരി,ലോമൽക്കുളിരൊളി തിരളും തിങ്കളിൽ, ചിന്നിമിന്നും
താരത്തിൽ, കാന്തികാളും ഖരകരനി,ലിളം തെന്നലിൽ, കന്നിയാറിൽ,
സ്ഫാരശ്രീ മാരിവില്ലിൽ, കളമുരളി, ലെന്തിന്നു സർവത്ര നിത്യോ–
ദാരം സൽക്കാവ്യസാരം വിതറുമൊരു മഹാകാവ്യകാരൻ ജയിപ്പൂ!

കവി : **കെ.എൻ.ഡി**

## 3.1788 സ്ഥൂലദ്രാവിഡമട്ടുവിട്ടു. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

സ്ഥൂലദ്രാവിഡമട്ടുവിട്ടു നിയമസ്വച്ഛാംഗിയായോമന–
ക്കോലം "സംസ്കൃത"മോടിയാൽ വികൃതമാക്കീടാതെ ചേതോഹരി
ഫാലത്തിങ്കലഴിഞ്ഞ സൂക്ഷ്മ'തിലകം" പൂരിച്ചസദ്"ഭൂഷണം"
ലോലശ്രീയൊടു പൂണ്ടു മൂർച്ഛയിതിലും ശോഭിച്ചിടുന്നുണ്ടിവൾ.

കവി : **കുമാരനാശാൻ**, കൃതി : *പ്രരോദനം*

## 3.1789 ഫാലേ വേർപ്പുകൾ വറ്റിയില്ല. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ഫാലേ വേർപ്പുകൾ വറ്റിയില്ല മുഴുവൻ, വാർകുന്തൽ കെട്ടിക്കഴി–
ഞ്ഞീ, ലേറ്റം മുലമൊട്ടുലച്ച നെടുവീർപ്പറ്റീല, യെന്നാകിലും
ചാലേ തൽക്ഷണശോഭയിൽ തരളനാം കാന്തന്റെ നൽച്ചുംബന–
ത്താലേ പേലവഗാത്രിയാൾക്കപരമെന്തോതാ? മതാന്തൻ സ്മരൻ!

കവി : **വള്ളത്തോൾ**, കൃതി : *വിലാസലതിക*

## 3.1790 ചിരികളിൽ വെളിവാകും. . . (മധുരാജ്)

മാലിനി

ചിരികളിൽ വെളിവാകും കൊച്ചുപല്ലോടുമെന്തോ
ചിലതു മധുരമായിച്ചൊല്ലിയവ്യക്തവർണ്ണം
മടിയിലുഴറിയെത്തും മക്കൾതൻ മെയ്യിലേന്തും
പൊടിയിൽ മലിനരാകും മർത്ത്യരേ ഭാഗ്യവാന്മാർ.

കവി : **ആറ്റൂർ**, കൃതി : *ശാകുന്തളം തർജ്ജമ*

## 3.1791 മിഴിയിണയിതളിന്നും. . . (വാസുദേവൻ)

മാലിനി

മിഴിയിണയിതളിന്നും, കൊങ്കമൊട്ടിന്നു,മോമ–
ന്മൊഴിമധുവിനു,മീമെയ് മാർദ്ദവത്തിന്നുമൊപ്പം
പൊഴിയുമൊരു സുഗന്ധത്തിന്നുമേ തോൽവി നൽകീ–
ട്ടൊഴികഴിവിനിയെന്തേ, പൂക്കളെക്കെട്ടുവാൻ തേ?

കവി : **ടി. എം. വി.**

## 3.1792 പനിമതികല ചൂടി. . . (രാജേഷ്)

മാലിനി

പനിമതികല ചൂടി,പ്പാൽക്കതിർ പെയ്തു, പീന–
സ്തനമൊടു കുനിവാർന്നും താമരപ്പൂവിലാണ്ടും
കനിവൊടു കരതാരിൽ പുസ്തകം, പേനയും പൂ–
ണ്ടനവധി വരമേകും വാണി കാക്കട്ടെ നമ്മെ.

കവി : **രാജേഷ് ആർ. വർമ്മ (മൊഴിമാറ്റം)**

## 3.1793 കരുണമൊരു രസം താൻ. . . (ഉമേഷ്)

മാലിനി

കരുണമൊരു രസം താൻ വസ്തുഭേദേന നാനാ–
പരിണതിയെ വഹിച്ചീടുന്നിതേ മാറി മാറി
തിര, നുര, ചുഴിയെന്നീ രൂപഭേദങ്ങൾ കാണായ്–
വരികിലുമവയെല്ലാം വെള്ളമത്രേ നിനച്ചാൽ.

കവി : **ചാത്തുക്കുട്ടി മന്നാടിയാർ / ഭവഭൂതി**, കൃതി : *ഉത്തരരാമചരിതം തർജ്ജമ*

## 3.1794 തദനു നിയതി. . . (കർത്താ)

മാലിനി

തദനു നിയതിദേവിക്കുള്ളലിഞ്ഞൂ സമീരൻ
സദയമുടനൊതുങ്ങീ, കാർകുലം തീരെനീങ്ങീ
അദരരുചി കലർന്നാ വിണ്ണിലും മണ്ണിലും വൻ–
കദനമവനു മാറ്റിസ്സാന്ധ്യദീപാളി മിന്നി!

കവി : **വാരിക്കോലിൽ കേശവനുണ്ണിത്താൻ**, കൃതി : *സാന്ധ്യദീപം കൊളുത്തി*

## 3.1795 അരിയ തൃണമിണങ്ങും. . . (ഉമേഷ്)

മാലിനി

അരിയ തൃണമിണങ്ങും നിന്റെ മൈതാനമാകും
ഹരിതപരവതാനിക്കൊക്കുമുത്ക്കൃഷ്ടശിൽപം
പരിചിനൊടു പുകഴ്ത്തിപ്പാട്ടു പാടുന്ന പക്ഷി–
പ്പരിഷയുടെ ജനിക്കേ പാരിതിൽ ചാരിതാർത്ഥ്യം.

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

## 3.1796 പലരുമിതുകണക്കപ്പൂജ്യമാകും. . . (കർത്താ)

മാലിനി

പലരുമിതുകണക്കപ്പൂജ്യമാകും പദത്തിൻ
വില കരളിലശേഷം ചിന്തചെയ്യാതെ മേന്മേൽ
ഖലരുടെ നില തേടിച്ചെയ്ത നാശം നിമിത്തം
കലഹമതിനരങ്ങായ് തീർന്നിതാ നാടശേഷം.

കവി : **കട്ടക്കയം**, കൃതി : *ശ്രീയേശു വിജയം*

## 3.1797 ഖഗപതിയതിവീരൻ. . . (ബാലേന്ദു)

മാലിനി

ഖഗപതിയതിവീരൻ യാനമായ് സേവചെയ്‌വൂ,
കപികുലവരനെന്നും ദാസഭാവത്തിൽ വാഴ്‌വൂ,
ഗുണനിധിവരനാകും ശേഷനോ ശയ്യ, യെല്ലാ
മഹിമയടിമയെങ്ങാണപ്പദം കുമ്പിടുന്നേൻ.

കവി : **ബാലേന്ദു**

## 3.1798 ഗിരിവനമതിൽ നീളെ. . . (കർത്താ)

മാലിനി

ഗിരിവനമതിൽ നീളെ,ക്കാളമേഘാഭപൂണ്ടും,
ഹരിതദളഗണത്താലംബരാന്തം മറച്ചും,
പെരിയ മരമസംഖ്യം പ്രൗഢശാഖോപശാഖ–
പ്പരിഷയൊടിടതിങ്ങിപ്പൊങ്ങി നിൽക്കുന്നു ഭംഗ്യാ.

കവി : **വള്ളത്തോൾ**, കൃതി : *ചിത്രയോഗം*

## 3.1799 പതിവിനലക മേല്യം. . . (ഉമേഷ്)

മാലിനി

പതിവിനലക മേല്യം ഹന്ത! പൊയ്ക്കൊണ്ടിരിക്കും,
മതിരവികളുദിക്കും, മാരുതൻ സഞ്ചരിക്കും;
അതിലപരർ സുഖിക്കാം, ശൂന്യനായ് ഞാൻ – എനിക്കീ
ക്ഷിതിയിനി മരു മാത്രം, ജീവിതം ഭാരമാത്രം!

കവി : **ഉള്ളൂർ**, കൃതി : *(കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ മരണത്തിനുള്ള വിലാപകാവ്യം)*

## 3.1800 അഹഹ, ബഹ്ലഹിംസാ. . . (ജ്യോതി)

മാലിനി

അഹഹ! ബഹ്ലഹിംസാസഞ്ചിതാർത്ഥൈഃ കുടുംബം
പ്രതിദിനമനുപുഷ്ണൻ സ്ത്രീജിതോ ബാലലാളീ
വിശതി ഹി ഗൃഹസക്തോ യാതനാം മയ്യഭക്തഃ
കപിലതനുരിതി ത്വം ദേവഹൂതൈന്യഗാദീഃ

കവി : **മേൽപത്തൂർ**, കൃതി : *നാരായണീയം 15*

## 3.1801 വിലസതി ചെറിയച്ചീം. . . (കർത്താ)

മാലിനി

വിലസതി ചെറിയച്ചീം കാന്തിരാജ്യാധിപത്യേ
മനസിജനഭിഷേക്ത്രും നൂനമാഡംബരേണ
ശശിശകലസനാധേ ശാരദവ്യോമനീല–
തറനടുവിലിടിന്റ്ത്താരകാ മുത്തുപന്തൽ.

## 3.1802 ശിവശ്ശക്ത്യാ യുക്തോ. . . (ജ്യോതി)

ശിഖരിണി

ശിവശ്ശക്ത്യാ യുക്തോ യദി ഭവതി ശക്തഃ പ്രഭവിതും
ന ചേദേവം ദേവോ ന ഖലു കുശലഃ സ്പന്ദിതുമപി
അതസ്ത്വാമാരാധ്യാം ഹരിഹരവിരിഞ്ചാദിഭിരപിഃ
പ്രണന്തും സ്തോതും വാ കഥമകൃതപുണ്യഃ പ്രഭവതി?

കവി : **ശങ്കരാചാര്യർ**, കൃതി : *സൗന്ദര്യലഹരി*

## 3.1803 ആരാണോതുക നിത്യം. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

ആരാണോതുക നിത്യമിപ്പുലരിയെപ്പിന്നിട്ടു ചാടിക്കട–
ന്നാരാലെത്തി മിഴിക്കു തല്ലിയിവനെശ്ശല്യപ്പെടുത്തും ഭവാൻ
വാരാളും വിയദംഗനയ്ക്കു വിമലശ്രീയേറ്റമേകുന്നൊര–
ത്താരാഹാരമിവണ്ണമെന്തിനു കവർന്നിങ്ങോടിയെത്തുന്നു നീ?

കവി : **വാരിക്കോലിൽ കേശവനുണ്ണിത്താൻ**, കൃതി : *പ്രകാശം*

## 3.1804 വൃഷമതിൽ നടകൊള്ളും. . . (രാജേഷ്)

മാലിനി

വൃഷമതിൽ നടകൊള്ളും, നൃത്തമാടീട്ടു തുള്ളും,
കഴലിണ പണികൊള്ളും ഭക്തരെക്കാത്തു കൊള്ളും,
യമഭടരൊടു തള്ളും, തല്ലുമേറുന്നതള്ളും,
മമ ഹൃദി കുടികൊള്ളുന്നീശ്വരൻ തീർത്തുകൊള്ളും

## 3.1805 യവനമുഗളയുദ്ധോദഗ്ര. . . (കർത്താ)

മാലിനി

യവനമുഗളയുദ്ധോദഗ്രകോലാഹലത്തിൽ
ഭവതിയുണരുമാറായില്ല ഹേ, പുണ്യഭൂമി!
അവസരമിതിലാമോദാർത്ഥപീരങ്കിഭീമാ–
രവഭയപുളകം നീ വീരപത്നീ! വഹിക്ക!

കവി : **കുമാരനാശാൻ**, കൃതി : *കിരീടധാരണം*

## 3.1806 അനഘത പെടുമമ്മേ. . . (ഉമേഷ്)

മാലിനി

അനഘത പെടുമമ്മേ, വത്സലത്വത്തിനാൽ നിൻ
സ്തനഗിരികൾ ചുരത്തും നൽപ്പയസ്സൽപമെന്യേ
ദിനമനു പരിപാനം ചെയ്കയാൽ നിന്നിലുണ്ടാ–
മനവധി ചെറുധാന്യം പുഷ്ടി പൂണ്ടുല്ലസിപ്പൂ.

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

## 3.1807 ദിനേശനേ നാട്ട. . . (ജ്യോതി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ദിനേശനേ നാട്ട കടത്തുവാനം
അഹസ്സിനെസ്സിന്ധുവിലാഴ്ത്തുവാനം
കൈകേയിതൻ മാളികമച്ചിലെത്തി-
യിരുട്ടുപോൽ മന്ഥരയന്തിനേരം

കവി : **പി.കുഞ്ഞിരാമൻ നായർ**, കൃതി : *ബാലരാമായണം*

## 3.1808 കരയരുതഴലിങ്കൽ. . . (കർത്താ)

മാലിനി

കരയരുതഴലിങ്കൽ, ശ്രീയിലിമ്മട്ടുഗർവം
കരകവിയരു, തെല്ലാം തുല്യമായ് കല്യർ കാണ്മൂ;
കരളിനകമിളക്കം തട്ടിടാത്തോന്ന കാമം
കരഗത, മവനെക്കാൾ ധന്യനായന്യനണ്ടോ?

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

## 3.1809 കണ്ടോരുണ്ടോ? തുറുങ്കിൽപ്പിറവി. . . (രാജേഷ്)

സ്രഗ്ദ്ധര

കണ്ടോരുണ്ടോ? തുറുങ്കിൽപ്പിറവി, തനിനിറം കണ്ടതില്ലാരു, മാടി–
ക്കൊണ്ടതൽക്കാന്തിപ്പകിട്ടു, ണ്ടിടയരുടെ നടുക്കാണ കൗമാരകാലം,
തെണ്ടും മാടിന്റെ പിന്നിൽ, പകലിരവു കവർന്നുണ്ണ, മെന്നാലുമുള്ളിൽ–
ക്കണ്ടാലാനന്ദമേകും രസികനെയൊരുനോക്കെങ്കിലും കാട്ടിടാമോ?

കവി : **വി. കെ. ജി.**

## 3.1810 തോക്കും താങ്ങിത്തദനുചരരാം. . . (കർത്താ)

മന്ദാക്രാന്ത

തോക്കും താങ്ങിത്തദനുചരരാം ഏണരൊന്നിച്ച നേരം–
പോക്കും തീട്ടിക്കൊരുവകയുമായെന്ന വേട്ടയ്ക്കു തക്കം
നോക്കുന്നേരത്തകലെയുമിരുന്നീടൊലാ നീയകാലേ
ചാക്കുണ്ടാകാമൊരു ശകലവും ലാക്കു തെറ്റില്ലവർക്ക്

കവി : **വലിയകോയിത്തമ്പുരാൻ**, കൃതി : *മയൂരസന്ദേശം*

## 3.1811 നേരു ചൊൽകിലിതു. . . (വാസുദേവൻ)

രഥോദ്ധത

നേരു ചൊൽകിലിതു നാളിലൊന്നുമേ
നേരുകൊണ്ടു കഴിയില്ല നേടുവാൻ
നേരുകാരനിഹ നേടിടുന്ന സൽ–
പ്പേരുകൊണ്ടു പുലരേണ്ടതായ് വരും!

കവി : **ടി. എം. വി.**

## 3.1812 നീലക്കണ്ണുകളോ. . . (രാജേഷ്)

ശാർദ്ദൂലവിക്രീഡിതം

നീലക്കണ്ണുകളോ, ദിനാന്തമധുരസ്വപ്നങ്ങൾതൻ ചന്ദന–
ച്ചോലയ്ക്കുള്ളിൽ വിടർന്ന പാതിയടയും നൈവേദ്യപുഷ്പങ്ങളോ,
കാലം കൊത്തിയെടുത്ത ഹംസദമയന്തീശിൽപമിന്നും നള–
ന്നാലങ്കാരിക ഭംഗിയോടെയെഴുതും സന്ദേശകാവ്യങ്ങളോ?

കവി : **വയലാർ രാമവർമ്മ**

## 3.1813 കണ്ടോരുണ്ടോ? വ്രജത്തിൻ. . . (ജ്യോതി)

സ്രഗ്ധര

കണ്ടോരുണ്ടോ? വ്രജത്തിൻ വ്രതസുകൃതഫലക്കാമ്പിനെ, പ്പാമ്പിനെ, ക്കാ–
ളിന്ദിത്തണ്ണീരു നഞ്ഞാക്കിയ കുടിലനെയോടിച്ചോരെൻ തമ്പുരാനെ?
കണ്ടോരുണ്ടോ തകർക്കും പെരുമഴ തടയാൻ കുന്നിനെപ്പൊക്കിനിർത്തി–
ത്തണ്ടറ്റുള്ളണ്ടർകോൻ തൻ മിഴികളിൽ മഴപെയ്യിച്ച കാളാംബുദത്തെ?

കവി : **വി.കെ.ജി.**

## 3.1814 കോകശ്രേണീവിരഹനിഹിതം. . . (കർത്താ)

മന്ദാക്രാന്ത

കോകശ്രേണീവിരഹനിഹിതം തീ നറുങ്ങെന്റപോലേ
ളുകിളുകിളുഹിനകണികാം ളുർന്ന പൂങ്കാവിലൂടെ
സ്തോകോന്മീലന്നളിനതെളിതേൻകാളക്കുടാംബു കോരി–
ത്തേകിത്തോകപ്പവനനവനെച്ചെന്റു കൊന്റാൻ തദാനീം.

കൃതി : *ഉണ്ണുനീലി സന്ദേശം*

## 3.1815 സ വിസ്മയോത്ഫുല്ല. . . (ജ്യോതി)

ഇന്ദ്രവംശ/വംശസ്ഥം

സ വിസ്മയോത്ഫുല്ല വിലോചനോ ഹരിം
സുതം വിലോക്യാനകദുന്ദുഭിസ്തദാ
കൃഷ്ണാവതാരോത്സവസംഭ്രമോസ്പൃശൻ
മുദാ ദ്വിജേഭ്യോ ʃ യുതമാപ്ലുതോ ഗവാം

കവി : **വ്യാസൻ**, കൃതി : *ഭാഗവതം 10–3–11*

## 3.1816 കൃത്വാ പരോക്ഷതനുരേവ. . . (കർത്താ)

വസന്തതിലകം

കൃത്വാ പരോക്ഷതനുരേവ മഹോക്ഷമൂർത്തിഃ
സദ്വാപരോ ʃ ക്ഷകലിതസ്ഥിതിരിഷ്ടസിദ്ധിം
ധൃത്വാ സുവർണശകുനത്വമതീവ ദൃഷ്ടോ
ഹൃത്വാംബരം ച ദിവമേത്യ നളം ന്യഗാദീത്

കവി : **ഉണ്ണായി വാര്യർ**, കൃതി : *നളചരിതം*

## 3.1817 ധൈര്യസ്യാശ്രമസംശ്രിതസ്യ. . . (ജ്യോതി)[257]

ശാർദ്ദൂലവിക്രീഡിതം

ധൈര്യസ്യാശ്രമസംശ്രിതസ്യ വസതസ്തുഷ്ടസ്യ വന്യൈഃ ഫലൈഃ–
മാനാർഹസ്യ ജനസ്യ വൽക്കലവതസ്ത്രാസഃ സമുത്പാദ്യതേ
ഉത്സിക്തോ വിനയാദപേതപുരുഷോ ഭാഗ്യൈശ്ചലൈർവിസ്മിതഃ
കോ∫യം ഭോ! നിഭൃതം തപോവനമിദം ഗ്രാമീകരോത്യാജ്ഞയാ

കവി : **ഭാസൻ**, കൃതി : *സ്വപ്നവാസവദത്തം*

## 3.1818 ഉഷ്ണത്തിന്നുപശാന്തിയായ. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

ഉഷ്ണത്തിന്നുപശാന്തിയായമൃതദാതൃത്വം വരിക്കെ, സ്വയം
കൃഷ്ണത്വം തനുവിന്നിണങ്ങിയ കൃപാകാദംബിനീകന്ദമേ,
ധൃഷ്ണുയ്ക്കില്ലിളവൊട്ടുമീ പ്രകടനക്കാർക്കെന്നറി,ഞ്ഞുർവി തൻ
തൃഷ്ണയ്ക്കുള്ളിൽ മുളച്ച ചില്ലത പടർത്തീടാൻ മടിയ്ക്കാക നീ.

കവി : **യൂസഫലി കേച്ചേരി**, കൃതി : *സോമയാഗം*

## 3.1819 ധരിയ്ക്ക നീ ദേവകി. . . (ഉമ)

ഉപേന്ദ്രവജ്ര

ധരിയ്ക്ക നീ ദേവകി! നന്ദനന്മാർ
മരിയ്ക്ക കൊണ്ടത്തൽ നിനക്കു വേണ്ടാ
ഒരിയ്ക്കലുണ്ടേവനുമാത്മനാശം
ജരയ്ക്കു മുൻപേ മരണം മനോജ്ഞം

കവി : **കുഞ്ചൻ നമ്പ്യാർ**, കൃതി : *മണിപ്രവാളം*

## 3.1820 ഒന്നാമതെണ്ണ കുറവാണ. . . (ജ്യോതി)

വസന്തതിലകം

ഒന്നാമതെണ്ണ കുറവാണ, വെളിച്ചമില്ല
യെന്നാലുമച്ചെറുവിളക്കുകളേന്തിയേന്തി
അന്നാട്ടുമുക്കുകളിൽനിന്നു പറന്നുവന്നു
മിന്നാമിനുങ്ങുകളുദാരവിചാരപൂർവ്വം

കവി : **വി.കെ.ജി**

## 3.1821 അപ്പം പോലെ വിടർന്ന. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

അപ്പം പോലെ വിടർന്ന പൊക്കി,ലുരസിത്തള്ളുന്ന വൻ ചന്തി, മെ–
യ്യൽപ്പം പിൻഞെളി, വാക്കവിൾത്തടമതിൽച്ചേരുന്നതോടൊന്നഹോ!
ശിൽപമ്പൊന്തനടി,സ്വഭാവഗുണ,മജ്ജാതിത്തവാക്കേവമായ്
ഉപ്പിത്തുപ്പി വരുന്നതുംഗകവിയാമിയ്യാളിതയ്യാ! രസം.

കവി : **വെണ്മണി മഹൻ**, കൃതി : (ഒറവങ്കരയെപ്പറ്റി)

---

257 [*ജ്യോതി*] **ശ്ലോകം 3.1817 :** പരിഭാഷ (**എ. ആർ. രാജരാജവർമ്മ**) :
ഉൾഭീതിക്കിടയാക്കി, കായ്കനികളും ഭക്ഷിച്ചു ചീരം ധരി–
ച്ചാർഭാടഭ്രമമെന്നിയാശ്രമപദം കൈക്കൊണ്ട മാന്യർക്കഹോ!
ദുർഭള്ളാണ്ടൊരു തണ്ടുതപ്പിയെവനാണ്ടക്കാർന്ന ശാസ്യങ്ങൾ ചെ–
യ്തിബ്ഭാഷയ്ക്കു തപോവനം നിഭൃതമായ് ഗ്രാമീകരിയ്ക്കുന്നതു്?

## 3.1822 ശ്രീമത് സൂര്യന്നു ശിഷ്യൻ. . . (രാജേഷ്)

സ്രഗ്ധര

ശ്രീമത് സൂര്യന്നു ശിഷ്യൻ, പവനനു തനയൻ, സൂര്യപുത്രന്നമാത്യൻ,
രാമസ്വാമിയ്ക്കു ദൂതൻ, ജനകതനുജയാൾക്കാമയം തീർത്ത വൈദ്യൻ,
ഭീമന്നണ്ണൻ, നിശാടർക്കകരുണതരനാം കാല, നാലത്തിയൂരെ-
ഗ്രാമത്തിന്നിഷ്ടദൈവം, ശ്രിതസുരതരുവാ ശ്രീഹനൂമാൻ സഹായം!

കവി : **വള്ളത്തോൾ**

## 3.1823 ഭരണമേ രണമായതു. . . (ഹരി)

ദ്രുതവിളംബിതം

ഭരണമേ രണമായതു കാരണം
മുടിയണം ജനനായകർ തൻ ഗണം
ശരണമായ് ചരണം തരണം വിഭോ
പതിയണം ജനമോക്ഷദവീക്ഷണം

കവി : **ഹരിദാസ്**

## 3.1824 ശ്രിയാശാതകുംഭദ്യുതി. . . (ജ്യോതി)

ഭുജംഗപ്രയാതം

ശ്രിയാശാതകുംഭദ്യുതിസ്നിഗ്ദ്ധകാന്ത്യാ
ധരണ്യാ ച ദൂർവ്വാദളശ്യാമളാംഗ്യാ
കളത്രദ്വയേനാമുനാതോഷിതായ
ത്രിലോകീഗൃഹസ്ഥായ വിഷ്ണോ നമസ്തേ

കവി : **ശങ്കരാചാര്യർ**, കൃതി : *വിഷ്ണുഭുജംഗം*

## 3.1825 കുലാലൻ വിരിഞ്ചൻ. . . (രാജേഷ്)[258]

ഭുജംഗപ്രയാതം

കുലാലൻ വിരിഞ്ചൻ, പിറന്നും മരിച്ചും
നിരാലംബനായിട്ടുഴന്നു രമേശൻ,
ഇരപ്പാളിയായ് ശംഭു, വർക്കൻ കറങ്ങും
കളിപ്പാട്ടമായ്, ക്കർമ്മമേ, നിന്റെയൂക്കാൽ!

കവി : **രാജേഷ് ആർ. വർമ്മ**

## 3.1826 ഇവന്നില്ല വർണ്ണാശ്രമാചാര. . . (ഉമേഷ്)

ഭുജംഗപ്രയാതം

ഇവന്നില്ല വർണ്ണാശ്രമാചാരധർമ്മം,
യമം, ധാരണാദ്ധ്യാനയോഗാദിയില്ല,
അനാത്മാശ്രയൻ ഞാനഹന്താദി വിട്ടാൽ
അകന്നൊക്കെ, ശേഷിച്ച ഞാനോ ശിവൻ താൻ.

കവി : **സി. വി. വാസുദേവഭട്ടതിരി / ശങ്കരാചാര്യർ**, കൃതി : *നിർവാണദശകം പരിഭാഷ*

---

[258] [*രാജേഷ്*] **ശ്ലോകം 3.1825 :** മൂലശ്ലോകം (**ഭർത്തൃഹരി**) :

ബ്രഹ്മാ യേന കലാലവന്നിയമിതോ ബ്രഹ്മാണ്ഡ ഭാണ്ഡോദരേ,
വിഷ്ണുര്യേന ദശാവതാര ഗഹനേ ക്ഷിപ്താ മഹാ സങ്കടേ,
രുദ്രോ യേന കപാലപാണിപുടകൈർ ഭിക്ഷാടനം സേവതേ,
സൂര്യോ ഭ്രാമ്യതി നിത്യമേവ ഗഗനേ, തസ്മൈ നമഃ കർമ്മണേ!

## 3.1827 ആരാമ,മത്സ്യമിതിരൂപം. . . (ഹരി)

വസന്തതിലകം

ആരാമ,മത്സ്യമിതിരൂപമിയന്നിരുന്നൂ
ആരാമലീല,സഖിഗോപികളൊത്തുമാടീ
ആരാമയങ്ങളലിവോടെയകറ്റിടുന്നൂ
ആരാമസോദരപദാംബുജമാശ്രയാമി

കവി: ഹരിദാസ്

## 3.1828 അവനവന്റെയിടം. . . (രാജേഷ്)

ദ്രുതവിളംബിതം

അവനവന്റെയിടം വെടിയൊ,ല്ലതി–
ങ്ങവമതിക്കിടയാക്കിടുമാര്യനം
റബറിനിട്ട തടത്തിൽ മുളയ്ക്കുകിൽ
ചവറുപോൽത്തുളസിച്ചെടി നിർണ്ണയം

കവി: രാജേഷ്

## 3.1829 റാകിപ്പറക്കുമൊരു. . . (ഹരി)

വസന്തതിലകം

റാകിപ്പറക്കുമൊരു കൊച്ചുപരുന്തിനോടു
റാഞ്ചിപ്പറപ്പതിനൊരുത്തരവിട്ട കേമൻ
പ്രാകിക്കിതച്ചുഗതികെട്ടുനടന്നിടുന്നൂ
പാവം പരുന്തു ബത കണ്ടു രസിപ്പതുണ്ടാം

കവി : ഹരിദാസ്

## 3.1830 പുറം കഠോരം. . . (രാജേഷ്)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

പുറം കഠോരം, പരിശുഷ്കമൊട്ടു–
ക്കുള്ളോ മൃദുസ്വാദുരസാന്വിധം
നാടൻ കൃഷിക്കാരൊരു നാളികേര–
പാകത്തിലാണിങ്ങനെ മിക്കപേരും

കവി : കുറ്റിപ്പുറത്തു കേശവൻ നായർ, കൃതി : *ഗ്രാമീണകന്യക*

## 3.1831 നലമൊട്ടു മുല നൽകും. . . (കർത്താ)

മാലിനി

നലമൊട്ടു മുല നൽകും പെണ്ണിനെക്കൊന്നവൻ, മാ–
തുലനുടെ കഥ തീർത്തോൻ, ഗോപിമാർ കെട്ടിയിട്ടോൻ,
കൊലയൊരുപടി ചെയ്തോൻ, താതനെത്താങ്ങുമെന്നോർ–
ത്തലമുറയിടുമെന്നെദ്ധിക്കരിക്കുന്നു ഞാൻ താൻ!

കവി : നടുവത്തു മഹൻ

## 3.1832 കാകൻ കറുത്തോൻ. . . (രാജേഷ്)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

കാകൻ കറുത്തോൻ, കുയിലും കറുത്തോൻ,
ഭേദം നിനച്ചാലിരുവർക്കുമില്ല
വസന്തകാലം വഴിപോലണഞ്ഞാ–
ലറിഞ്ഞിടാമായവർ തൻ വിശേഷം

കവി : **കെ. സി. കേശവപിള്ള (വിവർത്തനം)**, കൃതി : *സുഭാഷിതരത്നാകരം*

## 3.1833 വാനത്തു രുവെൺ. . . (കർത്താ)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

വാനത്തു രുവെണ്മുഴമുത്തുപൊലെ
സചേതനാസേചനകത്വമേന്തി,
ലസിച്ചൊരീയോമനയെച്ചവിട്ടി–
ത്താഴത്തുവീഴ്ത്താൻ കഴലാർക്കുയർന്നു?

കവി : **ഉള്ളൂർ**, കൃതി : *ഒരു മഴത്തുള്ളി*

## 3.1834 ലോക്കപ്പിലേയ്ക്കു യമ. . . (ഹരി)

വസന്തതിലകം

ലോക്കപ്പിലേയ്ക്കു യമദൂതരിറങ്ങിവന്നു
പോലീസുവേഷമതുപൂണ്ടു തിമിർത്തിടുന്നു
ദൈവത്തിനുള്ള നിജ നാടിതു വൈകിടാതെ
കാലന്റെതായിവരുമോ,ശിവ രക്ഷ രക്ഷ

കവി : **ഹരിദാസ്**

## 3.1835 ദിഷ്ടം പൂത്തുലയുന്ന. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

ദിഷ്ടം പൂത്തുലയുന്ന നന്ദനമിതാ,ണജ്ഞാതമാം താവകോ–
ദ്ദിഷ്ടം പോലെ ചുഴന്നിടും ഭഗണചക്രത്തിന്റെ കേന്ദ്രാക്ഷമായ്,
സ്പഷ്ടം യോഗികൾ വാഴ്ത്തുവോരിടമിതാ, ണിങ്ങാണു വിദ്വത്പരാ–
മൃഷ്ടം ചിന്മയസൗഭഗം പരിലസിച്ചീടുന്ന പുണ്യാലയം!

കവി : **യൂസഫലി കേച്ചേരി**, കൃതി : *അദ്വൈതവം*

## 3.1836 സ്വൽപം പരപ്പുള്ളൊരു. . . (രാജേഷ്)

ഇന്ദ്രവജ്ര

സ്വൽപം പരപ്പുള്ളൊരു നാവിളക്കാ–
നൽപ്പൂവിലേറ്റം മടിയാർന്ന മൂഢൻ
അൽപേതരക്ലേശമൊടംഗമെല്ലാം
കൽപിച്ചിടുന്നൂ പല വേലകൾക്കായ്.

കവി : **കെ. സി. കേശവപിള്ള (തർജ്ജമ)**, കൃതി : *സുഭാഷിതരത്നാകരം*

## 3.1837 ആരാ,ധനഞ്ജയനു. . . (ഹരി)

വസന്തതിലകം

ആരാ,ധനഞ്ജയനു സാരഥിയായിരുന്നു
ആ,രാധ,നാഥപദമോടെ രസിച്ചിരുന്നു
ആരാ,ധനാശ വിട്ടുവാനൊരു ഭക്തിയോടെ
ആരാധനയ്ക്കുവരുമാപദമേവലംബം

കവി : **ഹരിദാസ്**

## 3.1838 ആർത്താതങ്കാപഹേ. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

ആർത്താതങ്കാപഹേ, മാലലരുകളുയിരിൻ ലോലസൂത്രത്തിലെണ്ണി–
ക്കോർത്താരാൽ വെച്ച മാലാവിരസത തെളിവാർന്നൊന്നു നീ നോക്കിടും നാൾ,
നീർത്താർക്കണ്ണിൻ കടക്കൽ പൊടിയുമൊരലിവിൻ ബിന്ദുവിൽ മുവൽ മുക്കി–
ത്തീർത്താവൂ നിന്റെ ചിത്രം വിസ്മരവിലസദ്വൃന്ദവീചീവിചിത്രം!

കവി : **യൂസഫലി കേച്ചേരി**, കൃതി : *നാദബ്രഹ്മം*

## 3.1839 നാദബ്രഹ്മമഹാഗ്നിതന്നിൽ. . . (രാജേഷ്)

ശാർദ്ദൂലവിക്രീഡിതം

നാദബ്രഹ്മമഹാഗ്നിതന്നിലലിവോടാവിശ്വകർമ്മാവെടു–
ത്തുതിക്കാച്ചിയ സ്വർണ്ണമേ, നിഖിലലോകത്തിന്റെ സായൂജ്യമേ,
ശ്രോതാക്കൾക്കമരത്വമെന്നുമരുളും പീയൂഷമേ, സാഹിതീ–
ശ്രീതാവും മലയാളഭാഷയുടെ സത്സൗഭാഗ്യമേ, സ്വാഗതം!

കവി : **ഉമേഷ് നായർ**, കൃതി : *യേശുദാസിനോട്*

## 3.1840 ശ്രീയാ, ണർവ്വശിയാണു. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ശ്രീയാ, ണർവ്വശിയാണു, ശീലവതിയാണെന്നൊക്കെ നാട്ടാർ വെടി–
പ്പായാഹന്ത! പുകഴ്ത്തുമീ മൊഴികളാൽ കർണ്ണം തഴമ്പിച്ചു മേ;
പ്രേയാനോടൊരുമിപ്പതിന്നു തടവില്ലാത്തോരു സാധാരണ–
സ്ത്രീയായാൽ മതിയായിരുന്നു – വിധി താനെന്നെച്ചതിച്ചൂ വൃഥാ!

കവി : **വള്ളത്തോൾ**, കൃതി : *വിലാസലതിക*

## 3.1841 പോകാറില്ലിവനമ്പലത്തിതുനാൾ. . . (ദേവദാസ്)

ശാർദ്ദൂലവിക്രീഡിതം

പോകാറില്ലിവനമ്പലത്തിലിതുനാൾ, കൈകൂപ്പി യാചിക്കുവാൻ
പോകാറില്ല, കഴിക്കലില്ലൊരു പണപ്പാൽപായസം മാലയും
മൂകം ഭക്തിയൊടെന്നുമെന്റെ കഴിവിന്നാകുന്ന ശുശ്രൂഷ ഞാ–
നേകീടുന്നു പിതാവി, നെന്റെ മിഴിയിൽ കാണുന്ന ദൈവത്തിനായ്

കവി : **മായന്നൂർ ചിത്രൻ**

## 3.1842 മായാജാലങ്ങൾ കോലാഹലമൊട്ടു. . . (കർത്താ)

സ്രഗ്ദ്ധര

മായാജാലങ്ങൾ കോലാഹലമൊട്ടു തലയിൽക്കാലിലക്കാൽച്ചിലമ്പും
ചാലേ മേലൊക്കെ മാലേയവുമരയിലണിച്ചേലയും ചാർത്തി ഭംഗ്യാ
ചേലോടാലോലനീലോൽപലദളമിഴിയാലൂഴി പാലിച്ച മേച്ചിൽ–
ക്കോലും കൈക്കൊണ്ട കോലുംകുതുകമൊടമരും കോലമാലംബനം മേ.

കവി : **ഒടുവിൽ**, കൃതി : *സമസ്യാപൂരണം*

## 3.1843 ചരിയ്ക്കും പഥത്തിന്റെ. . . (രാജേഷ്)

ഭുജംഗപ്രയാതം

ചരിയ്ക്കും പഥത്തിന്റെ നേരല്ല മുഖ്യം,
ജനിയ്ക്കും കുലത്തിൻ വലിപ്പച്ചെറുപ്പം
ബലിയ്ക്കീ നിജത്തെദ്ധരിപ്പിച്ച മോക്ഷം
കൊടുക്കാൻ പിറക്കും ഹരിയ്ക്കായ് നമിയ്ക്കാം

കവി : **രാജേഷ് ആർ. വർമ്മ**

## 3.1844 ബന്ധമെന്തിവിടെ മാബലിയ്ക്കു. . . (കർത്താ)

കുസുമമഞ്ജരി

ബന്ധമെന്തിവിടെ മാബലിയ്ക്കു പഴകിദ്രവിച്ചതു പൊടിഞ്ഞുപോ–
യന്ധനല്ലിവനതിന്നു കണ്ടു, പുലബന്ധമില്ലിനിയുമോണമായ്;
സിന്ധുശായിഭഗവാനൊടന്നു വരബന്ധമൊന്നിതു പുലർത്തുവാൻ
ബന്ധമെ,ന്തതുമഹന്തതന്നെ; യിതതിന്നു ചേർന്ന പരിണാമമോ?

കവി : **എൻ. ഡി. കൃഷ്ണനുണ്ണി**, കൃതി : *മാബലി*

## 3.1845 സാധിച്ച വേഗമഥവാ. . . (ഉമേഷ്)

വസന്തതിലകം

സാധിച്ച വേഗമഥവാ നിജ ജന്മകൃത്യം
സാധിഷ്ഠർ പോ – ട്ടിഹ സദാ നിശി പാന്ഥപാദം
ബാധിച്ച രൂക്ഷശില വാഴ്വതിൽ നിന്നു മേഘ–
ജ്യോതിസ്സു തൻ ക്ഷണികജീവിതമല്ലി കാമ്യം.

കവി : **കുമാരനാശാൻ**, കൃതി : *വീണപൂവ്*

## 3.1846 ബന്ധിച്ചു കർമ്മസങ്ഗം. . . (മധുരാജ്)

സ്രഗ്ദ്ധര

ബന്ധിച്ചു കർമ്മസങ്ഗം, ഫലമതനുഭവിച്ചീടുവാനായ്പ്പിറക്കേ
വെന്തു വിണ്മൂത്രമധ്യേ ജഠരദഹനനിൽപ്പിന്നെ ഗർഭത്തിൽ വാഴ്കേ
എന്തെല്ലാം സങ്കടം ഞാനവിടെയനുഭവിച്ചെന്നു ചൊല്ലാവതല്ലേ
ക്ഷന്തവ്യോ മേ ∫ പരാധഃ ശിവ ശിവ ശിവ ഭോ! ശ്രീമഹാദേവശംഭോ!

കവി : **പി. സി. മധുരാജ് / ശങ്കരാചാര്യർ**

## 3.1847 ഏറ്റം ഭംഗ്യാ ചെരിയ്ക്കും. . . (രാജേഷ്)

സ്രഗ്ദ്ധര

ഏറ്റം ഭംഗ്യാ ചെരിയ്ക്കും ഗളമൊട്ടടനടൻ പിന്നിലെത്തുന്ന തേർമേൽ
നോട്ടം ന, ട്ടേറെയും പിന്നുടലിഷുഹതിഭീ കൊണ്ടു മുന്മെയ്യിലാക്കി,
വാട്ടത്താൽ വാ പിളർ, ന്നദ്ധ്വനി പകുതി ചവച്ചുള്ള ദർഭങ്ങൾ ചിന്നി,–
ച്ചാട്ടത്താൽ കാൺക, വാനിൽ പെരുതു, മവനിയിൽ ചെറ്റുമായ് വെച്ചടിപ്പൂ!

കവി : **വള്ളത്തോൾ/കാളിദാസൻ**, കൃതി : *അഭിജ്ഞാന ശാകുന്തളം*

## 3.1848 വനമുല്ലയിൽ നിന്നു. . . (കർത്താ)

വിയോഗിനി

വനമുല്ലയിൽ നിന്നു വായുവിൻ
ഗതിയിൽ പാറിവരുന്ന പൂക്കൾ പോൽ
ഘനവേണി വഹിച്ചു കുന്തലിൽ
പതിയും തൈജസകീടപംക്തിയെ.

കവി : **കുമാരനാശാൻ**, കൃതി : *ചിന്താവിഷ്ടയായ സീത*

## 3.1849 ഘനമാമനുകമ്പയിൽ. . . (ബാലേന്ദു)

വിയോഗിനി

ഘനമാമനുകമ്പയിൽത്തട–
ഞ്ഞനതിവ്യാകുലമൊന്നുനിന്നുടൻ
ജനകാത്മജ തന്റെ ചിന്തയാം
വനകല്ലോലിനി പാഞ്ഞുവീണ്ടുമേ.

കവി : **കുമാരനാശാൻ**, കൃതി : *ചിന്താവിഷ്ടയായ സീത*

## 3.1850 ജീവാത്മാക്കളിലർഭകപ്രണയമായ്. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

ജീവാത്മാക്കളിലർഭകപ്രണയമായ് മെത്തും മഹാശക്തിതാൻ
മൂവാരം ചെറുമുട്ടകൾക്കടയിരുത്തുന്നു പിടപ്പക്ഷിയെ
ഭൂവാസത്തിനണഞ്ഞിടാൻ, നിജകുലം സൃഷ്ടിക്കുവാൻ, ചാമ്പലായ്–
പ്പോവാനും വിധി നൂറ്റ പൊന്നിഴയിലെപ്പാവയ്ക്കു പങ്കെത്തുവാൻ!

കവി : **യൂസഫലി കേച്ചേരി**, കൃതി : *പാവ (ഒറ്റശ്ലോകം)*

## 3.1851 ഭക്ത്യാ സേവിച്ചതോറും. . . (ഗോപകുമാർ)

സ്രഗ്ദ്ധര

ഭക്ത്യാ സേവിച്ചതോറും പരിചൊടു സുചിരം ഭാവിതം വസ്തുതാനാ–
മിത്ഥം കാണായ പൗരാണിക ദണിതികണക്കല്ല കല്യാണമൂർത്തേ
നിത്യം നിന്മേനി നീലോൽപലനവകരികാകാന്തി ചിന്തിച്ചതോറും
ചിത്തം മേന്മേൽ പെരുക്കിന്റു മമ നിരതരാം നിർമ്മലം ചെമ്മരേശ!

## 3.1852 നിവൃത്തതർഷൈരുപ. . . (ജ്യോതി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

നിവൃത്തതർഷൈരുപഗീയമാനാത്
ഭവൗഷധാച്ഛ്രോത്ര മനോഭിരാമാത്
ക ഉത്തമശ്ലോകഗുണാനുവാദാത്
പുമാൻ വിരജ്യേത വിനാ പശുഘ്നാത്

കവി : **വ്യാസൻ**, കൃതി : *ഭാഗവതം 10–4*

### 3.1853 കോടക്കാറാണു മെയ്യിൽ. . . (കർത്താ)

സ്രഗ്ദ്ധര

കോടക്കാറാണു മെയ്യിൽ, കൃതമതി ധവളപ്രൗഢി ചേർപ്പൂ യശസ്സിൽ;
മാടഞ്ചാറാണു ചുറ്റും, നരതതി നടുവേ വാഴ്വൂ നിത്യം നിരീഹൻ;
ഓടപ്പുല്ലാണു കയ്യിൽ, യദുപതി മധുതാൻ കോരിവീഴ്ത്തുന്നു മുറ്റും;
വേടക്കമ്പാണു കാലിൽ ജിതമൃതി കവിതാകന്ദവർഷാംബുവാഹം!

കവി : **യൂസഫലി കേച്ചേരി**, കൃതി : *നാദബ്രഹ്മം*

### 3.1854 ഒട്ടല്ലെൻ കർമ്മദോഷം. . . (ഗോപകുമാർ)

സ്രഗ്ദ്ധര

ഒട്ടല്ലെൻ കർമ്മദോഷം, കഠിനമതു, കടക്കണ്ണിനാൽ തീയിവണ്ണം
വിട്ടല്ലേ പിഷ്ടപേഷം പടി വെറുതെ മയക്കുന്നതെന്തിജ്ജനത്തെ?
മട്ടെല്ലാം മാറി ഞാനോ ബഹുവിവശയതായ്ത്തീർന്നുവെന്നല്ല, നിൻ മെയ്
കിട്ടാനല്ലാതെ മറ്റൊന്നിനുമൊരു സമയം ചിന്തയില്ലെന്തു ചെയ്യാം?

കവി : **ശീവൊള്ളി**, കൃതി : *ദുസ്സ്പശനാടകം*

### 3.1855 മേലാ കാണുവതിന്നു. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

മേലാ കാണുവതിന്നു, കേരളധരാരാഷ്ട്രീയസദ്വേദിയിൽ
ഹാ, ലാംഗുലവിഹീനരായ കപികൾ കാട്ടുന്ന പേക്കൂത്തുകൾ;
ആലോചിക്ക, ജനാധിപത്യഭരണം പോകുന്ന പോക്കെങ്ങു താൻ?
***കാലം വൈകിയിരിക്കയാണു പലതും മാറ്റിപ്പണിഞ്ഞീടുവാൻ.***

കവി : **ഉമേഷ് നായർ**, കൃതി : *(സമസ്യാപൂരണം, ഭാഷാപോഷിണി, 1982)*

### 3.1856 അരുളേ തിരുമേനി. . . (കർത്താ)

തോടകം

അരുളേ തിരുമേനിയണഞ്ഞിടുമീ–
യിരുളേ വെളിയേയിടയേ പൊതുവേ,
കരളേ, കരളിങ്കലിരിക്കുമരും–
പൊരുളേ, പുരി മൂന്നുമെരിച്ചവനേ!

കവി : **ശ്രീനാരായണഗുരു**

### 3.1857 കനകരുചിരചേലം. . . (ജ്യോതി)

മാലിനി

കനകരുചിരചേലം കാന്തിപൂരാലവാലം
സകലഭുവനപാലം സജ്ജനേച്ഛാനുകൂലം
ഖഗപരിവൃഢവാഹം ഖണ്ഡിതാശേഷമോഹം
മഥിതരിപുസമൂഹം മാരുതേശം ഭജേഽഹം

കവി : **കേരളവർമ്മ വലിയ കോയിത്തമ്പുരാൻ**, കൃതി : *ശ്രീഗുരുവായുപുരേശസ്തവം*

## 3.1858 ഖേദത്തൊടർത്ഥിച്ചിട്ടവോർക്കു. . . (കർത്താ)

ഇന്ദ്രവംശ

ഖേദത്തൊടർത്ഥിച്ചിട്ടവോർക്കു നന്മ നിർ–
വാദം കനിഞ്ഞേകിട്ടമീശ്വരാത്മജൻ
ഭേദം പെടാതക്ഷികൾ തൊട്ടവർക്കു സ–
മ്മോദം ജനിക്കും വിധമേകി കാഴ്ചയെ.

കവി : **കട്ടക്കയം**, കൃതി : *ശ്രീയേശു വിജയം*

## 3.1859 ഭണ്ഡദൈത്യ. . . (ജ്യോതി)

സ്വാഗത

ഭണ്ഡദൈത്യദമനീസഹജോഽവ്യാത്
കുണ്ഡലീന്ദ്രശയനഃ പവനേശഃ
ഖാണ്ഡവസ്യ സുഹിതാദ്യദുപേതഃ
പാണ്ഡവോലഭത ഗാണ്ഡീവമഗ്നേഃ

കവി : **കേരളവർമ്മ വലിയകോയിത്തമ്പുരാൻ**, കൃതി : *ശ്രീഗുരുവായുപുരേശസ്തവം*

## 3.1860 ഖേദവ്യാകുല, കേരളാവനി. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

ഖേദവ്യാകുല, കേരളാവനി കരഞ്ഞീടുന്നതും, തീവ്രനിർ–
വ്വേദവ്യാഹതചിത്തകൈരളി വിരഞ്ഞിമ്മട്ടു മൂർഛിച്ചതും,
ഹാ! ദർശിച്ചു ഭവദ്ഗുണങ്ങളനുമാനിക്കാം സഖേ! ഭ്രുവിൽ നിർ–
വ്വാദം വിശ്വഭരം രസത്തിൽ നിലനിർത്തീടുന്ന വാഗ്വേദികൾ.

കവി : **കുമാരനാശാൻ**, കൃതി : *പ്രരോദനം*

## 3.1861 ഹാസ്യമിത്ര. . . (ജ്യോതി)

രഥോദ്ധത

ഹാസ്യമിത്ര പരിഹാസ്യമാകവേ
ആസ്യമൊട്ടു നനയുന്നിതശ്രുവാൽ
ഉത്സവം പൊടിപൊടിച്ചു കണ്ടിടാം
ദൂരദർശന വിശേഷ വൈഭവം!

കവി : **ജ്യോതിർമയി**

## 3.1862 ഉക്തി നല്ലതു സംസ്കൃതം. . . (കർത്താ)

മല്ലിക

ഉക്തി നല്ലതു സംസ്കൃതം പര, മില്ല സംശയമെങ്കിലും
വ്യക്തമായി മനസ്സിലാക്കുവതിന്നു മിക്കതുമാളുകൾ
ശക്തികെട്ടു ചമഞ്ഞിടുന്നതുകൊണ്ടു കേരളഭാഷയായ്
മുക്തിമാർഗ്ഗമതായ സൽക്കഥയൊന്നുടൻ പറയുന്നു ഞാൻ.

കവി : **വെണ്മണി മഹൻ**, കൃതി : *ഒരു പറയൻ ഗണപതി*

## 3.1863 ശീലിച്ച ഗാനമിടചേർന്നു. . . (ജീവി)

വസന്തതിലകം

ശീലിച്ച ഗാനമിടചേർന്ന ശിരസ്സമാട്ടി–
ക്കാലത്തെഴും കിളികളോടഥ മൗനമായ് നീ
ഈ ലോകതത്വവുമയേ, തെളിവാർന്ന താരാ–
ജാലത്തൊടുന്മുഖതയാർന്നു പഠിച്ചു രാവിൽ

കവി : **കുമാരനാശാൻ**, കൃതി : *വീണപൂവ്*

## 3.1864 ഇത്തന്വി മന്നവനു. . . (ജ്യോതി)

വസന്തതിലകം

ഇത്തന്വി മന്നവനു വല്ലഭയായ് ഭവിയ്ക്കു–
മൊത്തു വിപത്തിതവർ മുൻപുരചെയ്തവണ്ണം
ഇച്ചെയ്തതിന്നെഴുമുറപ്പതു താൻ വിധിയ്ക്കും
നീക്കാവതല്ല സുപരീക്ഷിത സിദ്ധവാക്യം

കവി : **കെ.പി. നാരായണ പിഷാരടി/ ഭാസൻ**, കൃതി : *സ്വപ്നവാസവദത്തം*

## 3.1865 ഇന്നീവിധം ഗതി. . . (ജീവി)

വസന്തതിലകം

ഇന്നീവിധം ഗതി നിനക്കയി പോക! പിന്നൊ–
ന്നൊന്നായ്ത്തുടർന്നു വരുമാ വഴി ഞങ്ങളെല്ലാം
ഒന്നിനുമില്ല നില – ഉന്നതമായ കുന്നു–
മെന്നല്ലയാഴിയുമൊരിക്കൽ നശിക്കുമോർത്താൽ.

കവി : **കുമാരനാശാൻ**, കൃതി : *വീണപൂവ്*

## 3.1866 ഒന്നിച്ചുണ്ടായുരുമ്മീട്ട്. . . (കർത്താ)[259]

സ്രഗ്ധര

ഒന്നിച്ചുണ്ടായുരുമ്മീട്ടൊരു തടമതിൽ നൽജ്ജാതിചൂതങ്ങൾ തയ്യായ്
നന്ദിച്ചൊപ്പം തളിർത്തങ്ങുയരുമളവിലന്യൂറ്റനാം കാറ്റിനാലെ
ഭിന്നിച്ചാജ്ജാതിചേർന്നാളൊരു വനതരുവായ്, ക്കാട്ടുതണ്ടൊന്നു ചൂതം
തന്നിൽച്ചെന്നും പിണഞ്ഞാൾ, അതിവിഷമമഹോ ദൈവയോഗപ്രയോഗം.

കവി : **വെണ്മണി മഹൻ**, കൃതി : *(പരിഭാഷ – മേൽപ്പുത്തൂരിന്റെ* 'ഏകസ്മിന്നാല...')

## 3.1867 ഭീമം വനം ഭവതി. . . (ജീവി)

വസന്തതിലകം

ഭീമം വനം ഭവതി തസ്യ പുരം പ്രധാനം
സർവോജനഃ സ്വജനതാമുപയാതി തസ്യ
കൃത്സ്നാ ച ഭൂർഭവതി സന്നിധിരത്നപൂർണാ
യസ്യാസ്തി പൂർവസുകൃതം വിപുലം നരസ്യ

കവി : **ഭർത്തൃഹരി**, കൃതി : *നീതിശതകം*

---

[259] [*കർത്താ*] ശ്ലോകം **3.1866 :** മൂലശ്ലോകം (**മേൽപ്പത്തൂർ**) :

ഏകസ്മിന്നാലവാലേയുഗപദഭവതാം മാലതീചൂതപോതാ–
വന്യോന്യം സംസ്പൃശന്തൗ തരുണകിസലയൗ വർദ്ധമാനൗ സമാനൗ
ആരൂഢാമാലതീസാകമപി വനതരും ചണ്ഡവാതപ്രണുന്നാ
ഹാ! കഷ്ടം! തം ച ചൂതം സ്പൃശതി വനലതാ, ദുർഘടോ ദൈവയോഗഃ

### 3.1868 കണ്ടാലെന്താണ,കന്നിന്മകൾ. . . (ഗോപകുമാർ)

സ്രഗ്ദ്ധര

"കണ്ടാലെന്താണ,കന്നിന്മകളവളെവളാ,ണെന്തു നമ്മോടെടുക്കം,
കണ്ടോട്ടേ കള്ളി, ഞാനിന്നമൃതകരകലാപന്റെ കൂടെക്കിടക്കും;
ഉണ്ടോ ഭേദം നമുക്കെ"ന്നമരനദി ജടാമണ്ഡലത്തിന്നിറങ്ങി–
ക്കണ്ടപ്പോൽ കാളിമാതിൻ കലുഷത കലരും കണ്ണു കാമം തരട്ടേ!

കവി : **ശീവൊള്ളി** , കൃതി : *മംഗളശ്ലോകങ്ങൾ*

### 3.1869 ഉഴന്ന പാന്ഥപ്പരിഷയ്ക്ക്. . . (ജീവി)

വംശസ്ഥം

ഉഴന്ന പാന്ഥപ്പരിഷയ്ക്കനർത്ഥദൻ;
സദാലസൻ, പാമ്പിന്നു സദ്യ നൽകുവോൻ;
സുഗുപ്തമേലം കവരുന്ന തസ്കരൻ;
കവീശ്വരർക്കെങ്ങനെ ചെല്ലമായി നീ!

കവി : **എ. ആർ. രാജരാജവർമ്മ**, കൃതി : *മലയവിലാസം*

### 3.1870 സ്വയമേ നിജപുത്രനെ. . . (ഗോപകുമാർ)

വസന്തമാലിക

സ്വയമേ നിജപുത്രനെക്കെടുത്തീ–
ബ്ഭയമേതെങ്കിലുമിന്നു ഞാനൊഴിപ്പാൻ
നയമേറിനരാജപുത്രർ ചത്തും
മയമേറുമ്പടി രാജഭക്തികാട്ടും

കൃതി : *പന്നയുടെ ത്യാഗം*

### 3.1871 നിന്നെത്താണുതൊഴുന്നവർക്ക്. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

നിന്നെത്താണുതൊഴുന്നവർക്കവരപേക്ഷിക്കാതെ കണ്ടും കട–
ന്നൊന്നാംക്ലാസു വരം കൊടുത്തു വിടുവാനൊട്ടും പിശുക്കില്ല തേ;
എന്നാല, പ്പുണി ഞാനെടുക്കുകിലെനിക്കെന്നും വരം നീ കൊടു–
ക്കുന്നീ, ലായതു ഹന്ത! നിന്നുടെ കുറുമ്പല്ലേ കുരുംബേശ്വരീ.

കവി : **ശീവൊള്ളി**, കൃതി : *മംഗള ശ്ലോകങ്ങൾ*

### 3.1872 ഏതാനും പിഴ ഞാനറിഞ്ഞും. . . (ജീവി)

ശാർദ്ദൂലവിക്രീഡിതം

ഏതാനും പിഴ ഞാനറിഞ്ഞുമറിയാതേകണ്ടു ചെയ്തീടിലും
മാതാവാകിയ നീയൊഴിഞ്ഞതു സഹിപ്പാനില്ല മറ്റാരുമേ
കാതോളം വിലസും കടാക്ഷമതുകൊണ്ടെന്നെ ക്ഷണം നോക്കിയാൽ
ചേതം വന്നിടുമോ നിനക്കു തിരുമാന്ധാംകുന്നിൽ മേവും ശിവേ?

### 3.1873 കോടക്കാറിടതുർന്നതാണു ഗഗനം. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

കോടക്കാറിടതുർന്നതാണു ഗഗനം, രാധേ, തമാലാപ്തമി–
ക്കാടൊട്ടുക്കിരുളാർന്നതാണ,നിശയായോർത്താലിവൻ ഭീരുവും;
വീടെത്തിച്ചിടുകാകയാലിവനെ നീതാ,നെന്ന നന്ദോക്തിയാൽ
കൂടിച്ചേർന്നു ഗമിച്ച മാധവനമന്ദൾപ്രീതരായ് രാധയും!

കവി : **ചങ്ങമ്പുഴ**, കൃതി : *ദേവഗീത (ഗീതഗോവിന്ദം പരിഭാഷ)*

## 3.1874 വാക്കാലാക്കാല സാംസ്കാരിക. . . (ജീവി)

സ്രഗ്ധര

വാക്കാലാക്കാല സാംസ്കാരികവടിവു വരച്ചോരു പൂരപ്രബന്ധം
നോക്കാനോർക്കുമ്പൊളാർക്കാൻ പുളയിളകുകിലാ വെണ്മണിക്കെന്തുദോഷം
നാക്കാലേ സ്വാദുനോക്കാത്തൊരു നവവിഭവം കണ്ടപാടുണ്ടതെല്ലാം
ഓക്കാനിച്ചാലതിന്നിന്നവരുടെ ദഹനക്കേടുതന്നേനിദാനം

## 3.1875 നായന്മാരാഭിജാത്യപ്പെരുമയിൽ. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

നായന്മാരാഭിജാത്യപ്പെരുമയിൽ വിവിധാചാരമര്യാദകൾക്കായ്
പാരം സമ്പത്തൊടുക്കിദ്ദുരിതമയമഹോ ജീവിതം തീർത്തകാലം
മേനോൻ ശ്രീപദ്മനാഭൻ വരകവി കനകത്തസ്ത്രതന്ത്രം വചസ്സിൽ
വാളാലൊട്ടൊന്നൊതുക്കീ ധ്രുവമഹിതകരം വൻ ദുരാചാരഭാരം.

കവി : **എം. പി. കേശവപ്പണിക്കർ**, കൃതി : *വരകവി (മുക്തകങ്ങൾ)*

## 3.1876 മുട്ടാതെയെന്നുമൊരു. . . (ജീവി)

മത്തേഭം

മുട്ടാതെയെന്നുമൊരു പട്ടാടതന്നെ തവ കിട്ടാത്തതോ പശുപതേ
കേട്ടാലുമെന്തു ബത കാട്ടാന തന്റെ തുകിൽ കെട്ടാനരയ്ക്കു കുതുകം
പിട്ടായൊരിക്കലൊരു കാട്ടാളവേഷമതു കെട്ടാൻ തുനിഞ്ഞതു വശാൽ
മുട്ടായിതെന്നുമയി കിട്ടാനിതെന്തു കൊതി പട്ടാങ്ങതാരുമറിയാ.

കവി : **എ.ആർ. രാജരാജവർമ്മ**

## 3.1877 പുത്തന്തേന്മൊഴിമാർകു. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

പുത്തൻതേന്മൊഴിമാർകുലത്തിനരിയോരുത്തംസമാം ഭൈമിതൻ
ചിത്തം താനഥ പത്തിനഞ്ചവനറിഞ്ഞിത്ഥം കൃശാങ്ഗ്യാ ഗിരാ
അത്യന്തം ബത മുഗ്ധയോടനുസരിച്ചെല്ലാമറിഞ്ഞീടുവാ–
നദ്യോഗിച്ചു വിദഗ്ധനാം ഖഗവരൻ വൈദർഭിയോടുക്തവാൻ.

കവി : **ഉണ്ണായി വാര്യർ**, കൃതി : *നളചരിതം*

## 3.1878 അഞ്ചിതദ്യുതി ചൂതപുഷ്പ. . . (ജീവി)[260]

മല്ലിക

അഞ്ചിതദ്യുതി ചൂതപുഷ്പ! ധനസ്സെടുത്തൊരു ധീരനാം
പഞ്ചബാണനു നിന്നെ ഞാനിഹ സഞ്ചിതാദരമേകിനേൻ
കുഞ്ചിതാളകമാർ മനസ്സിനു ചഞ്ചലത്വവിധായകം
തഞ്ചമോടു ഭവാധുനാ പുനരഞ്ചിലേറിയ സായകം.

---

260 [*ഉമേഷ്*] **ശ്ലോകം 3.1878 :** മൂലശ്ലോകം (കാളിദാസൻ) :

തും സി മഎ ചൂദങ്കുര! / ദിണ്ണോ കാമസ്സ ഗഹീദധണുഅസ്സ
പഹിഅജണജുവഇലക്ഖോ /പഞ്ചബ്ഭഹിഓ സരോ ഹോഹി.
(ത്വമസി മയാ ചൂതാങ്കുര! / ദത്തഃ കാമാസ്യ ഗൃഹീതധനുശഃ
പഥികജനയുവതിലക്ഷഃ / പഞ്ചാഭ്യധികഃ ശരോ ഭവ.)

കവി : **കേരളവർമ്മ വലിയകോയിത്തമ്പുരാൻ**, കൃതി : *ഭാഷാശാകുന്തളം*

## 3.1879 കാലന്റെ കിങ്കരസമൂഹം. . . (ബാലേന്ദു)

വസന്തതിലകം

കാലന്റെ കിങ്കരസമൂഹമിവന്റെ കയ്യും
കാലും വരിഞ്ഞ കയറൽപ്പമയച്ചിടാതെ
മേലോട്ടു കത്തിയുയരുന്നൊരു തീയ്ക്കകത്തു
മേലാളിടുന്ന പടിയിട്ടു വറുത്തെടുക്കും

കവി : **മായന്നൂർ ചിത്രൻ**

## 3.1880 മുട്ടീ മുട്ടീലുരുക്കിൻ. . . (ജീവി)

സ്രഗ്ദ്ധര

മുട്ടീ മുട്ടീലുരുക്കിന്നുസലമലസമായാഞ്ഞെറിഞ്ഞോരുപാശം
കെട്ടീ കെട്ടീലകണ്ഠം പരിസരമുടനേ വിട്ടതെന്തേ കൃതാന്തൻ?
വിട്ടൂ ശ്വാസപ്രയാസം കുളിരുടലിലിളംചൂടുവീണ്ടും കടന്നൂ
പെട്ടെന്നദ്ധർമ്മരാജന്നഴലിലുരുകുമെൻ സാധ്വി സാവിത്രിയായോ?

കവി : **വി. കെ. ജി.**, കൃതി : *അവിൽപ്പൊതി*

## 3.1881 വന്ദേരാജാധിരാജേശ്വര. . . (ഗോപകുമാർ)

വന്ദേ രാജാധിരാജേശ്വരമഖിലശുഭൈകാസ്പദം ശ്രീപുരേശം,
വന്ദേ ഗോവിന്ദമിന്ദീവരദളനയനം ശർമ്മദം ശംബരേശം
വന്ദേ വൈദ്യാധിനാഥം ഗദനികരഹരം ചാരുകാസ്ക്കേശം
വന്ദേ ബാലാചലാംബാമനിശമവനതാഭീഷ്ടദാമന്നപൂർണ്ണാം

കവി : **അപ്പുക്കുട്ടൻ മൂസത്**, കൃതി : *ഹനുമദ്വിജയം ആട്ടക്കഥ (വന്ദന ശ്ലോകം)*

## 3.1882 വിതിർണ്ണേ സർവസ്വേ. . . (ജീവി)

ശിഖരിണി

വിതിർണ്ണേ സർവസ്വേ തരുണകരുണാപൂർണഹൃദയാഃ
സ്മരന്തഃ സംസാരേ വിഗുണപരിണാമാം വിധിഗതിം
വയം പുണ്യാരണ്യേ പരിണതശരച്ചന്ദ്രകിരണാഃ
ത്രിയാമാ നേഷ്യാമോ ഹരചരണചിന്തൈകശരണാഃ

കവി : **ഭർത്തൃഹരി.**, കൃതി : *വൈരാഗ്യശതകം*

## 3.1883 വിരമ വിരമ വഹ്നേ. . . (ജ്യോതി)

മാലിനി

വിരമ വിരമ വഹ്നേ! മുഞ്ച ധൂമാനുബന്ധം
പ്രകടയസി കിമുച്ചൈരർച്ചിഷാം ചക്രവാളം
വിരഹഹുതഭുജാഹം യോ ന ദഗ്ദ്ധഃ പ്രിയായാഃ
പ്രളയദഹനഭാസാ തസ്യ കിം ത്വം കരോഷി?

കവി : **ശ്രീഹർഷൻ**, കൃതി : *രത്നാവലി*

## 3.1884 വിലയെഴുമനുരാഗ. . . (ഗോപകുമാർ)

അപരവക്ത്രം

വിലയെഴുമനുരാഗമത്തലാൽ
ഉലയുവതല്ല, മരിച്ചു മേൽക്കുമേൽ
വിലസിടുമടിയേറ്റ വെള്ളിപോ–
ലുലയതിലൂതിയ പൊന്നുപോലെയും

കവി : **കുമാരനാശാൻ**

## 3.1885 വലവുമിടവുമോരോ. . . (ജീവി)

മാലിനി

വലവുമിടവുമോരോ തോടൊടൊന്നിച്ചു കാന്തി–
ക്കലവികൾ കലരും നിങ്കായലിൻ പംക്തികണ്ടാൽ,
നലമൊടു തിരുമെയ്യിൽക്കീർത്തിമുദ്രാനിബദ്ധാ–
മലതരമണിഹാരം പോലെ തോന്നുന്നതായേ.

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

## 3.1886 നറും തേനതാവോളം. . . (ജ്യോതി)

ഭുജംഗപ്രയാതം

നറും തേനതാവോളമേവർക്കുമേകാ–
നിതൾ നീർത്തി വാടാതെ നിൽക്കുന്ന പൂവേ
നിറന്നീ ദളങ്ങൾ സദാ മോദമേകാൻ
തുണയ്ക്കുട്ടെയർക്കൻ – അതാണെന്റെ മോഹം!

കവി : **ജ്യോതി**

## 3.1887 നടാടെപ്പിറന്നോരു. . . (ജീവി)

ഭുജംഗപ്രയാതം

നടാടെപ്പിറന്നോരു കുഞ്ഞിന്റെ പൂമെയ്
തൊടുമ്പോൾ പിതാക്കൾക്കുദിയ്ക്കും പ്രഹർഷം
ഒടുങ്ങാവതല്ലെന്നു, മെന്നാലുമോതാൻ
തുടങ്ങുന്നു കാലം “മറക്കു മറക്കു”

കവി : **ബാലാമണിയമ്മ**, കൃതി : *മറക്കു മറക്കു*

## 3.1888 ഔദാര്യം, ദയ, കാന്തി. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

ഔദാര്യം, ദയ, കാന്തി, ബുദ്ധി, ധൃതി,തേജസ്സുക്കലാകൗശലം,
സത്യം, ശൗര്യമകൈതവം വിനയമെന്നേവം ഗുണം സർവ്വവും
കിട്ടാതെങ്ങുമൊരാസ്പദം കലിയിലീ മന്നന്നടുത്താശ്രയി–
ച്ചെത്തുന്നൂ പ്രളയത്തിലച്യുതനെയസ്സൃഷ്ടിപ്രഭേദങ്ങൾ പോൽ

കവി : **കെ.പി. നാരായണ പിഷരടി/മഹേന്ദ്രവിക്രമവർമ്മൻ**, കൃതി : *മത്തവിലാസം പ്രഹസനം*

### 3.1889 കീലം പോയതുകൊണ്ടു. . . (ഗോപകുമാർ)

ശാർദ്ദൂലവിക്രീഡിതം

കീലം പോയതുകൊണ്ടു ലാടമിളകിക്കാലൂന്നിവെച്ചീടുവാൻ
മേലാതായ്—ത്തുരഗം നശിച്ചുതുവശാൽ തോറ്റു ചമൂനായകൻ;
മേലാവിൻ ക്ഷതി കണ്ടു സേന സമരം വിട്ടോടി, ശത്രുക്കള—
ക്കാലം നാടു പിടിച്ചു – സർവ്വവുമൊരാണിക്കേടുകൊണ്ടാണിതു്.

കവി : **ശീവൊള്ളി**, കൃതി : *(പരിഭാഷ)*

### 3.1890 മേൽപ്പത്തൂർ പണ്ഡിതാണ്ഡാലന. . . (ജീവി)

സ്രഗ്ദ്ധര

മേൽപ്പത്തൂർ പണ്ഡിതാണ്ഡാലനമൃതവചോരത്നഭണ്ഡാര,മാരും
കുപ്പും പൂന്താനവിപ്രൻ പവനപുരാധീനചിത്തൻ പവിത്രൻ,
അപ്പേരാളുന്ന ലീലാശുകകവിയരവിന്ദാക്ഷപാദാബ്ജഭൃംഗം
മുപ്പേരും നൽകുകാശിസ്സടിയനടെ'യവിൽ ക്കുമ്പി'ളാസ്വാദ്യമാവാൻ.

കവി : **വി. കെ. ജി.**, കൃതി : *അവിൽപ്പൊതി*

### 3.1891 ആസ്ഥായ കോണാനിഹ. . . (ജ്യോതി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ആസ്ഥായ കോണാനിഹ ഭിക്ഷുപാദ—
പ്രസാരണന്യായമഥാചരന്തഃ
ശനൈശ്ശനൈരാർജ്ജിതഭൂവിഭാഗാഃ
സമാരുരുക്ഷൻ പരമം പദം തേ

കവി : **എ. ആർ. രാജരാജവർമ്മ**, കൃതി : *ആംഗലസാമ്രാജ്യം*

### 3.1892 ശഠതകൾ ശരിയല്ല. . . (ജീവി)[261]

പുഷ്പിതാഗ്ര

ശഠതകൾ ശരിയല്ല; കേൾക്ക, വേൾക്കാൻ
മൃദുവൊരു കാപ്പു ധരിച്ച നിൻ കരം താൻ
ഫണിവളയണിവോൻ ശിവന്റെ പാണി—
ഗ്രഹണമതെങ്ങനെയാദ്യമേ സഹിക്കും?

കവി : **കാളിദാസൻ/എ.ആർ**, കൃതി : *കുമാരസംഭവം പരിഭാഷ*

### 3.1893 ഫൽഗുനപ്രിയമഫൽഗുദയാർദ്രം. . . (ജ്യോതി)

സ്വാഗത

ഫൽഗുനപ്രിയമഫൽഗുദയാർദ്രം
വൽഗുഹാസ ലസിതാസ്യമുപാസേ
ഖഡ്ഗകൃത്തദിതിജം കുമതീനാം
ദുർഗ്രഹം ഗുരുമരുദ്ഗൃഹനാഥം

കവി : **കേരളവർമ്മ വലിയകോയിത്തമ്പുരാൻ**, കൃതി : *ശ്രീഗുരുവായുപുരേശസ്തവം*

---

[261] **[*ഉമേഷ്*] ശ്ലോകം 3.1892 :** മൂലശ്ലോകം (കാളിദാസൻ) :

അവസ്തുനിർബന്ധപരേ, കഥം നു തേ
കരോ ഽ യമാമുക്തവിവാഹകൗതുകഃ
കരേണ ശംഭോർവലയീകൃതാഹിനാ
സഹിഷ്യതേ തത് പ്രഥമാവലംബനം.

## 3.1894 ഖ്യാതിപ്പെട്ട പുരാണരൂപക. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ഖ്യാതിപ്പെട്ട പുരാണരൂപകകവിപ്രൗഢൻ കനിഞ്ഞീ വച–
സ്സോതി സ്വസ്തി പറഞ്ഞു മാറുമുടനങ്ങോരോ കലാവല്ലഭർ
ഹാ, തിക്കുന്ന സമാനകമ്പരരവരിൽ പൗരസ്ത്യപാശ്ചാത്യരാം
ജ്യോതിർവിത്തുകൾ മുഖ്യരാണപചിതജ്യോതിഷ്പ്രസാദോജ്ജ്വലർ.

കവി : **കുമാരനാശാൻ**, കൃതി : *പ്രരോദനം*

## 3.1895 ഹർഷമേകുവതിനച്ഛനേറെ. . . (മധുരാജ്)

രഥോദ്ധത

ഹർഷമേകുവതിനച്ഛനേറെ നിഷ്–
കർഷമാർന്നഥ വളർന്ന ഖിന്നയായ്
കർഷകൻ കിണറിനാൽ നനയ്ക്കിലും
വർഷമറ്റ വരിനെല്ല് പോലെ ഞാൻ.

കവി : **കുമാരനാശാൻ**, കൃതി : *നളിനി*

## 3.1896 കാമം, ഗർവ്വം, വിഷാദം,. . . (ഉമേഷ്)

സ്രഗ്ദ്ധര

കാമം, ഗർവ്വം, വിഷാദം, സുഖ – മിവ ചമയും ചീട്ടു പാടേ കശക്കും,
കാതിൽത്തുങ്ങും കുണുക്കായ് പെരുകുമപചയം, മൃത്യുവാകും തുറുപ്പാൽ
കാണാ നേരത്തു വെട്ടും – സരസമിതു വിധം ജീവിതക്കേളിയാടും
***കാലത്തെക്കീഴടക്കാൻ കരവിരുതിയലും കാലനും പാശമില്ല.***

കൃതി : *(സമസ്യാപൂരണം – ഭാഷാപോഷിണി)*

## 3.1897 കണ്ണാ, താവകദർശനാർത്ഥം. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

കണ്ണാ, താവകദർശനാർത്ഥമണയാൻ പാടില്ലെനിക്കെങ്കിലും
കണ്ണാൽ നിന്നെയരക്ഷണം നുകരുവാനെൻ തൃഷ്ണ ജൃംഭിക്കവേ
വിണ്ണോരായൊഴുകുന്ന നിൻ കരുണതൻ ദിവ്യാപദാനങ്ങളാ–
രെണ്ണാൻ?– ആശ്രിതഹൃദ്ഗതജ്ഞനുടനെൻ കണ്മുന്നിലെത്തീ ഭവാൻ!

കവി : **യൂസഫലി കേച്ചേരി**, കൃതി : *അഹൈന്ദവം*

## 3.1898 വരിക ഹൃദയനാഥ. . . (ഗോപകുമാർ)

പുഷ്പിതാഗ്ര

വരിക ഹൃദയനാഥ, വൈകി കാണ്മാൻ,
തിരുവടി മൗലിയിൽ വയ്ക്കുവാൻ മഹാത്മൻ,
തരിക ചിരവിയുക്തദർശനം, നീ
കരുണവഹിക്കുക, ദാസി ഞാൻ ദയാലോ.

കവി : **കുമാരനാശാൻ**, കൃതി : *ലീല*

## 3.1899 തെറ്റെന്നു ദേഹസുഷമാ. . . (ജീവി)

വസന്തതിലകം

തെറ്റെന്നു ദേഹസുഷമാപ്രസരം മറഞ്ഞു
ചെറ്റല്ലിരുണ്ടു മുഖകാന്തിയതും കുറഞ്ഞു
മറ്റെന്തുരപ്പു? ജവമീ നവദീപമെണ്ണ
വറ്റിപ്പുകഞ്ഞഹഹ! വാടിയണഞ്ഞുപോയി.

കവി : **കുമാരനാശാൻ**, കൃതി : *വീണപൂവ്*

## 3.1900 മൂകത്വേന. . . (ഗോപകുമാർ)

ശാർദ്ദൂലവിക്രീഡിതം

മൂകത്വേന കൃതാന്തകൻ കരമണച്ചീടിന്റതെല്ലാം പൊറു–
ത്തീ കഷ്ടം! ഗതികെട്ട ജന്മമിനിയും തേടിന്റതെന്തിന്നു നാം?
ഏകച്ഛത്രമിദം ജഗത്ത്രയമെട്ടുപ്പിക്കിന്റ ചെല്ലൂർപുരാ–
നേകം മോക്ഷപദം നമുക്കു കനിവോടേകും വണങ്ങീടിനാൽ

### 3.1901 ഏതാ നിഷിക്തരജത. . . (ജ്യോതി)

വസന്തതിലകം

ഏതാ നിഷിക്തരജതദ്രവസംനികാശാ
ധാരാജവേന പതിതാ ജലദോദരേഭ്യഃ
വിദ്യുത്പ്രദീപശിഖയാ ക്ഷണദൃഷ്ടനഷ്ടാ–
ശ്ഛിന്നാ ഇവാംബരപടസ്യ ദശാഃ പതന്തി

കവി : **ശൂദ്രകൻ**, കൃതി : *മൃച്ഛകടികം*

### 3.1902 വീണീടും ഹരിചന്ദന. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

വീണീടും ഹരിചന്ദനത്തളിരതിൻ നീരോ കശക്കിപ്പിഴി–
ഞ്ഞേണാങ്കന്റെ കരങ്ങളെ ദ്രുതമൊഴിച്ചീടുന്ന നൽധാരയോ
വേവും ജീവമനസ്സുകൾക്കു പരമാനന്ദത്തെ നൽകി ദ്രുതം
ജീവിപ്പിക്കുമൊരൗഷധീരസമതോ മാറത്തു ചേരുന്നു മേ!

കവി : **ചാത്തുക്കുട്ടി മന്നാടിയാർ**, കൃതി : *ഉത്തരരാമചരിതം*

### 3.1903 വാഗ്ദേവി നീയേ. . . (ജ്യോതി)

ഇന്ദ്രവജ്ര

വാഗ്ദേവി നീയേ തുണ നാവിലെന്നും
വാക്കിൻ പ്രവാഹം കുളിരുള്ളതാവാൻ
വാഗ്വാദകോലാഹലമേറ്റിടാതെ
വാഗ്വാദിനീ കാക്കുക മേലിലെന്നെ

കവി : **ജ്യോതിർമയി**

### 3.1904 വാനിൽച്ചാരുത ചേർന്നിടുന്ന. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

വാനിൽച്ചാരുത ചേർന്നിടുന്ന മുകിലിൻ തുണ്ടായ്, രസം മുറ്റമി–
പ്പാരിൻ മോഹനവാടികൾക്കകമുലഞ്ഞീടുന്ന നൽപുഷ്പമായ്,
നീരിൽത്താമരയായ്, ദിനാന്തസമയത്താരക്തസൂര്യക്കതിർ–
ത്തേരിൻ ചാരുപതാകയായ് കവിത നീ മിന്നുന്നിതെങ്ങെങ്ങുമേ.

കവി : **ഡി. ശ്രീമാൻ നമ്പൂതിരി**

### 3.1905 നല്ലോരുട്ടുണ്ടമലജലം. . . (കർത്താ)

മന്ദാക്രാന്ത

നല്ലോരുട്ടുണ്ടമലജലമക്കുന്നിൽനിന്നൂറിടുന്നു
കല്ലോലാസ്ഫാലനമുഖരമാമാഴിതൻ തീരമാരാൽ
സല്ലോകർക്കസ്സലിലമധികം നല്ലതാണെന്നു തോന്നീ–
ട്ടല്ലോ പാരം പ്രിയതയതിലിന്നോർക്കിലുണ്ടായിടുന്നു.

കവി : **കേരളവർമ്മ വലിയകോയിത്തമ്പുരാൻ**, കൃതി : *മയൂരസന്ദേശം*

## 3.1906 സ്വവശസുലഭ. . . (ഗോപകുമാർ)

പുഷ്പിതാഗ്ര

സ്വവശസുലഭഭൂഷയാലണഞ്ഞെ–
ന്നവയവപംക്തിയലങ്കരിക്ക തോഴി,
സവിധമതിലണഞ്ഞു കാണണം കേ–
ളവികലശോഭയൊടെന്നെയാത്മനാഥൻ

കവി : **കുമാരനാശാൻ**, കൃതി : *ലീല*

## 3.1907 സബ്ജക്റ്റു കണ്ടോൾ. . . (ജീവി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

സബ്ജക്റ്റു കണ്ടോൾ, പറയുന്നതോ സ്ത്രീ,
ശബ്ദം സുവീണാക്വണനോപമം താൻ,
വയസ്സു പത്തൊൻപതിനിപ്പുറത്താ–
ണാൾത്തിക്കു കൂടാനിനിയെന്തു വേണം?

## 3.1908 വെണ്മാടങ്ങൾക്കൊഴുകുമഴകോ. . . (കർത്താ)

മന്ദാക്രാന്ത

വെണ്മാടങ്ങൾക്കൊഴുകുമഴകോ, തത്രവർത്തിക്കുമോമൽ
പ്പെണ്മാങ്കണ്ണാൾമണികൾ തടവും കാന്തിയോ, തൽഗുണത്താൽ
അമ്മാരന്നങ്ങുടയ പുകളോ, ഹന്ത! തദ്വൈരി വാഴും
സമ്മാന്യശ്രീപരിലസിതമാം ക്ഷേത്രമോ വാഴ്ത്തിടേണ്ടൂ?

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

## 3.1909 ആകാരത്തിൻ സുഷമ. . . (ഉമേഷ്)

മന്ദാക്രാന്ത

ആകാരത്തിൻ സുഷമയിതുപോലേതു പക്ഷിക്കു പാരിൽ?
കേകാരാവം ശ്രവണസുഖദം കേൾക്കിലോ തൃപ്തിയാകാ,
ലോകാനന്ദപ്രദമസദൃശം നൃത്തവും തേ ശകുന്തേ!
ശോകാനാം മേ ശുഭഗുണ! ഭവാനീശനാം നാശനായ.

കവി : **കേരളവർമ്മ വലിയ കോയിത്തമ്പുരാൻ**, കൃതി : *മയൂരസന്ദേശം*

## 3.1910 ലാളിത്യം കലരും വികാരമഖിലം. . . (ജീവി)

ശാർദ്ദൂലവിക്രീഡിതം

ലാളിത്യം കലരും വികാരമഖിലം ലോകത്തിനാക്ഷേപമാ–
ണാളില്ലാതലയുന്ന പോറ്റിട്ടുവതിന്നാദർശസംശുദ്ധികൾ!
ആളിക്കത്തി വിഷപ്പുകച്ചുരുൾവമിച്ചുഗ്രസ്ഥലിംഗോൽക്കരം
നീളെപ്പാകിയെരിഞ്ഞിടുന്നലകിലാവിദ്വേഷദാവാഗ്നിയും!

കവി : **ചങ്ങമ്പുഴ**, കൃതി : *സ്പന്ദിക്കുന്ന അസ്ഥിമാടം*

## 3.1911 അംഗനാകൃതിയെനിയ്ക്കു. . . (രാജേഷ്)

രഥോദ്ധത

അംഗനാകൃതിയെനിയ്ക്കു പൂരുഷ–
ന്നിംഗിതാനുചരിയായിരിയ്ക്കുവാൻ
എങ്കിലോ പരമപൂരുഷാ ചിരം
നിൻകഴൽക്കലടിയാട്ടിയാക്കണേ.

കവി : **രാജേഷ് ആർ. വർമ്മ**

## 3.1912 എന്നാൽ പോംവഴി വേറെയെന്തു. . . (ജീവി)

ശാർദ്ദൂലവിക്രീഡിതം

എന്നാൽ പോംവഴി വേറെയെന്തു? നൃപതേ വേണ്ടാ വിഷാദം, ഭവാൻ
വന്നാലും,പ്രണയാത്മകം മമ മതം കൈക്കൊള്ളുകെന്നും ശുഭം.
ഇന്നോളം പ്രണയം കുടിച്ചു മദമുൾച്ചേർന്നോൻ ഗണിപ്പീല ഞാ–
നിന്നീമേദിനിയേയുമൊട്ടുമവൾ തൻമായാവിലാസത്തെയും!

കവി : **ചങ്ങമ്പുഴ**, കൃതി : *സ്വരരാഗസുധ*

## 3.1913 ഈവഞ്ചിക്ഷ്മാഗൃഹവളഭിയിൽ. . . (കർത്താ)

മന്ദാക്രാന്ത

ഈവഞ്ചിക്ഷ്മാഗൃഹവളഭിയിൽത്താമസാക്രാന്തി നീക്കി
ശ്രീവർദ്ധിപ്പിച്ചരുളിയ മഹത്താകുമാ രത്നദീപം
ജീവസ്സ്നേഹസ്ഫുടഗുണദശാശാലിയായിട്ടുമയ്യോ!
ദൈവദ്വേഷോൽക്കടപവനനിൽപ്പെട്ടു പെട്ടെന്നു കെട്ടു.

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

## 3.1914 ജാതം വംശേ ഭുവനവിദിതേ. . . (ഉമേഷ്)[262]

മന്ദാക്രാന്ത

ജാതം വംശേ ഭുവനവിദിതേ പുഷ്കലാവർത്തകാനാം
ജാനാമി ത്വാം പ്രകൃതിപുരുഷം കാമരൂപം മഘോനഃ
തേനാർത്ഥിത്വം ത്വയി വിധിവശാദ് ദൂരബന്ധുർഗതോ∫ഹം
യാച്ഞാമോഘാ വരമധിഗുണേ, നാധമേ ലബ്ധകാമാ.

കവി : **കാളിദാസൻ**, കൃതി : *മേഘദൂതം*

## 3.1915 തിര്യക്കിനും സ്നിദ്ധമതിന്റെ. . . (കർത്താ)

ഇന്ദ്രവജ്ര

തിര്യക്കിനും സ്നിദ്ധമതിന്റെ ഗോത്രം;
ആനപ്പുറത്തേറുമൊരാനയില്ല;
സ്വാർത്ഥത്തെ വാങ്ങാൻ സ്വകുലത്തെ വിൽക്കും
മാപാപിയേകൻ മതിമാൻ മനുഷ്യൻ.

കവി : **ഉള്ളൂർ**, കൃതി : *സുഖം സുഖം*

## 3.1916 സ്ഫുടതാരകൾ. . . (രാജേഷ്)

വിയോഗിനി

സ്ഫുടതാരകൾ കൂരിരുട്ടില–

---

[262] [*ഉമേഷ്*] ശ്ലോകം **3.1914 :** പരിഭാഷ (ജി. ശങ്കരക്കുറുപ്പ്) :

പേരാളും പുഷ്കലാവർത്തകകുലമതിലാണുദ്ഭവം, കാമരൂപൻ
സ്വാരാജാമാത്യനാം നീ; ദയിത വിധിവശാൽ ദൂരെയായ് ദൂനനാം ഞാൻ
ഓരാതല്ലിന്നപേക്ഷിപ്പതു; ഫലമുളവാകായ്കിലും നല്ലതാര്യ–
ന്മാരാണർത്ഥിച്ചുകൊൾവാൻ, ഫലമണയുകിലും നീചരോടാകിൽ നിന്ദ്യം.

ണ്ടിടയിൽ ദ്വീപുകളുണ്ടു സിന്ധുവിൽ
ഇടർ തീർപ്പതിനേക ഹേതു വ–
ന്നിടയാമേതു മഹാവിപത്തിലും

കവി : **കുമാരനാശാൻ**, കൃതി : *ചിന്താവിഷ്ടയായ സീത*

## 3.1917 ഇതിലീവിധമൊക്കെ. . . (ജീവി)

വിയോഗിനി

ഇതിലീവിധമൊക്കെ വന്നിടാ–
മിതി പാർക്കും, വിപരീതമായ്‌വരും;
അതിവിസ്മയമെ പ്രപഞ്ചമി–
ന്നതിരറ്റുള്ള മഹാരഹസ്യമാം.

കവി : **സി. എസ്. സുബ്രമണ്യൻ പോറ്റി**, കൃതി : *ഒരു വിലാപം*

## 3.1918 ആരും തോഴി, യുലകിൽ. . . (ഗോപകുമാർ)

മന്ദാക്രാന്ത

ആരും തോഴി, യുലകിൽ മറയുന്നില്ല: മാംസം വെടിഞ്ഞാൽ
തീരുന്നില്ലീ പ്രണയജടിലം ദേഹിതൻ ദേഹബന്ധം,
പോരും ഖേദം, പ്രിയസഖി, ചിരം വാഴ്ക മാഴ്കാതെ, വീണ്ടും
ചേരും നാം കേൾ– വിരതഗതിയായില്ല സംസാര ചക്രം

കവി : **കുമാരനാശാൻ**, കൃതി : *ലീല*

## 3.1919 പാരം വീർപ്പിട്ടുലയ്യൊത്ത്. . . (ജീവി)

സ്രഗ്ദ്ധര

പാരം വീർപ്പിട്ടുലയ്യൊത്തെരിയുമൊരു മുഖം, മുത്തൊളിബ്ബാഷ്പധാരാ–
സാരം തിങ്ങിക്കലങ്ങീടിനമിഴികൾ, നിറം മങ്ങിവിങ്ങും കപോലം,
ചാരം പോലേ വിളർത്തോരുടലിവയൊടുമപ്പൂരുഷൻ ഹന്ത! വിദ്യുത്–
സാരത്തിൻ വിദ്യയാലൊട്ടിളകുമൊരുവെറും പാവയെപ്പോലിരുന്നു.

കവി : **വി. സി. ബാലകൃഷ്ണപ്പണിക്കർ**, കൃതി : *ഒരു വിലാപം*

## 3.1920 ചൊടിച്ചുഗ്രമാം കണ്ണു. . . (ഗോപകുമാർ)

ഭുജംഗപ്രയാതം

ചൊടിച്ചുഗ്രമാം കണ്ണു തിണ്ണെന്നുരുട്ടി
ത്തടിച്ചുള്ള കയ്യിൽ ഗദാ ദണ്ഡു മേന്തി
പിടിച്ചൂക്കുകൂടുന്നൊരഭ്യാസി, പല്ലും
കടിച്ചുു ഭീമൻ രണാഗ്രത്തിലെത്തി

കവി : **പന്തളം കേരളവർമ്മ**

## 3.1921 പനിനീരലരേ പറഞ്ഞുവോ. . . (ജീവി)

വിയോഗിനി

പനിനീരലരേ പറഞ്ഞുവോ
വിവരം നിന്നൊടു സാന്ധ്യമാരുതൻ
തവ സത്സഖി നമ്മെ വിട്ടുപോയ്
ഭുവനം പാവനമിന്നപാവനം!

കവി : **സഞ്ജയൻ**

## 3.1922 തണ്ടാർത്തണ്ടൊത്ത കൈത്തണ്ട്. . . (ജ്യോതി)

സ്രഗ്ദ്ധര

തണ്ടാർത്തണ്ടൊത്ത കൈത്തണ്ടയിലതുലമയഃകൂടമുണ്ടെന്നു കംസൻ–
കണ്ടെത്തുമ്പോൾ നിലിമ്പാരവമുഖരവിഹായസ്സു പൂളുകിടുമ്പോൾ
മിണ്ടാട്ടം വിട്ട പൗരാവലിയുദിതസമാശ്വാസനിശ്വാസപൂരം–
പൂണ്ടപ്പോൾ മുഗ്ദ്ധയാം ദേവകിയുടെ മിഴിനീർ ഉത്ത കൈ കാത്തിടട്ടേ!

കവി : **വി.കെ.ജി**, കൃതി : *അവിൽപ്പൊതി*

## 3.1923 മന്ദാനിലാകുലിത. . . (ജീവി)

വസന്തതിലകം

മന്ദാനിലാകുലിതചാരുതരാഗ്രശാഖഃ
പുഷ്പോദ്ഗമപ്രചയകോമളപല്ലവാഗ്രഃ
മത്തദ്വിരേഫപരിപീതമധുപ്രസേകശ്
ചിത്തം വിദാരയതി കസ്യ ന കോവിദാരഃ

കവി : **കാളിദാസൻ**, കൃതി : *ഋതുസംഹാരം*

## 3.1924 മുപ്പാരും കാക്കുവാനില്ലപരൻ. . . (ജ്യോതി)

സ്രഗ്ദ്ധര

മുപ്പാരും കാക്കുവാനില്ലപര,നൊരു മകൻ ഭുക്തിയിൽ തൃപ്തിയില്ലാ–
തെപ്പോഴും വന്നലട്ടും പരിണയമണയാപ്പെൺകിടാവുണ്ടൊരുത്തി,
വിൽപ്പാനുള്ളോരു പണ്ടം നഹി,പകലുദയൗ സോദരൻ, തെണ്ടി ഭർത്താ–
വിപ്പാടാർക്കുള്ളൂ വേറേ? തവ *മലമകളേ, ജാതകം ജാതി തന്നെ!*

കവി : **ഒറവങ്കര**, കൃതി : *സമസ്യാപൂരണം*

## 3.1925 വേദങ്ങളോ ബഹുവിധ. . . (കർത്താ)

വസന്തതിലകം

വേദങ്ങളോ ബഹുവിധം പറയുന്നു നാനാ–
വാദങ്ങളോ വെളിയിലിട്ടു വിരട്ടിടുന്നു
ഖേദങ്ങളോ കര കടന്നുവരുന്നു നിന്റെ
പാദങ്ങളെന്നിയിനി മറ്റവലംബമില്ലേ.

കവി : **കുമാരനാശാൻ**, കൃതി : *ശിവസുരഭി*

## 3.1926 ഖർവാടോ ദിവസേശ്വരസ്യ. . . (ജീവി)

ശാർദ്ദൂലവിക്രീഡിതം

ഖല്വാടോ ദിവസേശ്വരസ്യ കിരണൈഃ സന്താപിതേ മസ്തകേ
വാഞ്ഛൻ ദേശമനാതപം വിധിവശാത് താലസ്യ മൂലം ഗതഃ
തത്രാപ്യസ്യ മഹാഫലേന പതതാ ഭഗ്നം സശബ്ദം ശിരഃ
പ്രായോ ഗച്ഛതി യത്ര ഭാഗ്യരഹിതസ്തത്രൈവ യാന്ത്യാപദഃ

കവി : **ഭർതൃഹരി**, കൃതി : *നീതിശതകം*

## 3.1927 ത്രിദശവർദ്ധകി. . . (ജ്യോതി)[263]

ദ്രുതവിളംബിതം

ത്രിദശവർദ്ധകിവർദ്ധിതകൗശലം
ത്രിദശദത്തസമസ്തവിഭൂതിമത്
ജലധിമദ്ധ്യഗതം ത്വമഭൂഷയോഃ
നവപുരം വപുരഞ്ചിതരോചിഷാ

കവി : **മേൽപത്തൂർ**, കൃതി : *നാരായണീയം (രുക്മിണീസ്വയംവരം)*

## 3.1928 ജ്ഞാനേന പൂതഃ. . . (കർത്താ)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ജ്ഞാനേന പൂതഃ സ്വതപസ്യയാ ച
വിമൽസരൈഃ സാധുവിഭാവ്യതേ യഃ
ഭർഗ്ഗഃ സ്വയം വാ നരലക്ഷണോയം
നാരായണോ വേതി നവാവതാരഃ

കവി : **കുമാരനാശാൻ**, കൃതി : *രാജയോഗസമർപ്പണം*

## 3.1929 ഭൂതം നശ്വരമൊക്കെയും. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ഭൂതം നശ്വരമൊക്കെയും; പുരുഷനാം ഞാൻ നിത്യ; നെല്ലാർക്കുമേ
ചേതസ്സിൽ കുടികൊൾവു ഞാൻ; മറകളും വാഴ്ത്തുന്നതീയെന്നെയാം;
വീതപ്രജ്ഞത, യോർമ്മ, പിന്നറിവുമീ ഞാൻ മൂലമാം;സർവ്വഗൻ,
ഭൂതസ്ഥൻ, പുരുഷോത്തമൻ, ത്രിജഗതീസ്രഷ്ടാവു ഞാനീശ്വരൻ.

കവി : **സി. വി. വാസുദേവഭട്ടതിരി**, കൃതി : *ഗീതാസാരം (അദ്ധ്യായം 15-ന്റെ സാരം)*

## 3.1930 വിരോധിസത്ത്വോജ്ഝിത. . . (ജ്യോതി)

വംശസ്ഥം

വിരോധിസത്ത്വോജ്ഝിത പൂർവ്വ മത്സരം
ദ്രുമൈരഭീഷ്ടപ്രസവാർച്ചിതാതിഥിഃ
നവോടജാഭ്യന്തര സംഭൃതാനലം
തപോവനം തച്ച ബഭൂവ പാവനം!

കവി : **കാളിദാസൻ**, കൃതി : *കുമാരസംഭവം*

## 3.1931 നിജമുകുളപുടംകൊണ്ടഞ്ജലിം. . . (കർത്താ)

മാലിനി

നിജമുകുളപുടംകൊണ്ടഞ്ജലിം കൽപയിത്വാ
തൊഴുതിഹ ചെറിയച്ചീവക്ത്രചന്ദ്രന്നു തോട്ട്
കമലമടിമ പൂകക്കണ്ടു വിങ്ങിച്ചിരിച്ച–
ങ്ങളികുലകളനാദൈരാർത്തിതാമ്പൽപ്രസൂനം.

കൃതി : *ചെറിയച്ചീവർണ്ണനം*

---

[263] **[*ഉമേഷ്*]** **ശ്ലോകം 3.1927 :** പരിഭാഷ (സി. വി. വാസുദേവ ഭട്ടതിരി) :
അമരശില്പികൃതം കടലിൻ നടു–
ക്കമരർ ഭൂതികൾ ചേർത്ത നവം പുരം
സ്വതന്ദ്ര ശോഭിതമാക്കി സുവിസ്മയം
സകലരും കലരും പടി നീയുടൻ.

## 3.1932 കാട്ടിലെക്കടുവ. . . (ജ്യോതി)

രഥോദ്ധത

കാട്ടിലെക്കടുവയോർത്തിരിയ്ക്കുമോ
പേടമാനതിനെ വിട്ടയയ്ക്കുവാൻ
കൊമ്പനെന്ന പിടിയെന്നുമില്ലവ–
യ്ക്കൊട്ടു ഭേദസഹതാപചിന്തകൾ

കവി : **ജ്യോതിർമയി**

## 3.1933 കസ്തൂരീയന്തി ഫാലേ. . . (കർത്താ)

സ്രഗ്ദ്ധര

കസ്തൂരീയന്തി ഫാലേ, നയനകമലയോഃ കജ്ജളീയന്തി, കണ്ഠ
പ്രാന്തേ നീലോൽപ്പലീയ,ന്ത്യുരസി മരകതാലംകൃതീയന്തി ദേവ്യാഃ
രോമാളീയന്തി നാഭേരുപരി, ഹരിമണീമേഖലായന്തി മദ്ധ്യേ
യേ, തേ ശർമ്മ ക്രിയാസുസ്ത്രിപുരവിജയിനഃ കണ്ഠഭാസാം പ്രരോഹാഃ.

കവി : **നീലകണ്ഠദീക്ഷിതർ**, കൃതി : *വർണ്ണനാസാരസംഗമം*

## 3.1934 രാവാകെത്തിമിരച്ചടക്കുളിരണി. . . (ജീവി)

ശാർദ്ദൂലവിക്രീഡിതം

രാവാകെത്തിമിരച്ചടക്കുളിരണിപ്പൂമച്ചകത്താ രഹ–
സ്യാവശ്യം നിറവേറ്റിയോരു രവിയെക്കാകാരവം കേൾക്കവേ
നീവിപ്പട്ടൊരുമട്ടുടുത്തു പുലരിപ്പെണ്ണാൾ കിഴക്കേപ്പുറ–
ക്കൈവാതിൽപ്പൊളി മാർഗ്ഗമായിത വെളിയ്ക്കാകുന്നു നിശ്ശബ്ദമായ്

കവി : **വി.കെ.ജി**

## 3.1935 നിന്ദിയ്ക്കുന്നമ്മ. . . (രാജേഷ്)

സ്രഗ്ദ്ധര

നിന്ദിയ്ക്കുന്നമ്മ, യൊന്നും സഹജനരുളുകില്ലാ, ധരിയ്ക്കില്ല പുത്രൻ,
നന്ദിയ്ക്കുന്നില്ല താതൻ, പ്രിയതമ വിമുഖീ, ഭൃത്യനും കോപിയത്രേ,
എന്നോടർത്ഥത്തെ യാചിച്ചിട്ടുമിതി നിനവാൽ കാണ്മതേയില്ല മിത്രം,
നന്നായാർജ്ജിയ്ക്ക നിത്യം ധനചയ, മതിനാൽ സർവ്വരും വശ്യരത്രേ!

കവി : **കെ. സി. കേശവപിള്ള**, കൃതി : *സുഭാഷിതരത്നാകരം*

## 3.1936 എൺപത്താറായ് വയസ്സെൻ. . . (ഋഷി)

എൺപത്താറായ് വയസ്സെൻ ചെവിയിതുവെടിവെച്ചാലുമേ കേൾപ്പതില്ലി–
ന്നോർമ്മയ്ക്കും മങ്ങൽ തട്ടീ ഗുരുപവനപതേ കണ്ണുകാണാതെയായീ
ആടീ ഞാനെന്റെ വേഷം ചൊടിയൊടിതുവരേയെങ്കിലും മേലിൽ വയ്യാ
*ചിത്തം മങ്ങുന്നു, കൂവും സഭയിലിനിയുമീ വേഷമാടേണമെന്നോ?*

കവി : **സുദർശന രഘുനാഥ്, വനമാലി**, കൃതി : *(സമസ്യാപൂരണം)*

## 3.1937 അപ്പീലിക്കണ്ണ ചൂട്ടം. . . (ജീവി)

സ്രശ്ധര

അപ്പീലിക്കണ്ണ ചൂട്ടം തിരുമുടി, വലജിദ്രത്നസങ്കാശഫാലം,
മുപ്പാരെല്ലാം മയക്കും പുരികലത, ദയാലോലമാം നീലനേത്രം,
നൽപീതോദ്യദ്ദുകൂലം, മുരളിയുടെ മുഖത്തുമ്മവെയ്ക്കുന്ന വക്ത്രം,
ചിൽപാരമ്യപ്രഭാരഞ്ജിതമൃദുഹസിതം, കണ്ണ, ഞാൻ കാണ്മതെന്നോ!

കവി : **വി. കെ. ജി.**

## 3.1938 നിൽക്കക്കള്ളിയെഴാതെ നിന്റെ. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

നിൽക്കക്കള്ളിയെഴാതെ നിന്റെ കളിയോഗത്തിൽത്തളർന്നാടി ഞാൻ
നിൽപ്പാണിന്നു കുചേലനായി, ഭഗവൻ! നീയേ നമുക്കാശ്രയം
മുക്കാലും കടമായ ജന്മ, മലറിച്ചീറും തിരച്ചാർത്തില–
ത്തുക്കാലേ തുഴ, യത്തുഴയ്ക്കു പകരം നിൽക്കില്ല വിൽക്കാശുകൾ

കവി : **എസ്. രമേശൻ നായർ**, കൃതി : *കുന്നിമണികൾ*

## 3.1939 മനുഷ്യനാം ശാഖയിൽ. . . (ജീവി)

വംശസ്ഥം

മനുഷ്യനാം ശാഖയിൽ നിന്നു വന്നുടൻ
മനോജ്ഞമാം തദ്രസനാദളാദ്ധ്വനാ
അനേകമായ് വന്നൊഴുകിക്കളിപ്പതാ–
ണനർഘസാരസ്വതനിർഝരം ഭുവി.

കവി : **കുട്ടമത്ത്**

## 3.1940 അടിയ്ക്കും തൊഴിയ്ക്കും. . . (ഋഷി)

ഭുജംഗപ്രയാതം

അടിയ്ക്കും തൊഴിയ്ക്കും പലേ ചീത്ത ചൊല്ലീ–
ട്ടടങ്ങാതെ ഭിത്തീലിടിപ്പിച്ചിടുന്നു
മടിയ്ക്കാതെ മൂത്രം കുടിപ്പിച്ചിടുന്നീ–
ക്കൊടും ക്രൂരർ കാട്ടുന്ന കോപ്രായമെത്ര?

കവി : **നെടുമ്പിള്ളി നന്ദനൻപിള്ള, മഞ്ഞുമ്മൽ**, കൃതി : *ചിതറിയ ചിന്തകൾ – ലോക്കപ്പിൽ*

## 3.1941 മുജ്ജന്മം ചെയ്ത കർമാവലിയുടെ. . . (ജീവി)

സ്രശ്ധര

മുജ്ജന്മം ചെയ്ത കർമാവലിയുടെ വലിയാൽ നേർവഴിത്താര മുമ്പിൽ–
ത്തഞ്ചുമ്പോഴും ചലിക്കും നിനവുകൾ ദുരിതക്കുണ്ടിലേക്കാനയിച്ചു!
വഞ്ചിക്കും മായ വീശും വലയിലൊരു പരൽക്കുഞ്ഞിനെപ്പോലെ വീണേൻ;
നിൻ ചെന്താർപ്പാദമൊന്നേ ശരണമിനിയനന്താലയാനന്ദമൂർത്തേ!

കവി : **വി. കെ. ജി.**

### 3.1942 വാദിയ്ക്കാനില്ല ഞാനെൻ. . . (ഋഷി)

സ്രഗ്ദ്ധര

വാദിയ്ക്കാനില്ല ഞാനെൻ പിഴവുകൾ ശരിയാണെന്ന വാതലയേശാ
പാദം കുമ്പിട്ടു പാപക്കലിതിമിരമൊഴിഞ്ഞീടുമേകാദശിയ്ക്കും
ഖേദിയ്ക്കാനെന്തു വേദപ്പൊരുളിനു പൊരുളാം പൊൻവിളക്കായ്ത്തെളിഞ്ഞാ–
മോദം പെയ്യുന്ന നീലത്തിരുമുകിൽ നിറമേ! നിന്റെ പേരെന്റെ പേരായ്!

കവി : **എസ്. രമേശൻ നായർ**, കൃതി : *കുന്നിമണികൾ*

### 3.1943 ഖലാലാപാഃ സൗഢാഃ. . . (ജീവി)

ശിഖരിണി

ഖലാലാപാഃ സോഢാഃ കഥമപി തദാരാധനപരൈഃ
നിഗൃഹ്യാന്തർബാഷ്പം ഹസിതമപി ശൂന്യേന മനസാ
കൃതോ വിത്തസ്തംഭപ്രതിഹതധിയാമഞ്ജലിരപി
ത്വമാശേ മോഘാശേ കിമപരമതോ നർത്തയസി മാം

കവി : **ഭർതൃഹരി.**, കൃതി : *വൈരാഗ്യശതകം*

### 3.1944 കാലത്തുണ്ണകഴിഞ്ഞു. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

കാലത്തുണ്ണകഴിഞ്ഞു കൗതുകമൊട്ടും ചെമ്മേ മുറുക്കി സ്വയം,
ലോലശ്രീതിലകാഭളുവി, വിതറിപ്പൂങ്കർണ്ണഭൂഷാരുചി,
പാലഞ്ചും സ്മിതമോടൊരംശുകമുടുത്തെത്തുന്നൊരമ്പാർന്നതി–
ക്കോലം പോയിതു ചിത്തമേയയവിറക്കിക്കൊൾകയക്കാഴ്ച നീ

കവി : **കുമാരനാശാൻ**, കൃതി : *പ്രരോദനം*

### 3.1945 പാടത്തുപോയ്പ്പാംസുല. . . (ജീവി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

പാടത്തുപോയ്പ്പാംസുലപാദചാരി
കൃഷീവലൻ വേല തുടങ്ങി നൂനം
സോത്സാഹമായ് കാലികളെത്തെളിയ്ക്കു
മവന്റെ താരസ്വരമുണ്ടു കേൾപ്പൂ.

കവി : **കുറ്റിപ്പുറത്തു കേശവൻ നായർ**, കൃതി : *ഗ്രാമീണകന്യക*

### 3.1946 സ്വാന്തോദ്ഭൂതസനാതനാനലകണം. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

സ്വാന്തോദ്ഭൂതസനാതനാനലകണം പേർത്തും ജ്വലിപ്പിച്ചതിൽ
ധ്വാന്തോത്സാരണയജ്ഞദീക്ഷിതനിനൻ താൻതന്നെ ഹോമിക്കവേ,
ശാന്തോദാര ധരയ്ക്കുയർന്ന തൊഴുകൈച്ചേലർന്ന പൂമൊട്ടില–
ശ്രാന്തോപാസന ചെയ്തു സോമരസമോ തേടുന്നു തേനുണ്ണുവോർ?

കവി : **യൂസഫലി കേച്ചേരി**, കൃതി : *സോമയാഗം*

## 3.1947 ശ്രീഭാർഗ്ഗവൻ പണ്ടു. . . (ജീവി)

ഇന്ദ്രവജ്ര

ശ്രീഭാർഗ്ഗവൻ പണ്ടു തപഃപ്രഭാവ–
സ്വാഭാവികപ്രൗഢിമദോർബ്ബലത്താൽ
ക്ഷോഭാകുലാംഭോധിയൊഴിച്ചെടുത്ത
ഭൂഭാഗമാണീ സ്ഥലമെന്നു കേൾപ്പൂ

കവി : **കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ**

## 3.1948 ക്ഷണം കാക്ക മുങ്ങുന്നപോലേ. . . (ഋഷി)

ഭുജംഗപ്രയാതം

ക്ഷണം കാക്ക മുങ്ങുന്നപോലേ വെറും മൺ–
കുടം മുക്കിടുംപോലെയിക്കണ്ടവാര്യർ
കുളിച്ചന്നു പൂജയ്ക്കു പൂ ശേഖരിപ്പാ–
നൊരുങ്ങിക്കറങ്ങിത്തിരിച്ചാനവശ്യം.

കവി : **എം. ആർ. കൃഷ്ണവാരിയർ**, കൃതി : *പൂവൻ*

## 3.1949 കേശപാശമണിയുന്ന. . . (ജീവി)[264]

കുസുമമഞ്ജരി

കേശപാശമണിയുന്ന പീലികളുലഞ്ഞു കുണ്ഡലമുലഞ്ഞുപൂ–
മാലമുത്തുമണിമാലമാറിലതിരമ്യമായിളകിയാടിയും
മഞ്ഞചുറ്റിമണികാഞ്ചി ചാർത്തി കനകച്ചിലമ്പുകൾ ചിരിച്ചുമേ
മഞ്ജുഹാസമൊട്ടുരാസകേളിയതിലുല്ലസിച്ചതുമഹോ ഭവാൻ!

കൃതി : *നാരായണീയം പരിഭാഷ (69:1)*

## 3.1950 മാതർമ്മേ മധുകൈടഭഘ്നിമഹിഷഃ. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

മാതർമ്മേ മധുകൈടഭഘ്നിമഹിഷഃ പ്രാണാപഹാരോദ്യമേ
ഹേലാനിർമ്മിത ധൂമ്രലോചനവധേ ഹേ ചണ്ഡമുണ്ഡാർദ്ദിനീ
നിശ്ശേഷീകൃത രക്തബീജദനുജേ നിത്യേ നിസുംഭാപഹേ
സുംഭധ്വംസിനി സംഹരാശു ദുരിതം ദുർഗ്ഗേ നമസ്തേ∫ംബികേ!

കൃതി : *ദേവീമാഹാത്മ്യം*

## 3.1951 നവവിഭവമനിഷ്ടവാരണം. . . (ജീവി)[265]

പുഷ്പിതാഗ്ര

നവവിഭവമനിഷ്ടവാരണം താൻ

---

[264] [*ഉമേഷ്*] **ശ്ലോകം 3.1949 :** മൂലശ്ലോകം (**മേൽപ്പത്തൂർ**) :

കേശപാശധൃതപിഞ്ഛികാവിതതി സഞ്ചലന്മകരകുണ്ഡലം
ഹാരജാല വനമാലികാലുളിതമംഗരാഗ ഘനസൗരഭം
പീതചേലധൃതകാഞ്ചികാഞ്ചിദമുദഞ്ചദംശു മണിനൂപുരം
രാസകേളി പരിഭൂഷിതം തവ ഹി രൂപമീശ കലയാമഹേ!

[265] [*ഉമേഷ്*] **ശ്ലോകം 3.1951 :** മൂലശ്ലോകം (**കാളിദാസൻ**) :

വിപത്പ്രതീകാരപരേണ മംഗളം
നിഷേവ്യതേ ഭൂതിസമുത്സുകേന വാ
ജഗച്ഛരണ്യസ്യ നിരാശിഷഃ സതഃ
കിമാഭിരാശോപഹതാത്മവൃത്തിഭിഃ?

കരുതിടുവോർക്കിഹ മംഗളങ്ങൾ വേണം;
നിഖിലശരണദൻനിരീഹനാകും
പുരുഷനവേണ്ട ശുഭാശുഭപ്രഭേദം.

കവി : **എ. ആർ. രാജരാജവർമ്മ / കാളിദാസൻ**, കൃതി : *കുമാരസംഭവം*

## 3.1952 നൈവ ത്യജേയമഹമേകമപി. . . (ജ്യോതി)

വസന്തതിലകം

നൈവ ത്യജേയമഹമേകമപി സ്വപുത്രം
സത്യേ∫പി പുത്രശതകസ്യ തു വിപ്രവര്യ!
വിജ്ഞായ തസ്യ ബല മദ്യ ഭവ ത്വശങ്കീ
ദുഷ്ടം നിഹന്യ ജനരക്ഷക ഏവ ഭൂയാത്

കവി : **ജ്യോതിർമയി**

## 3.1953 വേദം നാലും നരച്ചു. . . (ജീവി)

സ്രഗ്ദ്ധര

വേദം നാലും നരച്ചു, നരനിനിയുമഹോ, കിട്ടിയില്ലുഷ്ടി, വേർത്തു
വേദാന്തം വീശി നേരിൽ വിശറി, മണലിലോ കട്ടകെട്ടുന്ന രക്തം;
സ്വാതന്ത്ര്യം, ഹാ, സമത്വം, സഹജ സഹജമാം സൗഹൃദം, ശാന്തി, സർവ്വം
നാദം, നാദം ഭൂമിയ്ക്കായ്ക്കണിയറയിലോ തോക്കു തീർക്കും തിടുക്കം.

കവി : **ചങ്ങമ്പുഴ**, കൃതി : *സ്വരരാഗസുധ*

## 3.1954 സാരമായ്ജ്ജനനി. . . (ഉമ)

രഥോദ്ധത

സാരമായ്ജ്ജനനി ചൊന്നതാനതാ–
കാരനായ് ശിരസി വെച്ച പുത്രനെ
ദ്വാരപാലനവിധിയ്ക്കു നിർത്തിനാൾ
ചൂരലൊന്നഥ കൊടുത്തു പാർവ്വതി

കവി : **വള്ളത്തോൾ**, കൃതി : *ഗണപതി*

## 3.1955 ദുഷ്ടന്മാർ മല്ലരേറ്റം. . . (ജ്യോതി)[266]

സ്രഗ്ദ്ധര

"ദുഷ്ടന്മാർ മല്ലരേറ്റം കഠിനർ, മൃദുലരീ ബാലരോ കോമളന്മാർ
കഷ്ടം! കാണേണ്ട പോകാ" മിതുവിധമവശം പൗരർ ചൊല്ലുന്ന നേരം
വട്ടംചുറ്റിച്ചു ചാണൂരനെയുടനെ വധിച്ചാഞ്ഞെറിഞ്ഞൂ ഭവാനും
മുഷ്ടികത്താലരച്ചാൻ മുസലിയപരനെ, പാഞ്ഞുപോയ് ശേഷമുള്ളോർ

കവി : **സി വി വാസുദേവഭട്ടതിരി / മേൽപ്പത്തൂർ**, കൃതി : *നാരായണീയ പരിഭാഷ*

266 [*ജ്യോതി*] **ശ്ലോകം 3.1955 :** മൂലശ്ലോകം (**മേൽപ്പത്തൂർ**) :

"ഹാ ധിക് കഷ്ടം കുമാരൗ സുലളിതവപുഷൗ മല്ലവീരൗ കഠോരൗ
ന ദ്രക്ഷ്യാമോ, വ്രജാമസ്ത്വരിത"മിതി ജനേ ഭാഷമാണേ തദാനീം
ചാണൂരം തം കരോദ്ഭ്രാമണവിഗളദസും പോഥയാമാസിതോർവ്യാം,
പിഷ്ടോ∫ ഭൂന്മുഷ്ടികോ∫പി ദ്രുതമഥ ഹലിനാ നഷ്ടശിഷ്ടൈർദധാവേ

## 3.1956 വീതാശങ്കം വിധുസ്ത്രീവടിവ്. . . (കർത്താ)

സ്രഗ്ദ്ധര

വീതാശങ്കം വിധുസ്ത്രീവടിവു വിധുധരൻ കണ്ടു കാമിച്ചണഞ്ഞി–
ട്ടേതാണ്ടൊക്കെ പ്രവർത്തിച്ചളവവതരണം ചെയ്ത ചൈതന്യമൂർത്തി,
ഭൂതാധീശൻ, പുമാൻ പെട്ടൊരു മഹിമയൊടും ദിവ്യനണ്ണിക്കിടാവുൾ–
ജാതാനന്ദത്തൊടെന്നെസ്സതതമഴകിൽ വീക്ഷിച്ചു രക്ഷിച്ചിടട്ടെ.

കവി : **വെണ്മണി മഹൻ**, കൃതി : *പൂരന്ദരാരുണം നാടകം*

## 3.1957 ഭജത ഭവനിരാസം. . . (രാജേഷ്)

മാലിനി

ഭജത ഭവനിരാസം ഭക്തലോകൈകദാസം
ഭസിതവിശദഭാസം ഭൂരികാരുണ്യവാസം
കൃതവിവിധവിലാസം ക്ലൃപ്തചന്ദ്രാവതംസം
ശുകനിലയനിവാസം ശൂർപ്പകാരിവ്യുദാസം

കവി : **പൂന്തോട്ടത്തു മഹൻ നമ്പൂതിരി**

## 3.1958 കള്ളന്മാരില്ല, കാമക്കെട്ടുതി. . . (കർത്താ)

സ്രഗ്ദ്ധര

കള്ളന്മാരില്ല, കാമക്കെട്ടുതിയൊടമരും കശ്മലന്മാരുമില്ലാ,
കള്ളക്കച്ചോടമില്ലാ, കരളിലൊരറിവില്ലാതെകണ്ടാരുമില്ല,
കള്ളത്താപ്പില്ല, കള്ളത്തൊഴിലുകൾ തുടരും കശ്മലന്മാരുമില്ലാ
കള്ളസ്സാക്ഷിക്കിറങ്ങുന്നൊരു കുമതിയുമില്ലെന്നുകേളെന്നു കേൾപ്പൂ.

കവി : **വെണ്മണി മഹൻ**, കൃതി : *ഭൂതിഭൂഷ ചരിതം*

## 3.1959 കാതിൽക്കത്തുന്ന കാന്തിപ്രചുരിമ. . . (ഉമേഷ്)

സ്രഗ്ദ്ധര

കാതിൽക്കത്തുന്ന കാന്തിപ്രചുരിമ തിരളും തോടയോ, മോടിയാടി–
ക്കോതിബ്ബന്ധിച്ച കുന്തൽക്കുലമതിൽ വിലസും മാലതീമാല താനോ,
പാതിത്തിങ്കൾപ്രകാശം തടവുമളികമോ കാന്തിയേറ്റുന്നതില്ലി–
പ്പാതിവ്രത്യാഖ്യമാകും സുമഹിതമണി താൻ ഭൂഷണം യോഷമാരിൽ.

കവി : **കെ. സി. കേശവപിള്ള**, കൃതി : *സുഭാഷിതരത്നാകരം*

## 3.1960 പച്ചക്കല്ലൊത്ത പൂമെയ്. . . (വിശ്വപ്രഭ)

സ്രഗ്ദ്ധര

പച്ചക്കല്ലൊത്ത പൂമെയ്നിറവുമണികഴൽപ്പല്ലവം മെല്ലെമെല്ലേ
വെച്ചീടുമ്പോൾ വിറച്ചീടിന മധുരിമയും പിച്ചയും വിശ്വമൂർത്തേ!
മച്ചിത്തേ പോന്നുദിച്ചീടണമതിനു വിശേഷിച്ചു വിജ്ഞാപയേഹം
സച്ചിൽക്കല്ലോലമേ! നീ കൃപ തരിക സദാ കൃഷ്ണ! കാരുണ്യസിന്ധോ!

കവി : **പൂന്താനം**, കൃതി : *ശ്രീകൃഷ്ണകർണ്ണാമൃതം*

## 3.1961 മേഘം, വണ്ടിണ്ട, ചന്ദ്രക്കല,. . . (ഉമേഷ്)

സ്രഗ്ദ്ധര

മേഘം, വണ്ടിണ്ട, ചന്ദ്രക്കല, മദനധനുർബ്ബാണ, മെൾപ്പൂവു, പാശം,
ചാദർശം, വീണ, വെണ്മുത്തഴകിയ പവഴം, പങ്കജം, ശംഖു, മാല
പൊൽക്കുംഭം, പാമ്പു, നീരിൻ ചെറുതിര, യരയാൽപ്പത്ര, മാവർത്തചക്രം,
തുമ്പിക്കൈ, കുപ്പി, കൂർമ്മം, നളിന – മവയവം നാരണീനന്ദനായാഃ

കൃതി : *ലീലാതിലകം*

## 3.1962 പഴയ കൃതയുഗം. . . (കർത്താ)

മാലിനി

പഴയ കൃതയുഗം തൊട്ടൂഴിമേൽ വാഴുമോരോ
കിഴവികൾ നിരുപിക്കിൽബ്ബാക്കിയാം ഭ്രൂക്കളെല്ലാം;
ഉഴറിയുദധി രാമന്നേകിയോരോമനേ! നീ–
യഴകൊഴുകിന പുഷ്യദ്യൗവനശ്രീ വഹിപ്പൂ.

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

## 3.1963 ഉണ്ണിക്കിടാങ്ങൾ കളിയായൊരു. . . (വിശ്വപ്രഭ)

വസന്തതിലകം

ഉണ്ണിക്കിടാങ്ങൾ കളിയായൊരു കാലുവെച്ചാ–
ലെണ്ണാവതല്ലതിനഹോ കുതുകം പിതൃണാം
എന്നക്കണക്കെ നടയുള്ളവർകൾക്കിതെല്ലാ–
മെന്നാൽ കൃതം കിമപി കൗതുകമായ്‌വരേണം.

കവി : **പൂന്താനം**, കൃതി : *ശ്രീകൃഷ്ണകർണ്ണാമൃതം*

## 3.1964 ഏറ്റം വ്യാകുലചിത്തയാമടിയൻ. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

ഏറ്റം വ്യാകുലചിത്തയാമടിയനിൽക്കാരുണ്യമുണ്ടാകണേ
മുറ്റും ഭക്തിയൊടങ്ങയെപ്രതിദിനം പൂജിച്ചു വാഴുന്ന ഞാൻ
ചെറ്റും താമസമെന്യെ ദുഃഖമഖിലം തീർത്തെന്നെ രക്ഷിയ്ക്കണേ
***മറ്റാരും തുണയില്ലെനിയ്ക്കു ഗുരുവായൂരപ്പ! നീയെന്നിയേ***

കവി : **ശ്രീദേവി, തൃക്കൊടിത്താനം**, കൃതി : *(സമസ്യാപൂരണം)*

## 3.1965 ചാരായക്കടയാണു ലോകം. . . (ജീവി)

ശാർദ്ദൂലവിക്രീഡിതം

ചാരായക്കടയാണു ലോകമെവിടെക്കോലാഹലം, സൗഹൃദം
ചോരും തേന്മൊഴി, മൈത്രി, യാത്മകഥനം, വേദാന്തമായോധനം
ഓരോഗ്ലാസ്സു സുഖതൃഷ്ണ,യക്കനിയതാം പൂവൻപഴം മിത്ഥ്യത–
ന്നോരോ നോട്ടുകൾ–എന്തിനെന്നെയിവിടേക്കെത്തിച്ചു ഹാ, നീ വിധേ!

കവി : **ചങ്ങമ്പുഴ**, കൃതി : *സ്വരരാഗസുധ*

## 3.1966 ഓരോ ദുഃഖം തളർത്തും പൊഴുതു. . . (ഋഷി)

സ്രഗ്ദ്ധര

ഓരോ ദുഃഖം തളർത്തും പൊഴുതു മറികടത്തും മുളന്തണ്ടു തൂകൈ–
ത്താരിൽച്ചൂടും പുരാനേ, സുകൃതഹൃദയരാഗം പൊഴിയ്ക്കും മുരാരേ,
തോരാതേ മാരിപെയ്യുമ്പൊഴുതു ഗിരിനിവർത്തും കുടക്കാരനേ, ഞാൻ
ചേരേണം നിന്റെ മാറിൽ, പ്രിയമെഴുമിടയപ്പൈതലേ, കൈതൊഴുന്നേൻ!

കവി : എസ്. രമേശൻ നായർ, കൃതി : *കുന്നിമണികൾ*

## 3.1967 ത്വയ്യായത്തം കൃഷിഫലമിതി. . . (ജീവി)

മന്ദാക്രാന്ത

ത്വയ്യായത്തം കൃഷിഫലമിതി ഭ്രൂവിലാസാനഭിജ്ഞൈഃ
പ്രീതിസ്നിഗ്ദ്ധൈർജനപദവധൂലോചനൈഃ പീയമാനഃ
സദ്യഃ സീരോത്കഷണസുരഭി ക്ഷേത്രമാരുഹ്യ മാലം
കിംചിത്പശ്ചാദ് വ്രജലഘുഗതിർഭ്രൂയ ഏവോത്തരേണ.

കവി : കാളിദാസൻ, കൃതി : *മേഘദൂതം*

## 3.1968 സർക്കാർ വിദ്യാലയത്തിൽ. . . (ഋഷി)

സ്രഗ്ദ്ധര

സർക്കാർ വിദ്യാലയത്തിൽ സ്ഥിരനിയമനമായ് ജോലിയിൽച്ചേർന്ന നാളൊ–
ന്നോർത്താലേറും വിഷാദം “സമയമറിയുവാൻ വാച്ചുകെട്ടാത്തതെന്തേ?”
സ്വർണ്ണക്കാപ്പിൽത്തലോടിക്കളമൊഴി കളിവാക്കോതി നിന്നോരുനേരം
വീർപ്പാലുള്ളം മറച്ചിട്ടനുതമരുളിനേൻ “വാച്ചുകെട്ടാൻ മറന്നു!”

കവി : എം. പി. കേശവപ്പണിക്കർ, കൃതി : *വിഷാദം*

## 3.1969 സ്വാന്തത്തിൽ നാം സഹജരേ. . . (ജീവി)

വസന്തതിലകം

സ്വാന്തത്തിൽ നാം സഹജരേ, സ്വയമൈകമത്യ–
മേന്തി ശ്രമിക്കിലതു സർവദമാമുറപ്പിൻ
കാന്താംഗസങ്കലിതമേനികൃപാലുദേവൻ
താൻ താൻ തുണപ്പവരെയാണു തുണപ്പതോർപ്പിൻ.

കവി : കുമാരനാശാൻ, കൃതി : *തീയ്യക്കുട്ടിയുടെ വിചാരം*

## 3.1970 കാരുണ്യാപാംഗലീലാ. . . (ഉമേഷ്)

സ്രഗ്ദ്ധര

കാരുണ്യാപാംഗലീലാപരിഹൃതവിനതാശേഷസന്താപജാലാ
ലാവണ്യസ്യേകശാലാ ത്രിഭുവനരചനാരക്ഷണാപായമൂലാ
സംസാരാംഭോധിവേലാ സ്മരമഥനമനോഹാരി ശൃംഗാരഹേലാ
ലോകാംബാ പുണ്യശീലാ ഭവതു മമ സദാ വാഞ്ഛിതാർത്ഥാനുകൂലാ.

കവി : കടത്തനാട്ടു വാസുനമ്പി

## 3.1971 സരസിജനിലയേ. . . (മധുരാജ്)

പുഷ്പിതാഗ്ര

സരസിജനിലയേ സരോജഹസ്തേ
ധവളതമാംശുകഗന്ധമാല്യശോഭേ
ഭഗവതി ഹരിവല്ലഭേ മനോജ്ഞേ
ത്രിഭുവനഭൂതികരി പ്രസീദ മഹ്യം.

കവി : **ശ്രീശങ്കരാചാര്യർ**

## 3.1972 ഭരിക്കുന്ന മന്ത്രിക്കു. . . (ഋഷി)

ഭുജംഗപ്രയാതം

ഭരിക്കുന്ന മന്ത്രിക്കു നെട്ടോട്ടമൊട്ടൊ–
ട്ടിരിക്കുന്ന നേരം കുറേക്കഷ്ടിയല്ലോ
തരം പോലെ ഞായങ്ങളോരോന്നുചൊല്ലി–
ച്ചരിക്കാൻ മിടുക്കൻ മഹാതന്ത്രശാലി

കവി : **നെടുമ്പിള്ളി നന്ദനൻപിള്ള, മഞ്ഞുമ്മൽ**, കൃതി : *ചിതറിയ ചിന്തകൾ (മന്ത്രി)*

## 3.1973 തമസ്സിൽ പ്രാരബ്ധച്ചുമടു. . . (ജ്യോതി)

ശിഖരിണി

തമസ്സിൽ പ്രാരബ്ധച്ചുമടു ചുമൽ മാറാതെ പതറി–
ച്ചുമക്കേണം ജീവൻ നിയതിയുടെയത്താണി വരെയും
നമിച്ചാലും നാമാവലികളുരുവിട്ടാലുമണവും–
ശമിച്ചീലെൻ താപം; ശരണമിനിയെന്തുണ്ടു ഭഗവൻ!

കവി : **വി.കെ.ജി**

## 3.1974 നിത്യാനന്ദവിമുക്തിദായക. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

നിത്യാനന്ദവിമുക്തിദായകസുധാനിഷ്യന്ദിയാമുത്തമ–
ശ്രീരാമേതി വിശിഷ്ടതാരകമഹാമന്ത്രം സുപുണ്യപ്രദം
ജിഹ്വാഗ്രത്തിലൊതുക്കി തീർത്ഥസദൃശം പാനം സദാ ചെയ്തിടും
ഭക്തൻ തന്നുടെ കൽമഷാദിയഖിലം പൊയ്പ്പോയിടും സത്വരം

കവി : **പ്രേമലത എസ്. വാരിയർ**, കൃതി : *രാമമന്ത്രമഹിമ*

## 3.1975 ജടക്കെട്ടാം കട്ടിക്കരിമുകിൽ. . . (ജ്യോതി)

ശിഖരിണി

ജടക്കെട്ടാം കട്ടിക്കരിമുകിൽ നിരയ്ക്കുള്ളിലിഴയും
തടിത്തമ്പും പാമ്പും ശശധരകലാലങ്കരണവും
മുടിയ്ക്കും തീക്കണ്ണും സുരതടിനിയും മൂന്നലകവും
പിടിയ്ക്കും കാൽത്താരും കലരുമലരമ്പാരി ശരണം

കവി : **വി.കെ.ജി**

### 3.1976 മൂലത്തിൽത്തൊട്ടുപരി. . . (കർത്താ)

മന്ദാക്രാന്ത

മൂലത്തിൽത്തൊട്ടുപരി വിടപശ്രേണിയോളം ഫലത്തിൻ–
ജാലത്തെക്കൊണ്ടതിനിബിഡമായ് ഭംഗിയോടുല്ലസിക്കും
ബാലത്വം പൂണ്ടൊരു പനസവൃക്ഷൗഘവും കാണമങ്ങി,–
ക്കാലത്തന്യസ്ഥലമതിലതിന്നൊപ്പമുണ്ടാകയില്ല.

കവി : **കേരളവർമ്മ വലിയകോയിത്തമ്പുരാൻ**, കൃതി : *മയൂരസന്ദേശം*

### 3.1977 ബ്രഹ്മാ യേന കുലാലവന്നിയമിതോ. . . (ഉമേഷ്)[267]

ശാർദ്ദൂലവിക്രീഡിതം

ബ്രഹ്മാ യേന കുലാലവന്നിയമിതോ ബ്രഹ്മാണ്ഡഭാണ്ഡോദരേ
വിഷ്ണുര്യേന ദശാവതാരഗഹനേ ക്ഷിപ്തോ മഹാസങ്കടേ
രുദ്രോ യേന കപാലപാണിപുടകേ ഭിക്ഷാടനം സേവതേ
സൂര്യോ ഭ്രാമതി നിത്യമേവ ഗഗനേ തസ്മൈ നമഃ കർമ്മണേ.

കവി : **ഭർത്തൃഹരി**, കൃതി : *നീതിശതകം*

### 3.1978 രണ്ടും മൂന്നും തവണ. . . (ജീവി)

മന്ദാക്രാന്ത

രണ്ടും മൂന്നും തവണ കൃഷിയേറ്റുന്ന കണ്ടങ്ങളേയും
വണ്ടും ഞണ്ടും കനിവൊടു കളിക്കുന്ന കച്ഛങ്ങളേയും
തണ്ടും കെട്ടിത്തരമൊടു ചരിക്കുന്ന വള്ളങ്ങളേയും
കണ്ടുംകൊണ്ടച്ചെറുപുഴകൾ തൻ തീരമാർഗ്ഗേണപോക.

കവി : **കേരളവർമ്മ വലിയ കോയിത്തമ്പുരാൻ** , കൃതി : *മയൂരസന്ദേശം*

### 3.1979 തേജോമണ്ഡലമദ്ധ്യഗം. . . (വിശ്വപ്രഭ)

ശാർദ്ദൂലവിക്രീഡിതം

തേജോമണ്ഡലമദ്ധ്യഗം ത്രിനയനം ദിവ്യാംബരാലംകൃതം
ദേവം പുഷ്പശരേക്ഷുചാപവിലസന്മാണിക്യപാത്രാഭയം
ബിഭ്രാണം കരപങ്കജൈർമ്മദഗജസ്കന്ധാധിരൂഢം വിഭും
ശാസ്താരം ശരണം നമാമി സതതം ത്രൈലോക്യസമ്മോഹനം.

### 3.1980 ബാലാ നീ മമ ശിഷ്യയെന്നിവ. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

ബാലാ നീ മമ ശിഷ്യയെന്നിവയിരിക്കട്ടേ മനശ്ശുദ്ധികൊ–
ണ്ടാലോചിക്കലെനിക്കു ഭക്തി വളരെത്തോന്നുന്നു നിങ്കൽ സ്വയം;
ബാലാ നീയൊരു നാരിയെങ്കിലുമഹോ ലോകൈകവന്ദ്യാ; ഗുണം
മൂലം താൻ ഗുണികൾക്കു പൂജ്യത വയോലിംഗങ്ങൾ കൊണ്ടല്ലടോ.

കവി : **ചാത്തുക്കുട്ടി മന്നാടിയാർ**, കൃതി : *ഉത്തര രാമചരിതം*

[267] [*രാജേഷ്*] ശ്ലോകം **3.1977 :** പരിഭാഷ (രാജേഷ്) :

കലാലൻ വിരിഞ്ചൻ, പിറന്നും മരിച്ചും
നിരാലംബനായിട്ടുഴന്നൂ രമേശൻ,
ഇരപ്പാളിയായ് ശംഭു, വർക്കൻ കറങ്ങും
കളിപ്പാട്ടമായ്, ക്കർമ്മമേ, നിന്റെയൂക്കാൽ!

## 3.1981 ബാലാർക്കായുതതേജസം ധൃതജടാ. . . (വിശ്വപ്രഭ)

ശാർദ്ദൂലവിക്രീഡിതം

ബാലാർക്കായുതതേജസം ധൃതജടാജൂടേന്ദുഖണ്ഡോജ്വലം
നാഗേന്ദ്രൈഃ കൃതഭൂഷണം ജപപടീം ശൂലം കപാലം കരൈഃ
ഖട്വാംഗം ദധതം ത്രിനേത്രവിലസത് പഞ്ചാനനം സുന്ദരം
വ്യാഘ്രത്വക്പരിധാനമബ്ജനിലയം ശ്രീനീലകണ്ഠം ഭജേ.

## 3.1982 ഖേദിയ്ക്കവേണ്ട മനമേ. . . (ജ്യോതി)

വസന്തതിലകം

ഖേദിയ്ക്കവേണ്ട മനമേ യുടലിൻ ക്ഷയത്തിൽ
മോദാനുകൂലമറിവൊന്നു മനസ്സിലാക്കൂ
പാദാപഘാതപതനക്ഷയവൃദ്ധിയെല്ലാം
ഭേദങ്ങളീ നിഴലിൽ—എന്തിനു നിൻവിഷാദം!

കവി : **ജ്യോതിർമയി**

## 3.1983 പാണിക്വണന്മണിഗണോജ്ജ്വല. . . (വിശ്വപ്രഭ)

വസന്തതിലകം

പാണിക്വണന്മണിഗണോജ്ജ്വലവേണുനാദം
മാണിക്യകുണ്ഡലമനോഹരഗണ്ഡഭാഗം
വൃന്ദാവനാന്തരവിഹാരരതം മുകുന്ദം
വന്ദാമഹേ മദനഗോപവിലാസവേഷം.

## 3.1984 വീതാശങ്കമഹോ. . . (ജീവി)

ശാർദ്ദൂലവിക്രീഡിതം

വീതാശങ്കമഹോ, വിനാശകരമാസ്സാമ്രാജ്യദുർമ്മോഹമാം
വേതാളത്തിനു രക്തതർപ്പണമനുഷ്ഠിക്കുന്ന രാഷ്ട്രങ്ങളേ,
സ്വാതന്ത്ര്യം ജലരേഖ—മർത്ത്യരെ വെറും ചെന്നായ്ക്കളാക്കാം, കുറെ
പ്രേതങ്ങൾക്കുഴറാം ജഗത്തിലിതിനോ നിങ്ങൾക്കു യുദ്ധഭ്രമം!! ...

കവി : **ചങ്ങമ്പുഴ**, കൃതി : *സ്പന്ദിക്കുന്ന അസ്ഥിമാടം*

## 3.1985 സദ്യശ്ഛിന്നശിരഃ. . . (വിശ്വപ്രഭ)

ശാർദ്ദൂലവിക്രീഡിതം

സദ്യശ്ഛിന്നശിരഃ കൃപാണമഭയം ഹസ്തൈർവ്വരം ബിഭ്രതീം
ഘോരാസ്യാം ശിരസാം സ്രജാ സുരുചിരാമുന്മുക്തകേശാവലീം
സൃക്യാസൃക്പ്രവഹാം ശ്മശാനനിലയാം ശ്രുത്യോഃ ശവാലംകൃതിം
ശ്യാമാംഗീം കൃതമേഖലാം ശവകരൈർദ്ദേവീം ഭജേ കാളികാം.

## 3.1986 സ്വന്തനിഷ്ഠയതിനായ്. . . (കർത്താ)

രഥോദ്ധത

സ്വന്തനിഷ്ഠയതിനായ് കുളിച്ചു നീർ—
ചിന്നുമീറനോടു പൊയ്കതൻ തടേ
ബന്ധുരാംഗരുചി ഭുവിനിന്നുഷ—
സ്സന്ധ്യപോലെയൊരു പാവനാംഗിയാൾ.

കവി : **കുമാരനാശാൻ**, കൃതി : *നളിനി*

### 3.1987 ബ്രഹ്മാണീ കമലേന്ദുസൗമ്യവദനാ. . . (വിശ്വപ്രഭ)

ശാർദ്ദൂലവിക്രീഡിതം

ബ്രഹ്മാണീ കമലേന്ദുസൗമ്യവദനാ മാഹേശ്വരീ ലീലയാ
കൗമാരീ രിപുദർപ്പനാശനകരീ, ചക്രായുധാ വൈഷ്ണവീ,
വാരാഹീ ഘനഘോരഘർഘരമുഖീ ദംഷ്ട്രീ ച വജ്രായുധാ,
ചാമുണ്ഡാ ഗണനാഥരുദ്രസഹിതാ രക്ഷന്തു മാം മാതരഃ

### 3.1988 വൻകാറ്റടിച്ചാഴി. . . (ജീവി)

ഇന്ദ്രവജ്ര

വൻകാറ്റടിച്ചാഴിയഴിഞ്ഞകന്നോ
ഹുങ്കാരിഭൃകമ്പമിയന്നയർന്നോ
മുൻകാലമീക്കേരളകൊങ്കണങ്ങൾ
മൺകാഴ്ചയായെന്നു ചിലർക്കു പക്ഷം.

കവി : **കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ**, കൃതി : *കേരളം*

### 3.1989 മദ്ധ്യാഹ്നാർക്കസമപ്രഭം. . . (വിശ്വപ്രഭ)

ശാർദ്ദൂലവിക്രീഡിതം

മദ്ധ്യാഹ്നാർക്കസമപ്രഭം ശശിധരം ഭീമാട്ടഹാസോജ്ജ്വലം
ത്ര്യക്ഷം പന്നഗഭൂഷണം ശിഖിശിഖാശ്മശ്രുസ്ഫുരന്മൂർദ്ധജം
ഹസ്താബ്ജൈസ്ത്രിശിഖം സമുദ്ഗരമസിം ശക്തിം ദധാനം വിഭും
ദംഷ്ട്രാഭീമചതുർമ്മുഖം പശുപതിം ദിവ്യാസ്ത്രരൂപം സ്മരേത്.

### 3.1990 ഹ്രസ്വം സുദീർഘം. . . (ജീവി)

ഇന്ദ്രവംശ/വംശസ്ഥം

ഹ്രസ്വം സുദീർഘം, പദസന്ധി, ബിന്ദുവും,
വിസർഗ്ഗമെന്നീ സ്വരഭിന്നരീതികൾ
മുഖത്തിൽനിന്നും മുഖമാർഗ്ഗമായ് നരൻ
പകർക്കിലേ നൽശരിയായ് വരൂ ദൃഢം.

കവി : **കുട്ടമത്ത് കുഞ്ഞികൃഷ്ണക്കുറുപ്പ്** , കൃതി : *കയ്യെഴുത്ത്*

### 3.1991 മുക്താഗൗരം നവമണിലസദ്. . . (വിശ്വപ്രഭ)

മന്ദാക്രാന്ത

മുക്താഗൗരം നവമണിലസദ്ഭൂഷണം ചന്ദ്രസംസ്ഥം
ഭൃംഗാകാരൈരളകനികരൈഃ ശോഭിവക്ത്രാരവിന്ദം
ഹസ്താബ്ജാഭ്യാം കനകചഷകം ശുദ്ധതോയാഭിപൂർണ്ണം
ദദ്ധ്യാന്നാഢ്യം കനകചഷകം ധാരയന്തം ഭജാമഃ.

### 3.1992 ഹാ, മൽക്കാന്തേ. . . (ഉമേഷ്)[268]

മന്ദാക്രാന്ത

ഹാ, മൽക്കാന്തേ, വിധിയൊടൊരുമിച്ചിന്നു നമ്മൾക്കു ദുഃഖ–

[268] [*ഉമേഷ്*] **ശ്ലോകം 3.1992 :** മൂലശ്ലോകം (**Omar Khayyam**):
Ah Love! could you and I with Him conspire
To grasp this sorry Scheme of Things entire,
Would not we shatter it to bits–and then
Re-mold it nearer to the Heart's Desire!

സ്തോമം തിങ്ങും പ്രകൃതിയെ നിയന്ത്രിക്കുവാനൊക്കുമെങ്കിൽ
കാമം ചീന്തിപ്പല കഷണമാക്കി പ്രപഞ്ചത്തെ, വീണ്ടും
നാമിച്ഛിക്കും വിധമതിനെയുണ്ടാക്കുവാൻ നോക്കുകില്ലേ?

കവി : **ഉമേഷ് നായർ / ഉമർ ഖയ്യാം**, കൃതി : *റുബായിയാത് പരിഭാഷ (1983)*

## 3.1993 കുംഭീന്ദ്രൻ പോയ് ത്രികൂടാചല. . . (വിശ്വപ്രഭ)

സ്രഗ്ദ്ധര

കുംഭീന്ദ്രൻ പോയ് ത്രികൂടാചലസരസി മുദാ പണ്ടഗസ്ത്യസ്യ ശാപാൽ
പിൻകാലിന്മേൽ കടിച്ചു മുതല കടിവിടാഞ്ഞായിരത്താണ്ടുഴന്നാൻ
അന്നേരം പോന്നു വന്നു മുരരിപു ഗരുഡാരൂഢനായ് ധ്യാനശക്ത്യാ
നക്രം ചക്രേണ കൊന്നക്കരിവരനഥ സായൂജ്യമേകീ മുകുന്ദൻ.

## 3.1994 ആമട്ടമാത്യനൃപർ. . . (കർത്താ)

വസന്തതിലകം

ആമട്ടമാത്യനൃപർ വാഴ്വതു കണ്ടുകണ്ട–
സ്സാമർത്ഥ്യമേറ്റമിയലും ഖലരെട്ടുവീടർ
ധീമങ്ങി, യേഷണി മുറയ്ക്കു തുടങ്ങി, തോതു–
പോമന്നു മായതുടരുന്നൊരരക്കർ പോലെ.

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

## 3.1995 ധ്യായേയം രത്നപീഠേ. . . (വിശ്വപ്രഭ)

ശാർദ്ദൂലവിക്രീഡിതം

ധ്യായേ∫യം രത്നപീഠേ ശുകകളപഠിതം ശൃണ്വതീം ശ്യാമളാംഗീം
ന്യസ്തൈകാംഘ്രീം സരോജേ ശശിശകലധരാം വല്ലകീം വാദയന്തീം
കല്ഹാരാബദ്ധമാലാം നിയമിതവിലസച്ചൂളികാം രക്തവസ്ത്രാം
മാതംഗീം ശംഖചക്രാം മധുമദവിവശാം ഹിത്രകോത്ഭാസിഫാലാം.

## 3.1996 കേയൂരാംഗദകങ്കണോത്തമ. . . (ഉമേഷ്)[269]

സ്രഗ്ദ്ധര

കേയൂരാംഗദകങ്കണോത്തമമഹാരത്നാംഗുലീയാങ്കിത–
ശ്രീമദ്ബാഹുചതുഷ്കസങ്ഗതഗദാശംഖാരിപങ്കേരുഹാം
കാഞ്ചിത് കാഞ്ചനകാഞ്ചിലാഞ്ഛിതലസത്പീതാംബരാലംബിനീ–
മാലംബേ വിമലാംബുജദ്യുതിപദാം മൂർത്തിം തവാർത്തിച്ഛിദം.

കവി: **മേൽപ്പത്തൂർ**, കൃതി: *നാരായണീയം*

## 3.1997 കായുന്നു കര, ളായിരം. . . (ജീവി)

ശാർദ്ദൂലവിക്രീഡിതം

കായുന്നു കര, ളായിരം ഭയമുയർന്നീടുന്ന മേ;കാലന്നൂർ–

---

[269] [*ഉമേഷ്*] **ശ്ലോകം 3.1996 :** പരിഭാഷ (സി. വി. വാസുദേവ ഭട്ടതിരി) :

പൊന്നിൻ തോൾവള, കങ്കണങ്ങൾ, വിരലിൽ പൊന്മോതിരക്കൂട്ടവും,
മിന്നും കൈകളിലുള്ള തണ്ടലർ, ഗദാശംഖങ്ങൾ, തൃച്ചക്രവും,
മിന്നൽച്ചാർത്തൊടിടഞ്ഞ ചേല തഴുകും പൊൻകാഞ്ചി, തണ്ടാർ തൊഴു–
ന്നന്യൂനം പദയുഗ്മവും ഗദമകന്നീടാൻ നിനയ്ക്കുന്ന ഞാൻ.

ക്കായിപ്പായുകയാണനത്യയരയം കാലാഹ്വയപ്പോർഹയം;
ആയുസ്സിന്നവസാനമാർക്കറിയുമി,ങ്ങാസന്നമാവാം;മുകിൽ–
ഛായാകോമള! നിന്നപാംഗമലിവിൽച്ചായേണമിയ്യേഴയിൽ.

കവി : **വി. കെ. ജി.**, കൃതി : *അവിൽപൊതി*

## 3.1998 അനിയതരുദിതസ്മിതം. . . (വിശ്വപ്രഭ)

പുഷ്പിതാഗ്ര

അനിയതരുദിതസ്മിതം വിരാജൽ–
കതിപയകോമളദന്തകുഡ്മളാഗ്രം
വദനകമലകം ശിശോഃ സ്മരാമി
സ്ഖലദസമഞ്ജസമുഗ്ദ്ധജൽപിതം തേ.

കവി : **ഭവഭൂതി** , കൃതി : *ഉത്തരരാമചരിതം*

## 3.1999 വികസദ്ഭുവനേ. . . (ജ്യോതി)[270]

വിയോഗിനി

വികസദ്ഭുവനേ മുഖോദരേ
നനു ഭൂയോ$\int$പി തഥാവിധാനനഃ
അനയാ സ്ഫുടമീക്ഷിതോ ഭവാൻ
അനവസ്ഥാം ജഗതാം ബതാതനോത്

കവി : **മേൽപ്പത്തൂർ**, കൃതി : *നാരായണീയം*

## 3.2000 അണ്ഡാന്തഃസ്ഥിതമായ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

അണ്ഡാന്തഃസ്ഥിതമായ ജീവകണമായുണ്ടായി, യാണ്ടൊന്നിനെ–
ക്കൊണ്ടന്യൂനമനന്തരൂപമതു കൈക്കൊണ്ടീശപര്യങ്കമായ്,
അണ്ടർക്കും കുതുകം വളർത്തി, വിരവിൽ തണ്ടാർമകൾക്കും കിട–
പ്പുണ്ടാക്കി, ത്തരുമീ സദസ്സു സുകൃതം രണ്ടായിരം നാവിനാൽ!

കവി : **ഉമേഷ് നായർ**

[270] *[ഉമേഷ്]* ശ്ലോകം **3.1999 :** പരിഭാഷ (സി. വി. വാസുദേവ ഭട്ടതിരി) :

ഉലകങ്ങൾ തെളിഞ്ഞ വായിൽ നീ
വിലസീ പിന്നഉപോലെ വീണ്ടുമേ;
പല മട്ടു തെളിച്ചു കാട്ടിയി–
ട്ടുലകെല്ലാമുടനേ മറച്ചു നീ.